# ദുൽഹജ്ജിലെ പുണ്യദിനങ്ങൾ

വിവർത്തനം
ഹംസ ജമാലി മണ്ണാർക്കാട്

# الأيام المباركة في ذي الحجة

قسم اللغة العربية في المكتب التعاوني للدعوة والإرشاد وتوعية الجاليات في محافظة المجمعة

ترجمة : حــمزةالجــمالي

مراجعة: سيد سعفر صادق ،
شاكر حسين صلاحي

إعداد :
المكتب التعاوني للدعوة والإرشاد
وتوعية الجاليات في محافظة المجمعة

شارع الملك فيصل – هاتف ٠٦/٤٣٢٣٩٤٩
فاكس ٠٦/٤٣١١٩٩٦ ص.ب ١٠٢ الرمز البريدي ١١٩٥٢
المملكة العربية السعودية

صف و اعداد للانترنت

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض

المملكة العربية السعودية

islamhouse.com

1429 - 2008

# മുഖവുര

بسم الله الرحمن الرحيم

الحمد الله وحده والصلاة السلام على من لا نبي بعده ، أما بعد:

സ്തുതി സർവ്വലോക പരി പാലകനായ അല്ലാഹുവിന്നാകു ന്നു.മുഹമ്മദ് നബിﷺക്കും കുടും ബത്തിന്നും അല്ലാഹുവിന്റെ കാ രുണ്യവും രക്ഷയും സദാ വർഷി ക്കുമാറാകട്ടെ! മാന്യവായനക്കാരാ, ‘ദുൽ ഹജ്ജിലെ പുണ്യദിനങ്ങൾ’ എ ന്ന പുസ്തകമാണ് നിങ്ങളുടെ കൈകളിൽ. ഹജ്ജ്മാസത്തിലെ ആദ്യത്തെ പത്തു ദിവസങ്ങളു ടേയും അയ്യാമുത്തശ്‌രീഖിന്റേ യും ശ്രേഷ്ടതകൾ വിവരിക്കു ന്ന ഈ കൃതി നിങ്ങൾക്ക് സമർ പ്പിക്കുന്നതിൽ സഊദി അറേബ്യ യിലെ മജ്മഃ ഇസ്‌ലാമിക് ഗൈഡ ൻസ് സെന്ററിന്റെ ഹൃദയം നിറ ഞ്ഞ സന്തോഷം അറിയി ക്കുന്നു.

പുണ്യകാലങ്ങൾ ഒന്നിനു പുറകെ മറ്റൊന്നായി വന്നു കൊ ണ്ടിരിക്കുന്നു. എന്നാൽ പുണ്യ ങ്ങൾ വാരിപ്പുണരുന്ന തിന് ശ്രേ ഷ്ടമായ ദിനങ്ങളിലൊന്നായി ക രുതപ്പെടുന്ന ഹജ്ജ് മാസത്തി ലെ ആദ്യഭാഗത്തെക്കുറിച്ച് അധി കമാളുകളും അറിയാത്തനിലയി ൽ ഓരോ വർഷവും അവ വന്നു പോയ്ക്കൊണ്ടിരിക്കുന്നു.

അതിനാൽഅവയുടെ ശ്രേ ഷ്ടതകളെക്കുറിച്ച് സമൂഹത്തെ ഉൽബുദ്ധരാക്കേണ്ടതുണ്ട് എന്ന തിന്റെ അടിസ്ഥാത്തിൽ സഊദി അറേബ്യയിലെ മജ്മഃ ഇസ്‌ലാമി ക് ഗൈഡൻസ് സെന്റർ തയാ റാക്കിയ അറബി കൃതിയുടെ മലയാള മൊഴിമാറ്റമാണിത്. ആശ യ ങ്ങൾ ചോർന്നു പോകാതിരി ക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. ആവശ്യമെന്ന് തോന്നിയ ചില സ്ഥലങ്ങളിൽ വിശദീകരണം ന ൽ കുകയും ചെയ്തിരിക്കുന്നു.

വിവർത്തനത്തിൽ കഴിയു ന്നത്ര സൂക്ഷ്മതയും അവധാന തയും പുലർത്തിയിട്ടുണ്ടെങ്കിലും പിഴവുകൾ വരാനുള്ള സാധ്യത തള്ളിക്കളയുന്നില്ല. നല്ലവരായ വാ യനക്കാർ ശ്രദ്ധയിൽപ്പെടുന്ന തെറ്റുകളുംഅപാകതകളുംചൂണ്ടികാണിക്കുകയും അഭിപ്രായ നിർ ദേശങ്ങൾ ഞങ്ങളെ അറിയിക്കു കയും ചെയ്യുമെന്ന് പ്രതീക്ഷി ക്കുന്നു.

ആയത്തുകളുടെ അവസാ നം നമ്പർ നൽകി കൊണ്ട് താഴെ അവയുടെ സൂറത്തുകളുടെ പേ രും ആയത്തുകളുടെ നമ്പറും കൊടുക്കുന്നതോടൊപ്പം സൗ കര്യാർത്ഥം ചില ഹദീസുകളു ടേയും മറ്റു ഉദ്ധരണികളുടേയും അവസാനത്തിൽ അവ ഉദ്ധരിച്ച ഗ്രന്ഥങ്ങളുടെ ചുരുക്കപ്പേരുക ളും കൊടുത്തിരിക്കുന്നു. സ്ഥല പരിമിതി മൂലം ആവശ്യാർത്ഥം താഴെ കാണുന്ന സൂചനാക്ഷര ങ്ങളാണ് ഉപയോഗിച്ചിരിക്കുന്ന ത്.

ഈ ഉപഹാരം മലയാളി കൾക്കായി സമർപിച്ച മജ്മഃയി ലെ ഇസ്ലാമിക് ഗൈഡൻസ് സെന്ററിനും ഇത് വിവർത്തനം ചെയ്യുന്നതിൽ എനിക്ക് നിർദേശ ങ്ങൾ നൽകിയ വന്ദ്യരായ ശക്കീർ ഹുസൈൻ സ്വലാഹി, അബ്ദുറശീദ് സ്വലാഹി എന്നീ പണ്ഡിതന്മാർക്ക് നന്ദി പ്രകാശി പ്പിക്കുന്നതോടൊപ്പം നമ്മുടെ സ ൽകർമ്മങ്ങൾ സർവ്വശക്തൻ സ്വീ കരിക്കുകയും അർഹമായ പ്രതി ഫലം നൽകുകയും ചെയ്യട്ടെ എ ന്ന പ്രാർത്ഥനയോടെ ഇത് അനു വാചകർക്കായി സമർപ്പിക്കുന്നു.

| | |
|---|---|
| ബു ബുഖാരി | സാ, മ സാദുൽ മആദ് |
| മു മുസ്‌ലിം | ഇ , ബ ഇബ്നു ഹിബ്ബാൻ |
| ദാ അബൂദാവൂദ് | ഇ , മ ഇബ്നു ഖുസൈമ |
| ന നസാഈ | ഇ , അ ഇബ്നു അബിദ്ദുൻയാ |
| തി തിർമുദി | അ , ബ അബൂശൈബഃ |
| ജ ഇബ്നുമാജ | അ, ജ അഹ്കാമുൽ ജനാഇസ് |
| മാ മുവത്വ മാലിക് | സ്വ , ദാ സ്വഹീഹു അബീദാവൂദ് |
| അ അഹ്മദ് | സ്വ , ന സ്വഹീഹു നസാഇ |
| ബ ബൈഹഖി | സ്വ , ത സ്വഹീഹു തിർമുദി |
| ത്വ ത്വബ്റാനി | സ്വ , ജ സ്വഹീഹു ഇബ്നു മാജഃ |
| മി ദാരിമി | സ്വ , ജാ സ്വഹീഹുൽ ജാമിഅ് |
| ഹാ ഹാകിം | സി , ഹ സിൽസില സ്വഹീഹഃ |
| ബ,സ ബസാർ | സി , ള സിൽസില ളഈഫഃ |
| ദാ,റ ദാറഖുത്വനി | സ്വ , ഗ സ്വഹീഹുത്തർഗീബ് |
| ഫ,ബ ത്ഹുൽബാരി | ഇ , ഥ ഇബ്നു കഥീർ |
| മുഹ മുഹല്ലാ ഇബ്നു ഹസ്മ് | ത , സ തഫ്സീർ സഅദീ |
| ഗ മുഗ്നി ഇബ്നു ഖുദാമ | ഫ , ത ഫതാവാ ഇബ്നു തൈമിയ |
| ഇ,ഗ ഇർവാഉൽ ഗലീൽ | ഫ, ഇ ഫതാവാ ഇസ്‌ലാമിയ (ശൈഖ്ഉസൈമീൻ) |
| ത,മി തമാമുൽ | ഫ, സ്വി |

| | |
|---|---|
| മിന്നഃ | ഫതാവാസിയാം (ഇബ്നു ബാസ്) |
| ഫി , സ്സു ഫിഖുഹു സ്സുന്ന | ശ,തി ശറഹുൽ മുംതിഅ് (ശൈഖ്ഉഥൈമീൻ) |

**ഹംസ ജമാലി മണ്ണാർക്കാട്**
**ഇസ്‌ലാമിക് ഗൈഡൻസ് സെൻ്റർ,**
**മജ്മഃ , സഊദി അറേബ്യ**

# സന്ദർഭങ്ങൾ ഉപയോഗപ്പെടുത്തുക

കൂടുതൽ ആദായങ്ങൾ നേടിയെടുത്ത് വിജയം കൈവ രിക്കുന്നതിനായി സുവർണ്ണാ വസരങ്ങൾ ഉപയോഗപ്പെടു ത്തുന്നവരാണ് ബുദ്ധിമാന്മാർ. എത്ര ബൗദ്ധിക ചിന്തകന്മാരും ഗവേഷകന്മാരുമാണ് ലാഭ ക്കൊയ്ത്തു കാലങ്ങളിൽ അ വരുടെ അദ്ധ്വാനത്തിനു പുറ കിൽ തങ്ങളുടെ സമ്പത്തി നേക്കാളോ അതിന്റെ പകുതി യേക്കാളോ അധികംവരാത്ത ലാഭം ലഭിക്കുന്നതിനായി നി ദ്രാ വിഹീനരായി രാപകലുക ൾ കഴിച്ചു കൂട്ടുന്നതായി നാം കാണുന്നു. പക്ഷെ ചിലപ്പോ ൾ അവർക്ക് നഷ്ടമുണ്ടാകു കയോ അല്ലെങ്കിൽ മുതൽ ന ഷ്ടപ്പെടുകയോ ചെയ്യാറുണ്ട്.

പരീക്ഷാകാലങ്ങളെ പഠി താക്കൾ എങ്ങനെയാണ് സ്വീ കരിക്കുന്നതെന്ന് ചിന്തിച്ചു നോക്കൂ. എന്തു മാത്രം അ ദ്ധ്വാനവും പ്രയത്നവുമാണ് അവർ അതിന് വേണ്ടി വ്യയം ചെയ്യാറുള്ളത്. തയ്യാറാകാറു ള്ളത്.? ശൈത്യ കാലത്തെയും ഉഷ്ണകാലത്തേയും, പെരു ന്നാളുകളിലേയും മറ്റു ഒഴിവു കാലങ്ങളേയുമെല്ലാം വ്യാപാരി കൾ എങ്ങനെയാണ് സ്വീകരി ക്കുന്നതെന്ന് നിരീക്ഷിച്ചു നോ ക്കൂ. യാതൊന്നും നഷ്ടപെടാ തിരിക്കാനായി അവർ പരിശ്ര മിക്കുന്നു.!! തൊഴിലധിപർ ലേ ല സമയങ്ങളിൽ ദർഘാസ് സമർപ്പിക്കുകയും കരാറുകളു റപ്പിക്കുകയും ചെയ്യുന്നതിന്നാ യി രാപകലുകൾ വ്യത്യാസമി ല്ലാതെ സൂക്ഷ്മമായ പരിശോ ധനകളും പലവിധ കൂടിയാ ലോചനകളും നടത്തുന്നത് ഓ ർത്തുനോക്കൂ.!! വസ്ത്ര വ്യാ പാരിയായ ഒരാൾ പെരുന്നാൾ സമാഗതമാകുമ്പോൾ തുണി ക്കടയടച്ച് ഉല്ലാസയാത്രക്ക് ത യ്യാറാകുമോ? അല്ലെങ്കിൽ പാ

ഠ്യോപകരണങ്ങൾ വിൽക്കുന്ന ഒരാൾ വിദ്യാരംഭത്തിന്റെ തൊ ട്ടുമുമ്പ് അയാളുടെ കടയടക്കു കയും, പിന്നീട് സ്കൂളുകൾ തുറന്ന് ആഴ്ചകൾക്ക് ശേഷം തുറക്കുകയും ചെയ്യുമോ?ഇവ രേയും അല്ലാത്തവരേയും കു റിച്ച് ആളുകളെന്ത് പറയും? ഇവർ സമ്പാദിക്കുന്ന യഥാർ ത്ഥ കച്ചവടക്കാരാണോ !!!

കച്ചവട സീസണുകളുടെ യും ഐഹിക ലാഭങ്ങളുടേ യും ഉദാഹരണങ്ങളാണിവയെ ല്ലാം. എന്നിരിക്കേ അല്ലാഹു വുമായുള്ള കച്ചവടത്തിലേർ പെടുന്നതിനെക്കുറിച്ച് എന്തു പറയുന്നു. പരമകാരുണ്യവാ ന്റെ പുണ്യദിനങ്ങളെ സ്വീകരി ക്കാനും പാപമോചനത്തിന്നും കാരുണ്യത്തിന്നും നരകമോച നത്തിന്നും എന്ത് തയ്യാറെടു പ്പാണുള്ളത്? അല്ലാഹുവിന്റെ അനുഗ്രഹീത നാളുകളുമായി എന്തു നിലപാടാണ് സ്വീകരി ക്കുക? !!

ആകയാൽ അല്ലാഹു തൃപ് തിപ്പെടുകയും, അവനിലേക്ക ടുപ്പിക്കുകയും , അവന്റെയടു ക്കൽ പദവികൾ ഉയർത്തപ്പെ ടുകയും ചെയ്യുന്ന സൽകർമ ങ്ങൾ അധികരിപ്പിച്ചുകൊണ്ട് അവരുടെ പ്രയത്നങ്ങളെ ഇര ട്ടിപ്പിക്കേണ്ടത് വിശ്വാസികൾ ക്ക് അനിവാര്യമാണ്.

# ദുൽഹജ്ജിലെ പത്തു ദിവസങ്ങൾ

## ഈ ദിവസങ്ങളുടെ ശ്രേഷ്ട തകൾ :

സജ്ജനങ്ങൾക്ക് സൽക ർമങ്ങൾ വർദ്ധിപ്പിക്കുന്നതിന്നാ യി വർഷത്തിൽ ആവർത്തിച്ച് വരുന്ന ദിവസങ്ങൾ നിശ്ച യിച്ചിരിക്കുന്നുവെന്നത് അല്ലാ ഹുവിന്റെ ഔദാര്യത്തിൽപ്പെട്ട താകുന്നു. ഈ പുണ്യ ദിനങ്ങ ളിൽ തങ്ങളുടെ ഉടമ സ്ഥനും രക്ഷിതാവുമായ അല്ലാഹുവി ലേക്കടുപ്പിക്കുന്നതായ കർമ്മ ങ്ങളിൽ അവർ മൽസരിക്കുക യും. അല്ലാഹു അവന്റെ അ നുഗ്രഹവും ഔദാര്യവും കൊ ണ്ട് അവരുടെ പ്രതിഫലം മ ഹത്തരമാക്കിക്കൊടുക്കുകയും ചെയ്യുന്നു. മനുഷ്യർ വന്നും പോയും കൊണ്ടിരിക്കുമ്പോ ൾ സൽകർമ്മങ്ങൾ അധികരി പ്പിക്കുന്നതിനായി നമ്മുടെ ആ യുഷ്കാലം നീട്ടിത്തന്നിരിക്കു ന്നുവെന്നതും അവൻ ചെയ്ത അനുഗ്രഹങ്ങളിൽപ്പെട്ടതുത ന്നെ.

മറ്റു സമുദായങ്ങളുടെ ആ യുസ്സിനേക്കാൾ വളരെ കുറ വാണ് മുഹമ്മദ് നബിﷺ യു ടെ സമുദായത്തിന്റെ ആയു സ്സ്. നബിﷺ പറഞ്ഞു :

( أعمار أمتي ما بين الستين إلى السبعين)١.

എന്റെ സമുദായത്തിന്റെ ആയുഷ്കാലം അറുപതിനും എഴുപതിനും ഇടക്കാകുന്നു. ( സ്വ ജ : 1073)

എന്നാൽ അല്ലാഹു അവ ന്റെ അനുഗ്രഹവും ഔദാര്യ വുംകൊണ്ട് കുറഞ്ഞ കാലയ ളവിൽ കൂടുതൽ കർമ്മങ്ങൾ ചെയ്യാനും അവ വർദ്ധിപ്പി ക്കാനും ഉതകും

---

١ رواه الترمذي وابن ماجة، وصححه الألباني في صحيح الجامع برقم ١٠٧٣

വിധം നമ്മു ടെ ആയുസ്സിനെ അനുഗ്രഹിച്ചു കൊണ്ടിരിക്കുന്നു. ഈ കർമ്മ ങ്ങൾ പ്രവർത്തിക്കുന്നത് മു ഖേന അവർ കൂടുതൽ കാലം ജീവിച്ചതിന് തുല്ല്യമാണ്. ഇ ത്തരം പുണ്യങ്ങളിൽ പെട്ടതാ ണ് ഇഹലോകത്തെ ദിവസ ങ്ങളിൽ ഏറ്റവും ഉത്തമമായ ദുൽഹജ്ജ് മാസത്തിലെ ആ ദ്യത്തെ പത്തു ദിവസങ്ങൾ. ന ബിﷺ അരുളി:

(أفضل أيام الدنيا أيام العشر)[٢]

ഇഹലോകത്തിലെ ദിവസ ങ്ങളിൽവെച്ച് ഏറ്റവും ശ്രേഷ് ടമായത് ദുൽഹജ്ജിലെ ആദ്യ ത്തെ പത്തു ദിവസങ്ങളാകു ന്നു. ( സ്വ ജ : 1144)

അപ്പോൾ അത് പൊതുവെ ഇഹലോകത്തിൽ വെച്ചുതന്നെ ഏറ്റവും ശ്രേഷ്ടമായ ദിവസ ങ്ങളാണ്. അതിലെ നിമിഷങ്ങ ളും, മണിക്കൂറുകളും ദിനങ്ങ ളുമെല്ലാം അല്ലാഹുവിലേക്ക് ഏറ്റവും പ്രിയപ്പെട്ടതാകുന്നു. അല്ലാഹു ഒരു കാര്യം സത്യം ചെയ്തു പറയുന്നുവെങ്കിൽ അവന്റടുക്കൽ അതിന്റെ പ്രാ ധാന്യവും മഹത്വവും അറിയി ക്കുന്നു. അല്ലാഹുപറയുന്നത് നോക്കൂ.

وَالْفَجْرِ وَلَيَالٍ عَشْرٍ)[٣]

പ്രഭാതം തന്നെയാണ സ ത്യം. പത്തു രാത്രികൾ തന്നെ യാണ സത്യം. ( ഫജ്ർ : 1–2 )

ഈ ദിവസങ്ങളിലാണ് അറഫാദിനം പ്രവാചകൻ അ റഫാദിനത്തെ ക്കുറിച്ച് ഇങ്ങ നെ അരുളി :

مَا مِنْ يَوْمٍ أَكْثَرَ مِنْ أَنْ يُعْتِقَ اللهُ فِيهِ عَبْدًا مِنْ النَّارِ مِنْ يَوْمِ عَرَفَةَ [٤]

---

[٢] رواه البزار وابن حبان وصححه الألباني رحمه الله في صحيح الجامع ١١٤٤

[٣] (الفجر :١- ٢ )

അറഫാ ദിവസത്തേക്കാൾ അല്ലാഹു തന്റെ ദാസന്മാരെ ന രകത്തിൽനിന്ന് മോചിപ്പിക്കു ന്ന മറ്റൊരു ദിവസവുമില്ല. (മു : 2402 )

ഈ പുണ്യദിനങ്ങളുടെ അവസാന നാളാകട്ടെ ബലി ദി നവും , ശേഷമുള്ള മിനായിൽ താമസിക്കുന്ന ദിവസവുമാകു ന്നു. പ്രവാചകൻ അരുളി :

أَعْظَمَ الْأَيَّامِ عِنْدَ اللهِ يَوْمُ النَّحْرِ ثُمَّ يَوْمُ الْقَرِّ ٥

അല്ലാഹുവിന്റെയടുക്കൽ ഏറ്റവും മഹത്തായ ദിവസങ്ങ ൾ ദുൽഹജ്ജ് 10 ബലിദിനവും പിന്നീട് അതിനു ശേഷമുള്ള മിനായിൽ താമസിക്കുന്ന ദിവസവുമാകുന്നു. ( ദ 1502 )

ഈ ദിവസങ്ങളിൽ ചെയ്യു ന്ന സൽകർമ്മങ്ങൾ വളരെ മ ഹത്തായ കാര്യം തന്നെയാകു ന്നു.

ഇബ്നുഅബ്ബാസ് ﵁ നിവേദ നം റസൂൽ ﷺ അരുളി:

ما من أيام العمل الصالح فيهن أحب إلى الله منه في هذه الأيام، قالوا : ولا الجهاد في سبيل الله!! قال ولا الجهاد في سبيل الله!! إلا رجل خرج بنفسه وماله، ولم يرجع من ذلك بشيء) ٦.

ഈ ( ദുൽഹജ്ജ് ) പത്തു ദിവസങ്ങളിൽ പുണ്യകർമ്മങ്ങ ൾ അനുഷ്ഠിക്കുന്നതിനേക്കാ ൾ അല്ലാഹുവിന് ഇഷ്ടപ്പെടു ന്ന മറ്റൊരു ദിവസത്തെ സൽ കർമ്മവുമില്ല. അവർ ചോദിച്ചു പ്രവാചകരെ, അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള യുദ്ധത്തേക്കാ ളുമോ?

---

٤ رواه صحيح مسلم – ٢٤٠٢-

٥ سنن أبي داود – (ج ٥ / ص ٩٤) ١٥٠٢ وحسَّنه الألباني رحمه الله ، المشكاة ٢/ ٨١٠

٦ رواه البخاري٩٦٩ ٢/ ٤٥٧ وغيره

അവിടുന്ന് പറഞ്ഞു അതെ. അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള യുദ്ധത്തേക്കാളും. എന്നാൽ ഒരാൾ സ്വശരീരവും സമ്പത്തുമായി പുറപ്പെടുക യും അവയിൽ നിന്ന് ഒന്നും അദ്ദേഹം തിരിച്ചു കൊണ്ടു വ രാതെ രക്തസാക്ഷിയാവുക യും ചെയ്താലല്ലാതെ.

( ബുഖാരി : 969 )

വിശ്വാസത്തിന് ശേഷം കർമ്മങ്ങളിൽ വെച്ച് ഏറ്റവും ശ്രേഷ്ടമായത് അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള സായുധസമര മാകുന്നു വെന്നത് അറിയപ്പെട്ട കാര്യമാണ്. അബൂഹുറൈറ ﵁ വിൽ നിന്ന് നിവേദനം : നിശ്ച യം ഒരാൾ നബിﷺ യോട് ചോ ദിച്ചു കർമ്മങ്ങളിൽ ഏറ്റവും ശ്രേഷ്ടമാത് ഏതാകുന്നു.? തിരുമേനിﷺ അരുളി അല്ലാ ഹുവിലും അല്ലാഹുവിന്റെ പ്ര വാചകനിലുമുള്ള വിശ്വാസമാ കുന്നു. അദ്ദേഹം വീണ്ടും ചോ ദിച്ചു പിന്നീട് ഏതാകുന്നു.? പ്ര വാചകനരുളി: അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ധർമ്മ സമരം. അയാൾ വീണ്ടും ചോദിച്ചു പി ന്നീട് ഏതാകുന്നു.? തിരുമേനി അരുളി സ്വീകാര്യമായ ഹജ്ജ്. ( ബു:1447 )

ഈ പ്രമാണങ്ങളിൽ നിന്നും ദുൽഹജ്ജിലെ ആദ്യ ത്തെ പത്തു ദിവസങ്ങളിലെ കർമ്മങ്ങൾ മറ്റു ദിവസങ്ങളി ലെ കർമ്മങ്ങളേക്കാൾ അല്ലാ ഹുവിന്റെയടുക്കൽ ഏറ്റവും പ്രിയമുള്ളതും ശ്രേഷ്ടമായതു മാകുന്നു എന്നറിയിക്കുന്നു.

എന്തുമാത്രം ശ്രേഷ്ടമാ ണീ ദിനങ്ങൾ പുണ്യങ്ങൾ വാ രിക്കൂട്ടാൻ എത്ര നല്ല അവസ രം നൻമകളെ സമന്വയിപ്പി ക്കാൻ പറ്റിയ എത്ര നല്ല വാ തായനം.

അല്ലാഹുവിലുള്ള വി ശ്വാസവും കൃത്യസമയത്തു ള്ള നമസ്കാരവും കഴിഞ്ഞാ ൽ പിന്നെ അല്ലാഹുവിന്റെ

മാർഗ്ഗത്തിലുള്ള ധർമ്മസമര മാ ണ് ഏറ്റവും പുണ്യമായ കർ മ്മം. എന്നാൽ ദുൽഹജ്ജിലെ ആദ്യത്തെ പത്തു ദിവസങ്ങ ളിലാണെങ്കിൽ ആ ധർമ്മ സമ രത്തേക്കാൾ പുണ്യമായതാ ണ് അതിലെ സൽകർമ്മങ്ങ ൾ. നന്മകളിൽ മൽസരിക്കുന്ന വർക്കായി തുറക്കപ്പെടുന്ന എ ത്രയോ മഹത്തായ പുണ്യദി നങ്ങൾ. ഇതിനെ അവഗണി ക്കുന്നവനേക്കാൾ വലിയ നഷ് ടക്കാർ ആരുണ്ട് ?

ആകയാൽ ഇതിൽ അല സത കാണിക്കുന്നതും പുണ്യ കർമ്മങ്ങൾ പിന്തിപ്പിക്കുന്നതും സൂക്ഷിക്കേണ്ടതാകുന്നു. നബി ﷺ യിൽ നിന്നും സ്വഹീഹായി റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീസ് ശ്രദ്ധിക്കുക. തിരുമേ നി അരുളി:

(التؤدة في كل شيء خير إلا في عمل الآخرة)[٧]

പരലോകത്തിനുള്ള കർമ്മ ങ്ങളൊഴിച്ച് എല്ലാ കാര്യങ്ങളി ലും താമസിപ്പിക്കൽ നന്മയാ ണ്. ( ദ : 4810 )

പരലോകവുമായി ബന്ധ പ്പെട്ട കാര്യങ്ങളിൽ മൽസരി ക്കുകയും പെട്ടെന്ന് ചെയ്തു തീർക്കുകയും ചെയ്യേണ്ടതാ കുന്നു. അല്ലാഹു പറയുന്നതു നോക്കൂ.

وَفِي ذَلِكَ فَلْيَتَنَافَسِ الْمُتَنَافِسُونَ) (المطففين : ٢٦)

കിടമൽസരം നടത്തു ന്നവർ അതിൽ കിടമൽസരം നടത്തട്ടെ. ( മുത്വഫ്ഫിഫീൻ :26)

(فَاسْتَبِقُوا الْخَيْرَاتِ) (البقرة : ١٤٨).

എന്നാൽ നിങ്ങൾ ചെ യ്യേണ്ടത് സൽപ്രവർത്തന ങ്ങ ൾക്കായി മുന്നോട്ടു വരികയാ ണ്. ( അൽബഖറഃ 148)

അതുകൊണ്ടുതന്നെ ദുൽ ഹജ്ജ് ആദ്യത്തെ പത്തു

---

[٧] رواه أبو داوود (٤٨١٠) و الحاكم في مستدركه ١/ ٦٤، وصححه الألباني في صحيح الجامع برقم ٣٠٠٩

ദിവ സങ്ങൾ സമാഗതമായാൽ താ ബിഉകളിൽ പ്രമുഖനായ സ ഈദുബ്നു ജുബൈർ(ﷺ) പ രമാവധി നന്മകൾ കരസ്ഥമാ ക്കാൻ പരിശ്രമിക്കുമായിരു ന്നു.[8](മി1828 )

അപ്രകാരം ദുൽഹജ്ജി ലെ ആദ്യത്തെ പത്തു രാത്രിക ളിൽ നിങ്ങൾ വിളക്കുകൾ അണക്കരുതെന്ന് അദ്ദേഹം പറ ഞ്ഞതായി ഉദ്ധരിക്കപ്പെട്ടിരി ക്കുന്നു.[9]

ഇങ്ങനെ പരലോകനേട്ടം ലഭിക്കുന്ന കാര്യത്തിൽ സഹാ ബികൾ അഹമഹമികയാമു ന്നോട്ടു വന്നിരുന്നതായി കാ ണാം.

## എന്തു കൊണ്ട് ഇത്രയും മഹത്വങ്ങൾ ?

ബുഖാരിയുടെ വ്യാ ഖ്യാതാവായ ഹാഫിളു ബ്നു ഹജർ ﷺ പറയുന്നു : ദുൽഹ ജ്ജ് മാസത്തിലെ ആദ്യത്തെ പത്തു ദിവസങ്ങൾ പ്രത്യേക മാകാനുള്ള കാരണമായി പ്രക ടമാകുന്നത് നമസ്കാരം , നോ മ്പ്, ധർമ്മം , ഹജ്ജ് തുടങ്ങി യ ഇസ്ലാമിലെ എല്ലാ അടി സ്ഥാന ആരാധനകളും ഇതിൽ ഒരുമിച്ച് കൂടുന്നുവെന്നതാകു ന്നു. മറ്റു സമയങ്ങളിലൊ ന്നും അവ ഇപ്രകാരം ഒരുമിച്ചു കൂടുന്നില്ല. (ഫ ബ :2/460) [10]

ഇബ്നു ഖുദാമ ﷺ പറയു കയുണ്ടായി : ദുൽഹജ്ജിലെ പത്തു ദിവസങ്ങൾ എന്തു കൊണ്ടും

---

٨ كان سعيد بن جبير – رحمه الله –إذا دخلت العشر اجتهد اجتهاداً حتى ما يكاد يقدر عليه رواه الدارمي ١٨٢٨

٩ لا تطفئوا سرجكم ليالي العشر". سير أعلام النبلاء – (ج ٤ / ص ٣٢٦)

١٠ قال الحافظ ابن حجر رحمه الله : والذي يظهر أنَّ السبب في امتياز عشر ذي الحجة لمكان اجتماع أمهات العبادة فيه ، وهي : الصلاة ، والصيام، والصدقة، والحج، ولا يأتي ذلك في غيره فتح الباري ٢ /٤٦٠

ശ്രേഷ്ടവും ഉൽകൃ ഷ്ടവുമാകുന്നു. അതിൽ ചെ യ്യുന്ന സൽകമ്മങ്ങളുടെ പ്രതി ഫലം ഇരട്ടിപ്പിക്കുന്നതും അന്ന് ഇബാദത്തുകളിൽ കൂടുതൽ പ്രയത്നിക്കൽ സുന്നത്തുമാക ുന്നു.( ഗു 4/443 )

അവസാനമായി : അറിയു ക ഈ അനുഗ്രഹീത നാളുക ളിൽ സൽകർമ്മങ്ങൾ ചെയ്യു ന്നതിൽ താൽപര്യം കാണിക്കു ന്നത് യഥാർത്ഥത്തിൽ നന്മയി ൽ ധൃതികാണിക്കലും ഭക്തി യുടെ അടയാളവുമാകുന്നു. അല്ലാഹു പറയുന്നു:

ذَلِكَ وَمَنْ يُعَظِّمْ شَعَائِرَ اللَّهِ فَإِنَّهَا مِنْ تَقْوَى الْقُلُوبِ (الحج:٣٢)

അത് വല്ലവനും അല്ലാഹു വിന്റെ മതചിഹ്നങ്ങളെ ആദരി ക്കുന്ന പക്ഷം തീർച്ചയായും അത് ഹൃദയങ്ങളിലെ ധർമ്മ നിഷ്ഠയിൽ നിന്നുണ്ടാകുന്ന തത്രെ. ( ഹജ്ജ് : 32 )

(لَنْ يَنَالَ اللَّهَ لُحُومُهَا وَلا دِمَاؤُهَا وَلَكِنْ يَنَالُهُ التَّقْوَى مِنْكُمْ )(الحج:٣٧).

അവയുടെ മാംസങ്ങളോ രക്തങ്ങളോ അല്ലാഹു വിങ്കൽ എത്തുന്നതേയില്ല. എന്നാൽ നിങ്ങളുടെ ധർമ്മ നിഷ്ഠയാണ് അവങ്കൽ എത്തുന്നത്. (ഹജ്ജ് : 37)

ആയതിനാൽ കൂടുതൽ സൽകർമ്മങ്ങൾ തെരഞ്ഞെടു ത്തുകൊണ്ട് ഈ പുണ്യദിന ങ്ങളെ ഉപയോഗപ്പെടുത്താൻ തീരുമാനിച്ചവർക്ക് മംഗളാശം സകൾ.

ഈ ദിനങ്ങളിൽ നാം പു ണ്യകർമ്മങ്ങൾ കൊണ്ടും സത്വാക്കുകൾ കൊണ്ടും സ ജീവമാക്കുന്നതിൽ അതീവ ഉൽസുകരായിരിക്കൽ അനി വാര്യമാകുന്നു. അങ്ങനെ വല്ല കാര്യത്തിലും ഒരാൾ തീരുമാന മെടുക്കുന്നുവെങ്കിൽ ആ പ്ര വർത്തി പൂർത്തിയാക്കുന്നതി ന് അല്ലാഹു അവനെ സഹാ യിക്കുന്നതുമാകുന്നു.

അല്ലാഹു പറയുന്നു :

وَالَّذِيْنَ جَاهَدُوْا فِيْنَا لَنَهْدِيَنَّهُمْ سُبُلَنَا (العنكبوت: ٦٩)

നമ്മുടെ മാർഗ്ഗത്തിൽ സമര ത്തിൽ ഏർപ്പെട്ടവരാരോ, അവ രെ നമ്മുടെ വഴികളിലേക്ക് നാം നയിക്കുകതന്നെ ചെയ്യു ന്നതാണ്. ( അൻകബൂത്ത് 69 )

## എന്തിന് അലസതകാണിക്കണം ?

എന്തുകൊണ്ട് റമദാനിന്റെ രാപകലുകളുടെ ആത്മീയത എല്ലാവരും അനുഭവിക്കുന്നു. അതിന്റെ പകലിൽ അല്ലാഹു വിന്റെ പ്രീതിക്കുവേണ്ടി നോമ്പെടുക്കുകയും ഖുർആൻ പാ രായണം ചെയ്യുകയും കഴി യുന്നത്ര ദാനധർമ്മങ്ങൾ ചെ യ്യുകയും ചെയ്യുന്നു. എന്നാ ൽ ദുൽഹജ്ജിലെ ആദ്യത്തെ പത്തു ദിനങ്ങളിൽ ചെയ്യുന്ന കർമ്മങ്ങൾ വർഷത്തിലെ മറ്റു ദിവസങ്ങളിൽ ചെയ്യുന്ന കർമ്മ ങ്ങളേക്കാൾ അല്ലാഹു വിന്ന് ഏറ്റവും പ്രിയമുള്ളതാ യിട്ടും അധികമാളുകളും ഇത് ചെയ്യു ന്നില്ല എന്ന് ഒരുപക്ഷെ നാമി വിടെ പരസ്പരം ചോദി ക്കാൻ നിർബന്ധിതരായേക്കാം .

ഈ ദിവസങ്ങളുടെ ശ്രേ ഷ്ടതയെക്കുറിച്ചുള്ള അറിവി ല്ലായ്മയാണ് ഇതിനൊരു കാര ണമെന്ന് നാം വിശ്വസിക്കുന്നു. വാസ്തവത്തിൽ ജനങ്ങൾ പഠിച്ച് വമ്പിച്ച നേട്ടവും സ്വാ ധീനവുമായി പുറത്തുവരേണ്ട ഒരു വിദ്യാലയമാണ് ഈ പുണ്യദിനങ്ങളെന്ന് അധികമാകളും അറിയാതെ പോകുന്നു. അതുമുഖേന ജീ വിതത്തിലുണ്ടാകുന്ന മാറ്റം ഹൃദയത്തിൽ നന്മയുടെ ഫലം കായ്ക്കുകയും അവയവങ്ങൾ സൽകർമ്മങ്ങളിൽ നിരതനാ കാൻ സഹായകമാവുകയും ചെയ്യുന്നു.

നമ്മുടെ ഇന്നലെയേക്കാൾ ഇന്നിനേയും ഇന്നിനേക്കാൾ നാളെയും ഉത്തമമായിരിക്കാ നുമായി ഈ പുണ്യദിനങ്ങ ളുടെ ഓരോ രാപകലുകളിലും ആത്മാവുകളെ സംസ്കരിക്കു ന്നതും, ഹൃദയങ്ങളെ നന്നാ ക്കുന്നതുമായ കർമങ്ങളെ ക്കൊണ്ട് ഫലപ്രദമാക്കേണ്ടത് അനിവാര്യമാകുന്നു. എന്തു കൊണ്ടെന്നാൽ മനസ്സുകളിൽ കറപിടിക്കുമ്പോൾ

അതിനെ സ്ഫുടം ചെയ്യേണ്ടതും. അത് ബലഹീനമാകുമ്പോൾ അതിന് ശക്തിപകരേണ്ടും ആവശ്യമാ ണ്. അത് പിഴച്ചു പോകുമ്പോ ൾ നേരായ മാർഗ്ഗത്തിൽ നിറു ത്തേണ്ടതുണ്ട്. ന്യൂനതകളും പിഴവുകളും സംഭവിക്കുമ്പോ ൾ അവ നികത്തേണ്ടതിനായി ശ്രമിക്കേണ്ടതുണ്ട്. ജീവിതത്തി ലനുഭവപ്പെടുന്ന കഷ്ടതകളി ൽനിന്ന് ധന്യതനേടാനായി അതിന് ഉണർവ് പകരേണ്ടതു മാണ്. അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ് ﵁ നിവേദനം നബി ﷺ പറഞ്ഞു :

إن الإيمان لَيَخْلَقُ في جوف أحدكم كما يخلق الثوب الخلِق فاسألوا الله تعالى أن يجدد الإيمان في قلوبكم". (١١)

വസ്ത്രം ദ്രവിക്കുന്നത് പോലെ നിങ്ങളുടെ ഓരോരു ത്തരുടുടേയും ഹൃദയങ്ങളിൽ ഈമാൻ ദ്രവിക്കുന്നതാണ്. അതിനാൽ നിങ്ങളുടെ ഹൃദയ ങ്ങളിൽ ഈമാൻ പുതുക്കിക്കി ട്ടാൻ നിങ്ങൾ അല്ലാഹുവി നോട് ചോദിക്കുക. ( സ്വ ജ : 1590)

അതിനാൽ ഹൃദയങ്ങ ളിൽ സംഭവിക്കുന്ന വിശ്വാസ ദൗർബ്ബല്യത്തിൽ നിന്നും ഹൃദ യത്തെ സംസ്കരിക്കുന്നതിന് ഈ ദിനങ്ങളെ ഫലപ്രദമാക്കേ ണ്ടതാണ്. അതുവഴി മനസ്സ് പുതിയതും കൂടുതൽ പ്രവർ ത്തിക്കുന്നതും കാര്യക്ഷമത യുള്ളതും ക്ഷമിക്കുന്നതുമാ യി മാറുന്നതാണ്. അല്ലാത്ത പക്ഷം ഒരു കവി പാടിയ പോ ലെയായി മാറിയേക്കാം.

النفس كالطفل إن تهمله شب على    حب الرضاع وإن تفطمه ينفطم

മനസ്സ് ഒരു ശിശുവിനെ പോലെയാകുന്നു. അതിനെ വിട്ടേക്കുന്നപക്ഷം മുലകുടി യെ ഇഷ്ടപ്പെട്ടു കൊണ്ട്

(١١) رواه الطبراني والحاكم في المستدرك ١/٤٥، وصححه الألباني في صحيح الجامع برقم ١٥٩٠

തന്നെ അവൻ യൗവന ദശ പ്രാപിക്കും. മുലകുടി നിറുത്തു കയാണെങ്കിലോ അത് നിർ ത്തുകയും ചെയ്യും.

ദേഹേച്ഛകളാണ് പല പ്പോഴും നമ്മെ അപഥ സഞ്ചാ രത്തിലേക്ക് നയിക്കുന്നത്. ദേ ഹേച്ഛകൾക്ക് കടിഞ്ഞാണിടാ ൻ ഒരു വിശ്വാസിക്ക് സാധി ക്കണം.

അല്ലാഹു പറയുന്നു :

ഏതൊരുവൻ തന്റെ ര ക്ഷിതാവിന്റെ സ്ഥാനത്തെ ഭയ പ്പെടുകയും മനസ്സിനെ തന്നി ഷ്ടത്തിൽ നിന്ന് വിലക്കി നി ർത്തുകയും ചെയ്തുവോ സ്വ ർഗം തന്നെയാണ് സങ്കേതം. ( നാസിആത്: 40,41)

## ഏറ്റവും ശ്രേഷ്ടമായതേത്?

റമദാനിലെ അവസാന ത്തെ പത്താണോ അതോ ദു ൽഹജ്ജിലെ ആദ്യത്തെ പ ത്താണോ കൂടുതൽ ശ്രേഷ് ടമായത്? എന്ന ചോദ്യത്തിന് ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ ﷺ ഉത്തരം നൽകിയ തിങ്ങനെയാണ്.

" أيام عشر ذي الحجة أفضل من أيام العشر من رمضان، والليالي العشر الأواخر من رمضان أفضل من ليالي عشر ذي الحجة" ١٢.

ദുൽഹജ്ജിലെ (ആദ്യ ത്തെ) പത്തു പകലുകൾ റമദാനിലെ (അവസാനത്തെ) പത്തു പകലുകളേക്കാൾ ശ്രേ ഷ്ടവും, റമദാനിലെ അവസാ നത്തെ പത്തു രാവുകൾ ദു ൽഹജ്ജിലെ ( ആദ്യത്തെ ) പ ത്തു രാവുകളേക്കാൾ ശ്രേഷ്ട വുമാണ്. ( ഫ തി : 25/287)

ഇതിനനുബന്ധമായി ഇ മാം ഇബ്നുൽഖയ്യിം ﷺ പറയു കയുണ്ടായി : വിശിഷ്ടനാ യൊരു ബുദ്ധിമാൻ ഈ മറുപടി ചിന്തിക്കുകയാണെങ്കി ൽ മതിയായതും തൃപ്തികര വുമായ മറുപടിയായി കണ്ടെ ത്താൻ കഴിയുന്നതാണ്. കാര ണം ദുൽഹജ്ജിലെ (ആദ്യ ത്തെ) പത്തു ദിവസങ്ങളിൽ ചെയ്യുന്ന കർമ്മങ്ങളേക്കാൾ അല്ലാഹുവിന്ന് ഏറ്റവും പ്രിയ പ്പെട്ട മറ്റൊരു ദിവസങ്ങളിലെ കർമ്മങ്ങളുമില്ല. അറഫാദിനം, ബലിദിനം, ഹജ്ജിന് പുറപ്പെ ടുന്ന ദിവസമായ (ദുൽഹജ്ജ് എട്ട്) എന്നീ ദിവസങ്ങൾ ഈ ദുൽഹജ്ജിന്റെ പത്തുദിനങ്ങ ളിൽപ്പെടുന്നു. എന്നാൽ റമദാ നിന്റെ അവസാനത്തെ പത്തു രാവുകൾ നബിﷺ ചെയ്തിരു ന്നത് പോലെ അതു മുഴുവനും ഇബാദത്തുകളാൽ സജീവമാ ക്കുന്നതിനുള്ളതാകുന്നു. അതി ൽ ആയിരം

---

[١٢] مجموع الفتاوى ٢٥/ ٢٨٧

മാസങ്ങളേക്കാൾ ശ്രേഷ്ടമായ ഒരു രാവുണ്ട് (ലൈലത്തുൽ ഖദ്ർ) ഇതല്ലാ ത്ത വല്ല വ്യാഖ്യാനവും ആ രെങ്കിലും നൽകുന്നുവെങ്കിൽ ശരിയായ തെളിവ് ഹാജരാ ക്കാൻ സാധിക്കുകയില്ല. (സാ,മ 1/75)

എന്നാൽ നന്മകൾ നി റഞ്ഞ രണ്ടു കാര്യങ്ങളിൽ ഒ ന്നിന് ശ്രേഷ്ടത കൽപിക്കു ന്നത് മറ്റേതിന്റെ ശ്രേഷ്ടതക്ക് കുറവു വരുത്തുന്നില്ല. എന്ന് നാം ഗ്രഹിക്കേണ്ടിയിരിക്കു ന്നു. പ്രത്യുത ഓരോന്നിന്റേ യും അദ്ധ്വാനവും പരിശ്രമവു മനുസരിച്ചായിരിക്കും ശ്രേഷ് ടത കണക്കാക്കുന്നത്

الله أعلم.

# ദുൽഹജ്ജ് പത്തിലെ കൃത്യങ്ങൾ

**1) വ്രതം :-**

വ്രതം സൽകർമ്മങ്ങളിൽ പ്പെട്ടതാണ് മാത്രമല്ല അത് സ ൽകർമ്മങ്ങളിൽ ഏറ്റവും ശ്രേ ഷ്ടമായതുമാണ്. ആകയാൽ മുസ്ലിംകൾ ദുൽഹജ്ജിലെ ഒ മ്പതു നാളുകളിൽ നോമ്പെടു ക്കേണ്ടതാകുന്നു. കാരണം പ്ര വാചകൻﷺ ഈ ദിവസങ്ങളി ൽ സൽകർമ്മങ്ങൾ അധികരി പ്പിക്കാൻ പ്രേരിപ്പിച്ചിരിക്കുന്നു . നബി ﷺ ദുൽ ഹജ്ജിലെ ഒ മ്പതു ദിവസങ്ങളിൽ നോമ്പെ ടുക്കുമായിരുന്നു. ഹുനൈദബ്നു ഖാലിദ് ﵁ വി ന്റെ പത്നി പ്രവാചകന്റെ ഒരു പത്നിയിൽ നിന്ന് നിവേദനം ചെയ്യുന്നു അവർ പറഞ്ഞു:

أَنَّ رَسُولَ اللَّهِ ﷺ كَانَ يَصُومُ تِسْعًا مِنْ ذِي الْحِجَّةِ وَيَوْمَ عَاشُورَاءَ وَثَلَاثَةَ أَيَّامٍ مِنْ كُلِّ شَهْرٍ أَوَّلَ اثْنَيْنِ مِنَ الشَّهْرِ وَخَمِيسَيْنِ [١٣]

നിശ്ചയം റസൂൽ ﷺ ദുൽഹജ്ജിലെ ഒമ്പതു ദിവസ ങ്ങളിലും, ആശൂറാഉ (മുഹ ർറം 10) നും , എല്ലാ മാസത്തി ൽനിന്നും ആദ്യത്തെ തിങ്കളാ ഴ്ചയും രണ്ടു വ്യാഴായ്ചയും എന്നിങ്ങനെ മൂന്ന് ദിവസവും നോമ്പെടുക്കുമായിരുന്നു. ( ന 2374, ദ 2081 )

ഒമ്പതു ദിവസങ്ങൾ മുഴു വൻ നോമ്പെടുക്കാൻ സാധി ച്ചില്ലെങ്കിൽ ഒന്നിടവിട്ടോ അ ല്ലെങ്കിൽ തിങ്കൾ, വ്യാഴം ദിവ സങ്ങളിലെങ്കിലും വ്രതമെ ടു ക്കുക. അബ്ദുല്ലാഹിബ്നു ഉമ ർ ﵁ ഉം, മുജാഹിദ് ﵁ തുട ങ്ങിയവർ ഈ വ്രതമനുഷ്ഠി ച്ചിരുന്നു. മാത്രമല്ല ഭൂരിപക്ഷം പണ്ഡിതന്മാരും ഈ നാളുക ളിൽ

[١٣] أخرجه النسائي ٢٣٧٤ /٤ ٢٠٥ وأبو داود ٢٠٨١ ١٠٢/٧ انظر صحيح أبي داود للألباني ٢٣٧٢ ٤٦٢/٢.

നോമ്പെടുക്കണമെന്ന അ ഭിപ്രയക്കാരാകുന്നു.

ചുരുക്കത്തിൽ ദുൽഹജ്ജി ലെ ഒമ്പതു നോമ്പുകൾ സുന്ന ത്താണെന്നാണ് ആകത്തുക. ദുൽഹജ്ജിലെ നോമ്പിനെക്കു റിച്ച് ഇമാം നവവി ﷺ പറയു ന്നു:

بَلْ هِيَ مُسْتَحَبَّة اِسْتِحْبَابًا شَدِيدًا لَا سِيَّمَا التَّاسِع مِنْهَا ١٤

മറിച്ച് (ഈ ദിവസങ്ങളിൽ നോമ്പെടുക്കൽ) ശക്തമായ സുന്നത്താകുന്നു. പ്രത്യേകിച്ച് അതിലെ ഒമ്പതിന് ( ശ മു : 4/209 )

**2) ദിക്റ് ചൊല്ലൽ :-**

ഈ ദിനങ്ങളിൽ ദിക്റുകൾ ചൊല്ലുന്നത് മറ്റു ദിവസങ്ങളി ൽ ചൊല്ലുന്നതിനേക്കാൾ ശ്രേ ഷ്ടമാകുന്നു.

അല്ലാഹു പറയുന്നു : (وَيَذْكُرُوا اسْمَ اللَّهِ فِي أَيَّامٍ مَعْلُومَات

(الحج: ٢٨)

നിശ്ചിത ദിവസങ്ങളിൽ അവന്റെ നാമം ഉച്ചരിക്കുന്ന തിനും വേണ്ടിയത്രെ അത്.
( ഹജ്ജ് : 28 )

നിശ്ചിത ദിവസങ്ങൾ കൊ ണ്ട് ഉദ്ദേശിക്കപ്പെടുന്നത് ദുൽ ഹജ്ജ് പത്തു ദിവസങ്ങളാ ണെന്നാണ് ഭൂരിപക്ഷം പ ണ്ഡിതന്മാരുടേയും അഭിപ്രാ യം. ഈ പുണ്യദിനങ്ങളിൽ ദി ക്റുകളും, സ്തുതികീർത്തന ങ്ങളും, പ്രകീർത്തനങ്ങളും അധികരിപ്പിക്കൽ അല്ലാഹു വിന്റെ ചിഹ്നങ്ങളിൽപ്പെട്ടതാ കുന്നു. തക്ബീർ ചൊല്ലൽ അവയിൽ പ്രധാനമായതത്രെ. അതിനാൽ ഈ മഹത്തായ ദിവസങ്ങളിൽ തക്ബീറുകൾ കൂടുതൽ

---

١٤ شرح النووي على مسلم – (ج ٤ / ص ٢٠٩)

അധികരിപ്പിക്കേണ്ട താകുന്നു. ഈ അനുഗ്രഹീത ദിവസങ്ങളുടെ ആഗമനത്തോ ടെ രാവിലേയും വൈകുന്നേര വും പള്ളികളിലും വീടുകളി ലും വാഹനങ്ങളിലും, ജോലി സ്ഥലങ്ങളിലും എന്നല്ല അല്ലാ ഹുവിനെ ഓർക്കൽ അനുവദ നീയമായ എല്ലായിടത്തും ഇത് ഉറക്കെ ചൊല്ലുക.

## തക്ബീറുകൾ രണ്ടു വിധം

**ഒന്ന്:**( مطلق ) ഉപാധിയി ല്ലാത്തത്. ഇത് ദുൽഹജ്ജിന്റെ ആരംഭം മുതൽ അയ്യാമുത്ത ശ്‌രീഖിന്റെ അവസാനത്തെ ദി വസം (ദുൽഹജ്ജ്13 ന്)സൂര്യ ൻ അസ്തമിക്കുന്നതുവരെയാ കുന്നു. ഇബ്നു ഉമർ ﷺ ഈ നാളുകളിൽ മിനായിൽ തക് ബീറുകൾ ചൊല്ലിയിരുന്നു. അ പ്രകാരം ഇബ്നുഉമർ ﷺവും അബൂഹുറൈറ ﷺവും ഈ ദിവസങ്ങ ളിൽ അങ്ങാടിയിൽ തക്ബീറുകൾ ചൊല്ലുകയും ജനങ്ങൾ അത് ഏറ്റു ചൊല്ലു കയും ചെയ്യുമായിരുന്നു. ( ഫ ബാ 2/531 )

**രണ്ട്:** ( مقيد നിർണിതമാ യത്. ഫറദ് നമസ്കാര ങ്ങൾ ക്ക് ശേഷം ചൊല്ലുന്നതാണി ത്. അറഫാ ദിനത്തിന്റെ സുബ് ഹി നമസ്കാരം മുതൽ അയ്യാ മു ത്തശ്‌രീഖിന്റെ അവസാന ദിവസം (ദുൽഹജ്ജ് 13ന്) വരേയാകുന്നു ഇത്.[15] ന മസ്കാര ശേഷം ഇതു ചൊ ല്ലാൻ മറന്നു പോയാൽ പി ന്നീട് ഓർമ്മവരുന്ന സന്ദർഭ ത്തിൽ നിർവ്വഹി ക്കണമെന്നു പോലും ചില പണ്ഡിതന്മാർ രേഖപ്പെടുത്തുന്നുവെന്നത് അ തിന്റെ മഹത്വത്തെ കുറിക്കു ന്നു.

ശൈഖ് ഇബ്നുബാസ് ﷺ പറയുന്നു : പണ്ഡിതന്മാരുടെ ശരിയായ അഭിപ്രായത്തിൽ അഞ്ചുദിവസങ്ങളിൽ മുകളിൽ സൂചിപ്പിച്ച രണ്ട് തക്ബീറുക ളും ചേർന്നുവരുന്നുവെന്ന് ഇ തിൽനിന്നും

---

١٥ إرواء الغليل – ( ٣ / ١٢٥) وقد صح عن علي ﷺ : " أنه كان يكبر بعد صلاة الفجر يوم عرفة إلى صلاة العصر من آخر أيام التشريق ويكبر بعد العصر " . رواه ابن أبي شيبة ( ٢ / ١ / ٢ ) من طريقين أحدهما جيد . ومن هذا الوجه رواه البيهقي ( ٣ / ٣١٤ ) . ثم روى مثله عن ابن عباس . وسنده صحيح ./ فتح الباري لابن رجب – (ج ٧ / ص ٥٧) فأما علي ، فكان يكبر من صبح يوم عرفة إلى العصر من آخر أيام التشريق .

വ്യക്തമാകുന്നു. അവ അറഫാദിനം, ബലി ദിനം, അയ്യാമുത്തശ്രീഖിന്റെ ദിനങ്ങൾ (ദുൽഹജ്ജ് 11,12,13) എന്നീ ദിവസങ്ങളുമാണ്. എ ന്നാൽ ദുൽഹജ്ജ് 8 ഉം അതി ന്റെ മുമ്പുള്ള ദുൽഹജ്ജിലെ ആദ്യ ദിവസങ്ങളിലും തക് ബീർ ചൊല്ലൽ ഉപാധിയില്ലാ ത്ത (مطلق) ആകുന്നു. നിർണി തമായതി ( مقيد ) ൽപെട്ടതല്ല.[16]

**തക്ബീറുകളുടെ രൂപങ്ങൾ** ഇബ്നുമസ്ഊദ്ﷺ ഇപ്രകാരം തക്ബീർ ചൊല്ലിയിരുന്നു.

أَللهُ أَكْبَرْ أَللهُ أَكْبَرْ لاَ إِلَهَ إِلاَّ اللهُ وَاللهُ

أَكْبَرْ أَللهُ أَكْبَرْ، وَللهِ الْحَمْد.

'' അല്ലാഹു അക്ബർ അല്ലാ ഹു അക്ബർ ലാഇലാഹ ഇല്ല ല്ലാഹു വല്ലാഹു അക്ബർ അ ല്ലാഹു അക്ബർ വലില്ലാ ഹിൽ ഹംദ് '' ( അല്ലാഹു വലിയവ നാകുന്നു. അല്ലാഹു ഏറ്റവും വലിയവനാകുന്നു. അല്ലാഹു വല്ലാതെ മറ്റൊരു ആരാധ്യനി ല്ല. അല്ലാഹു ഏറ്റവും വലിയ വൻ തന്നെ. അല്ലാഹു ഏറ്റവും വലിയവൻ തന്നെയാകുന്നു. അല്ലാഹുവി ന്നാകുന്നു സർവ്വ സ്തുതി യും.)

കൂടാതെ ഈ തക്ബീറുകളും ചൊല്ലാവുന്നതാണ്,

أَللهُ أَكْبَرْ كَبِيرًا أَللهُ أَكْبَرْ كَبِيرًا أَللهُ أَكْبَرْ

وَأَجل أَللهُ أَكْبَرْ وَللهِ الْحَمْد. أَللهُ أَكْبَرْ أَللهُ أَكْبَرْ أَللهُ أَكْبَرْ لاَ إِلَهَ إِلاَّ اللهُ وَاللهُ

أَكْبَرْ

[١٦] مجموع فتاوى ومقالات متنوعة ١٣/ ١٨

أَللهُ أَكْبَرْ، وَللهِ الْحَمْد ١٧

അല്ലാഹുവിനുള്ള അനു സരണത്തോടും സന്തോഷ പ്ര കടനമായും പള്ളികളിലും പാ ർപ്പിടങ്ങളിലും അങ്ങാടികളി ലും വഴിയോരങ്ങളിലും പട്ട ണങ്ങളിലുമെല്ലാം ഈ പ്രകീർ ത്തനം പുരുഷന്മാർ ഉച്ചത്തിൽ ചൊല്ലേണ്ടതാണ്. പക്ഷെ ഒരാ ൾ ചൊല്ലിക്കൊടുക്കുകയും മറ്റുള്ളവർ ഒരേ സ്വരത്തിൽ ഏറ്റുചൊല്ലുകയും ചെയ്യുന്നതിന് തെളിവില്ലാത്തതിനാൽ പാടി ല്ലാത്തതാകുന്നു. എന്നാൽ സ് ത്രീകൾ പതുക്കേയാണ് തക് ബീറുകൾ ചൊല്ലേണ്ടത്. കാര ണം ഉമ്മുഅത്വിയ്യയുടെ ഹദീ സിൽ സ്ത്രീകൾ മുസ്ലിംക ളുടെ പ്രാർത്ഥനയിലും മറ്റു ന ന്മയിലും പങ്കുകൊള്ളുവാനും ജനങ്ങളുടെ പുറകിൽ അവർ ക്കൊപ്പം തക്ബീർ മുഴക്കുക യും ചെയ്യുവാനും നിർദ്ദേശി ച്ചിരിക്കുന്നു.

തക്ബീർ ചൊല്ലൽ ഇന്ന് നാം കൈവെടിഞ്ഞ സുന്നത്തു കളുടെ കൂട്ടത്തിലാണുള്ളത്. പലരും തക്ബീർ ചൊല്ലുന്ന തൊരു കുറവായി കാണുന്നു വെന്ന് സംശയിക്കേണ്ടിയിരി ക്കുന്നു. അനവസരത്തിലും മ റ്റും തക്ബീർ ചൊല്ലുകയും തദ്വിഷയമായി മൽസരിക്കുക യും ചെയ്യുന്ന നമ്മുടെ സമൂ ഹം പ്രവാചകൻ ചര്യയാക്കിയ സമയങ്ങളിലും കാലങ്ങളിലും തക്ബീർ ചൊല്ലാൻ മുന്നിട്ടു വന്ന് നബിചര്യ ജീവിപ്പിക്കണ മെന്ന് പ്രത്യേകം ഉണർത്തു ന്നു. പ്രത്യേകിച്ച് ദുൽഹജ്ജ് പത്തിലെ തക്ബീറുകൾ വള രെ വിരളമായി മാത്രമാണിന്ന് നാം കേൾക്കുന്നത്. അതിനാ ൽ അറിയാത്തവർക്കും അശ്ര ദ്ധർക്കും ഓർമിക്കാനായി നാം തക്ബീറുകൾ ഉറക്കെ ചൊല്ലി ഈ സുന്നത്തിനെ

١٧ في الإرواء ١٢٥/٣ .و فتاوى ابن تيمية ٢٤/ ٢٢٠

ജീവുസ്സുറ്റ താകേണ്ടതാകുന്നു.

## 3)ഹജ്ജും ഉംറയും നിർവ്വ ഹിക്കുക.

ഈ പത്തുനാളുകളിൽ ചെയ്യുന്ന കർമ്മങ്ങളിൽ ഏറ്റ വും ഉത്തമമായതാണിവ. കഴി വുള്ളവന് കഅ്ബത്തിങ്കൽ പോയി ഹജ്ജ് ചെയ്യൽ നിർ ബന്ധമാണ്. താമസിപ്പിക്കാതെ പെട്ടെന്നുതന്നെ അത് നിർവ്വ ഹിക്കേണ്ടതുമാകുന്നു. കാരണമില്ലാതെ അത് താമസി പ്പിക്കുകയാണെങ്കിൽ അവൻ കുറ്റക്കാരനാകുന്നു.

നബി ﷺ പറയുകയുണ്ടായി :

تعجلوا إلى الحج، فإنَّ أحدكم لا يدري ما يعرض له".[١٨]

നിങ്ങൾ കഴിയുംവേഗം ഹജ്ജ് ചെയ്യുക. അവിചാരി തമായി തനിക്കെന്ത് സംഭവി ക്കുമെന്ന് നിങ്ങളിൽ ആർക്കും അറിഞ്ഞുകൂടാ. (അ 2386)

മുമ്പ് ഹജ്ജ് ചെയ്ത ഒരാ ൾക്ക് വീണ്ടും അത് നിർവ്വ ഹിക്കാൻ കഴിവുണ്ടെങ്കിൽ അ ത് അല്ലാഹുവിലേക്കടുക്കുന്ന ഏറ്റവും നല്ല ഒരു പുണ്യകർമ്മ മാകുന്നു. എന്നാൽ എല്ലാ വർ ഷവും ഹജ്ജ് ചെയ്യൽ ഒരു ച ര്യയാക്കിയ ചിലരെക്കാണാം. സമൂഹത്തിലെ അശരണനും, ആലംഭഹീനരും, അഗതിക ളും പ്രാഥമികാവശ്യങ്ങൾ ക്ക് പോലും ബുദ്ധിമുട്ടുന്ന സാഹ ചര്യത്തിൽ പൊതുഖജനാവി ലെ പണമുപയോഗിച്ചും മറ്റും നാം ചെയ്യുന്ന ഹജ്ജും ഉംറയും എത്രമാത്രം സ്വീകാര്യ മാകുമെന്ന് മനസ്സിരുത്തി ആ ലോചിക്കുന്നത് നന്നായി രി ക്കും. ഞാൻ ഇത്ര ഹജ്ജ് ചെ യ്തു എന്ന് പൊങ്ങച്ചപൂർവ്വം പറയുകയും

---

[١٨] رواه أحمد ٢٨٦٩ ج١/ ٣١٤ وحسَّنه الألباني رحمه الله في الإرواء ٩٩٠ ج ٤، ١٦٨

ഹാജി എന്ന് വി ളിച്ചില്ലെങ്കിൽ കോപിക്കുക യും ചെയ്യുന്നവരും നമുക്കിട യിലുണ്ടെന്ന കാര്യം പ്രത്യേ കം സ്മർത്തവ്യമാകുന്നു. പ്രക ടന പരതയും ലോക മാന്യത യും ഇല്ലാതിരിക്കുക എന്നതാ ണ് ആരാധനയുടെ കഴമ്പ്. അല്ലാഹു കാത്തുരക്ഷിക്കട്ടെ.

ഇസ്ലാമിന്റെ പഞ്ചസ്തംഭ ങ്ങളിൽ ഒന്നാണ് ഹജ്ജ്

ഇബ്നു ഉമർ ﷺ നിവേദനം അദ്ദേഹം പറഞ്ഞു നബി ﷺ പറയുകയുണ്ടായി : ഇസ്ലാം അഞ്ച് കാര്യങ്ങളിന്മേൽ സ്ഥാ പിതമായിരിക്കുന്നു. അല്ലാഹു വല്ലാതെ യാതൊരു ആരാധ്യ നില്ലെന്നും മുഹമ്മദ് ﷺ അല്ലാ ഹുവിന്റെ ദൂതനുമാണെന്നും സാക്ഷ്യം വഹിക്കൽ , നമസ് കാരം മുറപ്രകാരം നിലനിർ ത്തൽ, സകാത്ത് നൽകൽ, റമദാൻ മാസത്തിൽ നോമ്പനു ഷ്ഠിക്കൽ, കഅ്ബയിലേക്കു ള്ള തീർത്ഥാടനം. ( ബു 7 മു 20 )

കഴിവുള്ള മുസ്ലിമിന്റെ ജീവിതത്തിൽ ഒരിക്കൽ മാത്രം നിർബന്ധമാകുന്നതാണ് ഹജ്ജ്.
അല്ലാഹു പറയുന്നു :

وَللهِّ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلاً وَمَن كَفَرَ فَإِنَّ الله غَنِيٌّ عَنِ الْعَالَمِينَ {٩٧}

ആ മന്ദിരത്തിൽ എത്തി ച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് ഹജ്ജ് തീർത്ഥാട നം നടത്തൽ അവർക്ക് അല്ലാ ഹുവോടുള്ള ബാദ്ധ്യതയാകു ന്നു. വല്ലവനും അവിശ്വസി ക്കുന്നപക്ഷം അല്ലാഹു ലോക രുടെ ആശ്രയം ഇല്ലാത്ത വനാ കുന്നു. (ആലുഇംറാൻ:97)

മേൽ പറഞ്ഞ അഞ്ചു സ് തംഭങ്ങൾ പൂർത്തിയാകാതെ ഇസ്ലാം ദീൻ പൂർത്തിയാകു ന്നില്ല. പണ്ഡിതന്മാരുടെ ശരി യായ അഭിപ്രായ പ്രകാരം ഹി ജ്റയുടെ 9 – ാം വർഷമാണ് ഹജ്ജ് നിർബന്ധമാകുന്നത്.

ഹിജ്റയുടെ പത്താം വർഷം നബി ﷺ ഹജ്ജ് ചെയ്യുകയും ചെയ്തു. വിടവാങ്ങൽ ഹജ്ജാ യിരുന്നു അത്. അവിടുന്ന് പ്രവാചകത്വത്തിന് ശേഷം ഇത ല്ലാതെ വേറൊരു ഹജ്ജ് ചെയ് തിട്ടില്ല. പിന്നീട് തിരുമേനി ﷺ ഹിജ്റ പതിനൊന്നാം വർഷം ഇഹലോകവാസം വെടിയുക യും ചെയ്തു.

ഹജ്ജ് കർമ്മത്തിന്റെ മഹ ത്വങ്ങളിൽപെട്ടതാണ് ഇബ്നു ഉമർ رضي الله عنه റിപ്പോർട്ട് ചെയ്യുന്ന ഹദീസ് അദ്ദേഹം പറയുക യുണ്ടായി നബിﷺ പറഞ്ഞു: പവിത്രഭവനത്തെ (കഅ്ബ യെ) ലക്ഷ്യമാക്കികൊണ്ട് നി ന്റെ വീട്ടിൽനിന്ന് പുറപ്പെടു ന്നത് നിന്റെ വാഹനത്തിന്റെ ഓരോ ചുവടുകൾക്കും അല്ലാ ഹു നിനക്ക് ഒരു നന്മ രേഖപ്പെടുത്തുകയും ഒരു തി ന്മയെ മായ്ചുകളയുകയും ചെയ്യുന്നു. നീ അറഫയിൽ നിൽക്കു മ്പോൾ അല്ലാഹു ഒന്നാനാകാശത്തേക്ക് ഇറങ്ങി വരികയും മലക്കുകളോട് അഭി മാനപൂർവ്വം ഇങ്ങനെ പറയു കയും ചെയ്യും ഇവർ എന്റെ അടിമകളാകുന്നു. പൊടിപുര ണ്ട ശരീരവും ജട പിടിച്ച തല യുമായി എന്റെ അനുഗ്രഹം ആഗ്രഹിച്ചു കൊണ്ടും എന്റെ ശിക്ഷയെ ഭയന്നു കൊണ്ടും വിദൂരമായ സകല മലമ്പാത കൾ താണ്ടി എന്റെയടുക്കൽ വന്നിരിക്കുന്നു. അവരാകട്ടെ എന്നെ കണ്ടിട്ടില്ലതാനും ഇനി അവരെന്നെ കാണുമ്പോഴുള്ള അവസ്ഥ എന്തായിരിക്കും? ആ കയാൽ മണൽകൂമ്പാരം കണ ക്കയോ ദുനിയാവിലെ മുഴു ദിവസങ്ങളുടെയത്രെയോ മഴ ത്തുള്ളി കണക്കേയോ നിനക്ക് പാപമുണ്ടെങ്കിൽ അല്ലാഹു നി ന്നിൽനിന്നും കഴുകിക്കളഞ്ഞി രിക്കുന്നു. ഇനി നീ ജംറയിൽ എറിയുന്നതാകട്ടെ നിന്റെ പര ലോകത്തിലേക്കുള്ള നിക്ഷേ പമാകുന്നു. നീ തല മുണ്ഡനം ചെയ്യുന്നതാകട്ടെ നിന്റെ ഓരോ മുടി

വീഴുന്നതിനും ഓരോ പാപവും കൊഴി ഞ്ഞുവീഴുന്നു. നീ കഅ്ബയെ പ്രദക്ഷിണം ചെയ്യുമ്പോൾ നിന്റെ മാതാവ് നിന്നെ പ്രസ വിച്ച ദിവസം പോലെ പാപ ത്തിൽനിന്ന് നീ മോചിതനാവു കയും ചെയ്യുന്നു.(സ്വ ജ 1360 )

പ്രവാചകൻ ﷺ യുടെ ഈ വചനങ്ങളിൽ വളരെ പെട്ടെന്ന് ഹജ്ജ് നിർവ്വഹിക്കുവാനും ആത്മാവിനെ പാപങ്ങളിൽ നി ന്ന് കഴുകിക്കളയാനും പ്രേരി പ്പിക്കുന്നു. കാരണം മനുഷ്യൻ ഇഹ ലോകത്തുനിന്ന് ഏത് സമയത്താണ് വിടപറയേണ്ടി വരികയെന്ന് അറിയുകയില്ല. ഹജ്ജ് എണ്ണപ്പെട്ട ദിവസങ്ങ ളാണ്. ഈ നാളുകളിൽ വല്ല വനും തന്റെ രക്ഷിതാവിന്റെ വിളിക്കുത്തരം നൽകാൻ കഴി ഞ്ഞിട്ടും അതിനു മുതിരുന്നി ല്ലെങ്കിൽ അവനാണ് നന്മകൾ തടുക്കപ്പെട്ട ദൗർഭാഗ്യവാൻ. ഇവിടെ പ്രവാചകൻ ﷺ യുടെ ഒരു വചനം കാ ണുക

(والحج المبرور ليس له جزاء إلاَّ الجنة)

പുണ്യകരമായ ഹജ്ജിന് സ്വ ർഗ്ഗമല്ലാതെ പ്രതിഫലമില്ല. (ബു 1773 മു 1349)

(من حج فلم يرفث ولم يفسق رجع كيوم ولدته أمه)

ഒരാൾ സ്ത്രീ പുരുഷ സം സർഗ്ഗത്തിൽ നിന്നും ദുഷ്‌വൃ ത്തിയിൽ നിന്നും വിട്ടു നിന്ന് അല്ലാഹുവിന്റെ പ്രീതി ആഗ്ര ഹിച്ചു കൊണ്ട് ഹജ്ജ് ചെ യ്താൽ തന്റെ മാതാവ് തന്നെ പ്രസവിച്ച ദിവസത്തെ പോലെ പാപരഹിതനായിട്ടായിരി ക്കും അയാൾ മടങ്ങുന്നത്. (ബുഖാരി 1521, മുസ്‌ലിം 1349)

ജാബിറുബ്നു സൈദ് رضي الله عنه പറയുകയുണ്ടായി: പുണ്യ കർ മ്മങ്ങളെക്കുറിച്ച് ഞാൻ ആ ലോചിച്ചു നോക്കുകയു ണ്ടാ യി അപ്പോൾ നമസ്കാരം ശരീരത്തിന് അദ്ധ്വാനം

നൽകു ന്നു. ധനത്തിൽ ചിലവു വരു ത്തുന്നില്ല. വ്രതവും അപ്ര കാ രം തന്നെയാണ്. എന്നാൽ ഹ ജ്ജ് ശരീരത്തിനും ധനത്തി നും ക്ഷീണം വരുത്തുന്നു. അ ങ്ങിനെ ഹജ്ജ് അതിനേ ക്കാ ളെല്ലാം ശ്രേഷ്ടമായി എനിക്ക് കാണാൻ കഴിഞ്ഞു .[19]

ഇത്രയും മഹത്തായ ഈ കർമ്മം ചെയ്യാൻ അകാരണ മായി താമസിപ്പിക്കുന്നത് കുറ്റ ക രമായ അനാസ്ഥയാണെ ന്ന് പറയാതിരിക്കാൻ നിർ വ്വാഹമില്ല. ''നാളെ താൻ എ ന്താണ് പ്രവർത്തിക്കുക എന്ന് ഒരാളും അറിയുകയില്ല. താൻ ഏത് നാട്ടിൽ വെച്ചാണ് രമി ക്കുക എന്നും ഒരാളും അിറ യുന്നില്ല.'' ചിലരെങ്കിലും തെറ്റു ദ്ധരിച്ചത് പോലെ പ്രായമായി ക്ഷീണിതനായ സമയത്ത് ചെ യ്യേണ്ട കർമ്മമല്ല ഹജ്ജ്. ആ രോഗ്യവാനായിരിക്കുമ്പോൾ ചെയ്യാനാണ് ശ്രമിക്കേണ്ടത്.

---

[19] الحلية لأبي نعيم ٣/ ٨٧

## 4)നമസ്കാരങ്ങൾ സൂക്ഷ്മതയോടെ നിർവ്വഹിക്കുക.

കർമ്മങ്ങളിൽ അതി പ്രധാ നവും മഹത്തായതും ഏറ്റവും കൂടുതൽ ശ്രേഷ്ടതയുമുള്ള താണ് നമസ്കാരം. എല്ലാ യ്പ്പോഴും ഇത് നിർവ്വഹിക്കേ ണ്ടതും അതിൽ താൽപ ര്യമുണ്ടാകുകയും ചെയ്യേണ്ട തുതന്നെയാണെങ്കിലും ദുൽ ഹജ്ജിലെ ആദ്യത്തെ പത്തു ദിവസങ്ങളിൽ ഇതിൽ കൂടുത ൽ താൽപര്യം കാണിക്കേ ണ്ടതാകുന്നു. നമസ്കാരങ്ങ ൾ സൂക്ഷ്മതയോടെ നിർവ്വ ഹിക്കുന്നതിന് ചില നിർദ്ദേ ങ്ങൾ

(എ) നമസ്കാരത്തിന്റെ വാജി ബുകളും സുന്നത്തുകളും റുകൂഉകളും സുജൂദുകളുമെ ല്ലാം യഥാക്രമം ശരിയാം വണ്ണം പൂർണ്ണമായ രീതിയിൽ നിർവ്വഹിക്കുക.

(ബി) ബാങ്കുവിളി കേട്ടയുട നെത്തന്നെ വേഗത്തിൽ പള്ളി യുടെ ഉദ്യാനത്തിലെ ഒന്നാം നിരയിലേക്ക് പോകുക.

(സി) നമസ്കാരങ്ങളുടെ മു മ്പും പിമ്പുമുള്ള സുന്നത്തു നമസ്കാരങ്ങൾ നിർവ്വഹി ക്കുക.

നബി ﷺ പറഞ്ഞു :

ഒരാൾ ദിവസവും (ഐച്ഛി കമായ) പന്ത്രണ്ട് റക്അത്ത് നമസ്കാരങ്ങൾ നിർവ്വഹിക്കു ന്നുവെങ്കിൽ സ്വർഗത്തിൽ അ വന്നൊരു ഭവനം നിർമ്മിക്ക പ്പെടുന്നതാണ്. ദുഹ്റിനു മുമ്പ് നാല് ശേഷം രണ്ട്, മഗ്രിബിന് ശേഷം രണ്ട്, ഇശാ നമസ്കാര ശേഷം രണ്ട്, സു ബ്ഹി നമ സ്കാരത്തിന്മുമ്പ് രണ്ട് എ ന്നിങ്ങനെയാണവ. (തി :380)[20]

---

٢٠ رواه الترمذي ٣٨٠ وصححه الألباني في صحيح الجامع برقم ٦٣٦٢

അപ്രകാരം അസറിന്ന് മുമ്പ് നാല് റകഅത്തുകൾ നമസ്കരിക്കുക. ഇബ്നു ഉമർ ﷺ നിവേദനം നബി ﷺഅരുളി :

رَحِمَ اللهُ امْرَأً صَلَّى قَبْلَ الْعَصْرِ أَرْبَعًا [21]

അസറിനുമുമ്പ് നാലു റക അത്ത് നമസ്കരിച്ചവനെ അല്ലാഹു അനുഗ്രഹിക്കട്ടെ. (തി:395) അതു പോലെത്തന്നെയാണ് മഗ്‌രിബിന്ന് മുമ്പ്
രണ്ട് റകഅത്തുകളും നിർവ്വ ഹിക്കേണ്ടതാകുന്നു. നബി ﷺ അരുളി:

صلوا قبل المغرب ركعتين صلوا قبل

المغرب ركعتين لمن شاء . [22]

നിങ്ങൾ മഗ്‌രിബിന് മുമ്പ് രണ്ട് റക്അത്ത് നമസ്കരിക്കു ക. നിങ്ങളിൽ ഉദ്ദേശിച്ചവൻ മഗ്‌രിബിന് മുമ്പ് രണ്ട് റക അത്ത് നമസ്കരിക്കുക ( സ്വ ജ 2791 )

بَيْنَ كُلِّ أَذَانَيْنِ صَلَاةٌ بَيْنَ كُلِّ أَذَانَيْنِ صَلَاةٌ ثُمَّ قَالَ فِي الثَّالِثَةِ لِمَنْ شَاءَ البخاري

٥٩١ –

ഫർദ് നമസ്കാരങ്ങളുടെ മുമ്പും പിമ്പുമുള്ള റവാതിബു സുന്നത്തു നമസ്കാരങ്ങളെ പ്പോലെ ഇത് മഹത്തരമല്ലെ ങ്കിലും ഉദ്ദേശിക്കുന്നവർക്ക് ഇത് നിർവ്വഹിക്കേണ്ടതിന്നാ യി പള്ളികളിൽ സമയം അനുവദിക്കേണ്ടതാകുന്നു. ഹദീ സിൽ സ്പഷ്ടമായ ഈ

---

٢١ سنن الترمذي ٣٩٥ - (ج ٢ / ص ٢١٩) وحسنه الألباني أنظر صحيح أبي داود للألباني ١٢٧١(ج ٣ / ص ٢٧١

٢٢ صحيح وضعيف الجامع الصغير - (ج ١٥ / ص ٤٦١) تحقيق الألباني( صحيح ) انظر حديث رقم : ٣٧٩١ في صحيح الجامع .

സുന്നത്ത് നമസ്കരിക്കാനുള്ള സമയം അനുവദിക്കാതിരിക്കുന്നവർ പ്രവാചകന്റെ സുന്നത്തിനോട് കാണിക്കുന്ന കടുത്ത അവഗണനയാ ണെന്ന് പറയേണ്ടി വന്നതിൽ ഖേദിക്കുന്നു.

(ഡി) ഐഛിക നമസ്കാര ങ്ങൾ വർദ്ദിപ്പിക്കുക. ഥൗബാൻ ﷺ നിവേദനം നബി ﷺ പറ ഞ്ഞു :

"عليك بكثرة السجود فإنك لن تسجد لله سجدة، إلاَّ رفعك الله بها درجة وحط بك عنها خطيئة"[٢٣].

നീ സുജൂദുകൾ (ഐച്ഛിക നമസ്കാരങ്ങൾ ) കൂടുതൽ അധികരിപ്പിക്കുക. കാരണം നീ ചെയ്യുന്ന ഓരോ സുജൂദി നും അല്ലാഹു ഓരോ പദവി ഉയർത്തുകയും ഓരോ പാപം മായ്ച്ചുകളയുകയും ചെയ്തിട്ടല്ലാതെയില്ല. (മു 488 )

(ഇ) നമസ്കാര ശേഷം പള്ളിയിൽ നിന്ന് പുറത്തു പോകാൻ ധൃതി കാണിക്കാതെ അവിടെത്തന്നെ ഇരിക്കുക.

(എഫ്) രാത്രി നമസ്കാരം പൂർണ്ണമായും സൂക്ഷ്മതയോടെ നിർവ്വഹിക്കുക. അത് പ്ര വാചകൻ സ്ഥിരമായി നമസ്കരിച്ചത് പോലെ പതിനൊന്ന് റക്അത്തായി ത്തന്നെ നിർവ്വ ഹിക്കുക. പ്രവാചകൻ (സ) ഉറക്കം കാരണമോ മറ്റോ രാ ത്രി നമസ്കാരം നഷ്ടപ്പെ ടുക യാണെങ്കിൽ ദുഹാ സമയത്ത് അത് നിർവ്വഹിച്ചിരുന്നു.

ആയി ശ ﷺ നിവേദനം :

أن النبي كان إذا فاتته الصلاة من الليل من وجع أو غيره صلى من النهار

---

٢٣ مسلم برقم ٤٨٨

اثنتي عشرة ركعة٢٤

നബി ﷺ വേദനയോ മറ്റോ കാരണം രാത്രി നമസ്കാരം നഷ്ടപ്പെടുകയാണെങ്കിൽ പക ലിൽ പന്ത്രണ്ട് റകഅത്ത് നമസ്കരിക്കു മായിരുന്നു. (മു 746 )

(ജി) സുബ്ഹി നമസ്കാര ശേഷം സൂര്യനുദിക്കുന്നത് വ രെ അല്ലാഹുവിനെ സ്മരിച്ചു കൊണ്ട് അവിടെ തന്നെ ഇരു ത്ത മുറപ്പിക്കുകയും ശേഷം രണ്ടു റകഅത്തു നമസ് കരി ക്കുകയും ചെയ്യുക. അതിന് പരിപൂർണ്ണമായ ഒരു ഹജ്ജി ന്റെയും ഉംറയുടേയും പ്രതിഫ ലം ലഭിക്കുന്നതാണ്. ( സ്വ ജ 461 )

(എച്ച്) രണ്ടു റകഅത്ത് ദുഹാ നമസ്കരിക്കുക.

(ഐ) നമസ്കാരശേഷമുള്ള പ്രാർത്ഥനകൾ പൂർണ്ണമായും ചൊല്ലുക.

(ജെ) നമസ്കാരശേഷം അടു ത്ത നമസ്കാരം പ്രതീക്ഷിച്ചി രിക്കുക.

---

٢٤ رواه مسلم برقم -٧٤٦

## 5)ഖുർആൻ പാരായണം അധികരിപ്പിക്കുക.

അല്ലാഹുവിലേക്കടുക്കുന്ന കാ രണങ്ങളിൽ പ്പെട്ടതാണ് ഖുർ ആൻ പാരായണം .പള്ളി യിലോ വീട്ടിലോ അതല്ലാത്തിട ത്തോവെച്ച് ഈ പത്തു ദി നങ്ങളിൽ ഖുർആൻ പൂർണ്ണ മായും നിങ്ങൾക്ക് പാരായണം ചെയ്യുന്നതിനും ചിലതെങ്കിലും മനഃപ്പാഠമാക്കുന്നതിനും കഴി ഞ്ഞിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു.

## 6) നല്ല മാർഗ്ഗത്തിൽ ചില വഴിക്കൽ

പുണ്യങ്ങളുടെ കവാടങ്ങ ളിലെ ഒരു മഹത്തായ കവാ ടമാണ് ദാനധർമ്മം. അല്ലാഹു വിന്റെ മാർഗ്ഗത്തിൽ ചിലവഴി ക്കുന്നവർക്ക് ധാരാളം പ്രതിഫ ലമാണ് അല്ലാഹു ഒരുക്കിയി രിക്കുന്നത്. അല്ലാഹു പറ യുന്നു:

(مَنْ ذَا الَّذِي يُقْرِضُ اللهَّ قَرْضاً حَسَناً فَيُضَاعِفَهُ لَهُ أَضْعَافاً كَثِيرَةً ) (البقرة: ٢٤٥)

അല്ലാഹുവിന് ഉത്തമമാ യ കടം നൽകുവാനാരുണ്ട് ? എങ്കിൽ അല്ലാഹു അതവന്ന് അനേകം ഇരട്ടികളായി വർദ്ധി പ്പിച്ചു കൊടുക്കുന്നതാണ്. (അൽബഖറഃ: 245)

اتَّقُوا النَّارَ وَلَوْ بِشِقِّ تَمْرَةٍ [٢٥]

നബി ﷺ പറഞ്ഞു : ഒരു കാരക്കയുടെ പൊളിയെ ങ്കിലും ദാനം ചെയ്ത് നിങ്ങൾ നരകത്തെ സൂക്ഷിക്കുക.(ബു 45 മു3017 )

---

[٢٥] صحيح البخاري برقم ٤٥، وصحيح مسلم برقم ٣٠١٧

ഈ പുണ്യനാളുകളിൽ ജനങ്ങൾ ചിലവു ചെയ്യേണ്ടതും, ഹജ്ജിനുവേണ്ടിയും പെരുന്നാളിന്നു വേണ്ടിയും ബലിയറുക്കേണ്ടതിനു വേണ്ടിയുമെല്ലാം തയ്യാറെടു ക്കേണ്ടതും എത്രമാത്രം ആവ ശ്യമാണ്., ധർമ്മം ചെയ്യുന്നതു കൊണ്ട് അവൻ പുണ്യം നേ ടിയെടുക്കുക മാത്രമല്ല പ്രതി ഫലം അവന്ന് ഇരട്ടി ച്ചു കൊടുക്കുന്നു. അന്ത്യ ദിനത്തി ൽ അല്ലാഹുവിന്റെ തണലല്ലാ ത്ത മറ്റൊരു തണലും ലഭി ക്കാത്തനാളിൽ അല്ലാഹു വി ന്റെ പ്രത്യേക തണൽ ലഭി ക്കുന്നു. മാത്രമല്ല നന്മകളുടെ കവാടങ്ങൾ അവന്ന്വേണ്ടി തുറന്നു കൊടുക്കപ്പെടുകയും തിന്മയുടെ കവാടങ്ങൾ അടക്കപ്പെടുകയുംചെയ്യുന്നു. സ്വർഗ കവാടങ്ങളിൽ ഒന്ന് അവന്ന് വേണ്ടി തുറക്കപ്പെ ടുന്നു. സൃഷ്ടാവും സൃഷ്ടികളും അവനെ സ്നേഹി ക്കുന്നു. കൂടാതെ അവൻ കാരുണ്യ വാനും സൗമ്യനുമായി ത്തീ രുന്നു. അവന്റെ സ്വശരീരവും സമ്പത്തും അവൻ സംസ്കരി ക്കുന്നു. ദിർഹമിനേയും ദീനാ റിനേയും ആരാധിക്കുന്ന തി ൽ നിന്നും മോചിതനാകുന്നു. അവന്റെവ്യക്തിത്വത്തിലും ധന ത്തിലും സന്താനങ്ങളിലും ഇഹലോകത്തുമെല്ലാം വന്നു പോകുന്ന കെടുതികളിൽ നി ന്നും അല്ലാഹു അവനെ സംര ക്ഷിക്കുന്നു.

നമ്മിലോരോരുത്തർക്കും ഈ നാളുകളിൽ ഓരോ ധർ മ്മം നിശ്ചിയിക്കാവുന്നതാണ്. പുണ്യങ്ങളുടെ അനേകം കവാ ട ങ്ങളുണ്ട്. അവയിലേ തി ലെ ങ്കിലും ഒന്നിൽ ഒരു പങ്കാ ളി യാകുക. നാം ചെയ്യുന്ന ഒരു നന്മയും നമുക്ക് നഷ്ടമാവുക യില്ല തന്നെ.

മേൽ പറഞ്ഞതു കൂടാതെ ഈ ദിവസങ്ങളിൽ അഭികാമ്യ മാകുന്ന വേറേയും അനേകം പുണ്യങ്ങളുണ്ട്. അവയിൽ ചി ലത് താഴെ കൊടുക്കുന്നു.

മാതാപിതാക്കൾക്ക് നന്മ ചെ യ്യുക, കുടുംബബന്ധം ചേർ

ക്കുക, സലാം പ്രചരിപ്പിക്കുക, വഴിയിൽ നിന്നും ഉപദ്രവം നീ ക്കുക, രോഗികളെ സന്ദർശി ക്കുക, പ്രവാചകൻﷺയുടെ മേൽ സ്വലാത്ത് അധികരിപ്പി ക്കുക, ഈദ്ഗാഹിൽ പോയി പെരുന്നാൾ നമസ്കരിക്കാൻ താൽപര്യം കാണിക്കുക തുട ങ്ങിയ എല്ലാ നന്മകളും ചെ യ്യുക.

അവസാനമായി പറയട്ടെ , സൽകർമ്മങ്ങൾക്ക് എണ്ണമോ അറ്റമോ ഇല്ല. അതിനാൽ അ ല്ലാഹുവിനെയോർത്ത് ഈ അ നുഗ്രഹീത നാളുകളിൽ സ ൽകർമ്മങ്ങൾ അധികരിപ്പിക്കു ന്നതിന് ധൃതി കാണിക്കുക. ബാക്കി ദിവസങ്ങളിലും നന്മ വർദ്ധിപ്പിക്കുന്നത് ഒഴിവാക്കാ തിരിക്കുക. കാരണം മുസ്ലി മിന്റെ ജീവിതകാലം മു ഴുവ നും സൽകർമ്മങ്ങൾ പ്രവർ ത്തി ക്കുന്നതിനുള്ളതാണ്. പ ക്ഷെ ഒരു മുസ്ലിമിന്റെ ആ യുഷ്കാലം ചുരുങ്ങിയ തായി രിക്കെ അവന്ന് പാപങ്ങൾ പൊറുത്തു കിട്ടാനും, കൂടുത ൽ നന്മകൾ ലഭിക്കുന്ന തിനു ള്ള അവന്റെ അതിയായ ആവ ശ്യത്തെ പരിഗണിച്ചു കൊ ണ്ടും അതിനുള്ള സന്ദർഭം സൗകര്യമാകാൻ വേണ്ടിയാണ് ചില ദിവസങ്ങൾ പ്രത്യേക മാക്കപ്പെട്ടിരിക്കുന്നത്. അതി നാൽ അല്ലാഹുവിന് സ്വയം സൽകർമ്മങ്ങൾ ചെയ്തു കാ ണിക്കുക.

## അറഫാ ദിനം

ഉൽ കൃഷ്ടമായ ദിവസങ്ങളി ൽപ്പെട്ടതാണ് അറഫാ ദിനം. അത് ഇസ്ലാമിന് അഭിമാനി ക്കാവുന്ന ദിവസമാണ്. കാര ണം അറഫയിൽ ഒരുമിച്ചുകൂ ടുന്നത് പോലെ ഒരു സ്ഥല ത്തും മുസ്ലിംകൾ ഒരുമിച്ചു കൂടുന്നില്ല. ഇവിടെ വെച്ചല്ലാ തെ അവരിൽ ചിലർ ചിലരെ അറിയുന്നില്ല. അറഫാ ദിനം ഭ ക്തിയുടേയും കണ്ണീരിന്റേയും ദിനമാണ്. പ്രാർത്ഥനകൾക്കു ത്തരം ലഭിക്കുന്ന ദിവസം, പിഴ വുകൾ മായ്ക്കപ്പെടും, അറഫ യിൽ സമ്മേളിച്ചവരെക്കുറിച്ച് അല്ലാഹു മലക്കുകളോട് അഭി മാനം കൊള്ളും, അന്നത്തെ കാര്യം അല്ലാഹു വളരെ മഹ ത്തരവും അതിന്റെ സ്ഥാന ത്തെ മറ്റു ദിവങ്ങളേക്കാൾ ഉയ ർത്തുകയും ചെയ്തിരി ക്കു ന്നു. ഇസ്ലാം മതവും അല്ലാ ഹുവിന്റെ അനുഗ്രഹവും പൂർ ത്തിയാക്കിയ ദിവസമാണത്. പാപങ്ങൾ പൊറുക്കപ്പെടുക യും നരകമോചനം നൽകപ്പെ ടുകയും ചെയ്യുന്ന ദിവസം.

ഇങ്ങനെയുള്ള ഒരു ദി വസത്തിന്റെ മഹത്വങ്ങളും, അല്ലാഹു ഈ ദിവസത്തെ മറ്റു ദിവസങ്ങളേക്കാൾ മഹത്തര മാക്കിയതിന്റെ പ്രത്യേകതയു മെല്ലാം നാം അറിഞ്ഞുകൊണ്ട് അതിനെ പ്രയോജനപ്പെടുത്തേ ണ്ടത് അനിവാര്യമാണ്.

**ഒന്ന് : ഈ ദിവസത്തിന്റെ ശ്രേഷ്ടതകൾ**

*1) ഇസ്ലാം മതവും അല്ലാഹു വിന്റെ അനുഗ്രഹവും പൂർ ത്തിയാക്കിയ ദിവസം.*

ഉമറുബ്നുൽ ഖത്വാബ് ﵁ നിവേദനം യഹൂദനായ ഒരാൾ അദ്ദേഹത്തിനോട് പറഞ്ഞു :

അമീറുൽ മുഅ്മിനീൻ! നിങ്ങ ളുടെ ഗ്രന്ഥത്തിൽ നിങ്ങൾ

ഒരു ആയത്തു (സൂക്തം) ഓതിവരുന്നു. ജൂതന്മാരായ ഞങ്ങൾക്കായിരുന്നു അതു അവതരിച്ചതെങ്കിൽ ആ ദിവസ ത്തെ ഒരു ഉൽസവ ദിവസ മാക്കുമായിരുന്നു. ഉമർ ﷺ ചോദിച്ചു : ഏത് ആയത്താ ണത്? യഹൂദൻ മറുപടി പറഞ്ഞു :

(اَلْيَوْمَ أَكْمَلْتُ لَكُمْ دِيْنَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِيْ وَرَضِيْتُ لَكُمُ الإِسْلاَمَ دِيْناً) (المائدة: ٣) :

“ ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തി രിക്കുന്നു. മതമായി ഇസ്‌ലാ മിനെ ഞാൻ നിങ്ങൾക്ക് തൃപ് തിപ്പെട്ടുത്തന്നിരിക്കുന്നു.’’ (മാഇദഃ :3) എന്നുള്ളതാകുന്നു. അപ്പോൾ ഉമർ ﷺ പറഞ്ഞു : റസൂൽ ﷺ തിരുമേനിക്ക് ഈ ആയത്ത് അവതരിച്ച ദിവസ വും, സ്ഥലവും, ഞങ്ങൾക്ക് അറിയാം. നബി തിരുമേനി അറഫയിൽ നിൽക്കെ ഒരു വെള്ളിയാഴ്ച ദിവസമായി രുന്നു അതവതരിച്ചത്. [26]

### 2) *മുസ്‌ലിംകളുടെ പെരുന്നാൾ ദിവസം*

നബി ﷺ പറഞ്ഞു:

يَوْمُ عَرَفَةَ وَيَوْمُ النَّحْرِ وَأَيَّامُ التَّشْرِيقِ عِيدُنَا أَهْلَ الْإِسْلَامِ وَهِيَ أَيَّامُ أَكْلٍ وَشُرْبٍ ٢٧

---

٢٦ صحيح البخاري برقم ٤٥، وصحيح مسلم برقم ٣٠١٧

٢٧ رواه أبوداود برقم ٢٠٦٦، والترمذي برقم ٧٧٣، والنسائي برقم ٣٠٠٤، وصححه الألباني في السنن

അറഫാദിനം, ബലിദിനം, അയ്യാമുത്തശ്‌രീഖിന്റെ ( ദുൽ ഹജ്ജ് 11,12,13) ദിനങ്ങൾ നമ്മ ൾ മുസ്‌ലിംകളുടെ പെരു ന്നാ ളുകളാണ്. അന്ന് അന്ന പാ നീയങ്ങളുടെ ദിവസങ്ങളാണ്. ( ദ : 2066 )

ٱلْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ) ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരി ക്കുന്നുവെന്ന ആയത്ത് വെ ള്ളിയാഴ്ച അറഫയിലാണ് ഇറ ങ്ങിയത്. ആ രണ്ട് ദിവസവും മുസ്‌ലിംകൾക്ക് പെരുന്നാളു മാകുന്നുവെന്ന് ഉമറുബ്നുൽ ഖത്ത്വാബ് ﷺ പറഞ്ഞതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു.

*3) അല്ലാഹു സത്യം ചെയ്യാൻ ഉപയോഗിച്ച ദിവസം*

അല്ലാഹു മഹത്തായൊരു കാര്യംകൊണ്ടല്ലാതെ സത്യം ചെയ്യുകയില്ല. “ അത് وَشَاهِدٍ وَمَشْهُودٍ സാക്ഷിയും സാക്ഷ്യം വഹിക്കപ്പെടുന്ന കാര്യവും ത ന്നെയാണ് സത്യം” ( ബുറൂജ് : 3 ) എന്ന് അല്ലാഹു സത്യംചെയ്ത് പറഞ്ഞ ദിവസ മാകുന്നു.

അബൂഹുറൈറ ﷺ നിവേദനം നബി ﷺ പറഞ്ഞു : اليوم الموعود വാഗ്ദാനം ചെയ്യപ്പെട്ട ദിവസം എന്നതു കൊണ്ട് വിവക്ഷിക്കപ്പെടുന്നത് അന്ത്യദിനമാകുന്നു. واليوم المشهود സാക്ഷ്യം വഹിക്ക പ്പെടുന്നദിവസം കൊണ്ടുള്ള വിവക്ഷ അറഫാ ദിനവും (والشاهد ) സാക്ഷികൊണ്ടുള്ള വിവക്ഷ വെള്ളിയാഴ്ച ദിവസ വുമാകുന്നു. [28] ( തി 3339 )

---

٢٨ رواه الترمذي برقم ٣٣٣٩، وحسنه الألباني في السنن

സൂറത്തുൽ ഫജ്റിലെ 3-ാം വചനം وَالشَّفْعِ وَالْوِتْرِ ഒറ്റയും ഇരട്ടയും തന്നെയാണ സത്യം എന്നതിലെ ഒറ്റകൊണ്ട് ഉദ്ദേശിക്കപ്പെടുന്ന ദിവസമാണ് അറഫ. ഇബ്നു അബ്ബാസ് ﵄ പറഞ്ഞു : الشفع ഇരട്ട കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് ബലിദിന വും , والوتر ഒറ്റ കൊണ്ട് ഉദ്ദേശി ക്കപ്പെടുന്നത് അറഫാദിനവു മാകുന്നു.

*4) അല്ലാഹു ആദം സന്തതി കളിൽ നിന്നും കരാർ വാങ്ങി യ ദിവസം.*

ഇബ്നു അബ്ബാസ് ﵄ നി വേദനം നബി ﷺ അരുളി: അ റഫയിൽ വെച്ച് അല്ലാഹു ആദ മിന്റെ മുതുകിൽ നിന്നും കരാ ർ വാങ്ങുകയുണ്ടായി അദ്ദേഹ ത്തിന്റെ മുതുകെല്ലിൽ നിന്നും എല്ലാ സന്തതികളേയും (അദ്ദേ ഹത്തിൽ നിന്ന് ഉണ്ടാകാൻ പോകുന്ന സന്തതികളേ - അ വരുടെ ആത്മാവുകളെ) പുറ ത്തെടുത്ത് മുന്നിൽ ചിതറുക യുണ്ടായി പിന്നീട് അവരോട് നേരിട്ട് സംസാരിക്കുകയുണ്ടാ യി അല്ലാഹു ചോദിച്ചു :

(أَلَسْتُ بِرَبِّكُمْ قَالُوْا بَلَى شَهِدْنَا أَنْ تَقُوْلُوْا يَوْمَ الْقِيَامَةِ إِنَّا كُنَّا عَنْ هَـذَا غَافِلِيْنَ، أَوْ تَقُوْلُوْا إِنَّمَا أَشْرَكَ آبَاؤُنَا مِن قَبْلُ وَكُنَّا ذُرِّيَّةً مِّنْ بَعْدِهِمْ أَفَتُهْلِكُنَا بِمَا فَعَلَ الْمُبْطِلُوْنَ) (الأعراف:١٧٢-١٧٣) ٢٩

ഞാൻ നിങ്ങളുടെ രക്ഷിതാ വല്ലയോ? അവർ പറഞ്ഞു: അതെ, ഞങ്ങൾ സാക്ഷ്യം വഹിച്ചിരിക്കുന്നു. തീർച്ചയാ യും ഞങ്ങൾ ഇതിനെപ്പറ്റി ശ്രദ്ധയില്ലാത്തവരാ യിരുന്നു. എന്ന് ഉയിർത്തെഴുന്നേൽപി ന്റെ നാളിൽ

---

(٢٩) رواه أحمد في المسند ٢٧٢/١، والحاكم في المستدرك ٥٩٣/٢، وصححه الألباني في تعليق المشكاة برقم ١٢١

നിങ്ങൾ പറ ഞ്ഞേക്കും എന്നതിനാലാണ് (അങ്ങനെ ചെയ്തത്.) അല്ലെ ങ്കിൽ 'മുമ്പ് തന്നെ ഞങ്ങളുടെ പൂർവ്വ പിതാക്കൾ അല്ലാഹു വോട് പങ്ക് ചേർത്തിരുന്നു. ഞങ്ങൾ അവർക്കു ശേഷം സ ന്തതി പരമ്പരകളായി വന്നവർ മാത്രമാണ് ' എന്നിരിക്കെ ആ അസത്യവാദികൾ പ്രവർത്തി ച്ചതിന്റെ പേരിൽ നീ ഞങ്ങളെ നശിപ്പിക്കുകയാണോ' എന്ന് നിങ്ങൾ പറഞ്ഞേക്കും എന്ന തി നാൽ.

( അഅ്റാഫ് 172,173 )

*5) പാപമോചനത്തിന്റേയും ന രക മോചനത്തിന്റേയും അറ ഫയിൽ നിൽക്കുന്നവരെ കൊ ണ്ട് അല്ലാഹു അഭിമാനം പ്രക ടിപ്പിക്കുകയും ചെയ്യുന്ന ദിവ സം .*

ആയിശാ ﷺ നിവേദനം ന ബി ﷺ അരുളി :

ما من يوم أكثر من أن يعتق الله فيه عبدا من النار من يوم عرفة وإنه ليدنو ثم يباهي بهم الملائكة فيقول ما أراد هؤلاء [30]

അറഫാ ദിവസത്തേക്കാൾ അല്ലാഹു തന്റെ ദാസന്മാരെ നരകത്തിൽനിന്ന് മോചിപ്പി ക്കുന്ന മറ്റൊരു ദിവസവുമില്ല. അന്ന് അവൻ അടുത്ത്വന്ന് ഇ വരെന്താണാഗ്രഹിക്കുന്നത് എന്ന് അഭിമാനപൂർവ്വം മലക്കു കളോട് പറയും. (മു 1348) ഇബ്നു ഉമർ ﷺ നിവേദനം ന ബി ﷺ പറഞ്ഞു:നിശ്ചയം അറഫ യിൽ സമ്മേളി ച്ചവരെക്കുറിച്ച് അല്ലാഹു വൈകുന്നേരം അഭി മാനത്തോ ടെ മലക്കുകളോട് പറയും "പൊടിപുരണ്ട ശരീര വും ജട പിടിച്ച തലയുമായി എന്റെ ദാസന്മാർ എന്റെ വിളി ക്കുത്തരം നൽകി വന്നിരിക്കു ന്നതു നോക്കൂ" (സ്വ ജ 1868)

---

٣٠ رواه مسلم برقم ١٣٤٨

പിശാച് നാശമേ എന്ന് വിളിച്ചു അപമാനഭാരം നിമിത്തം തലയിൽ മണ്ണുവാരിയിടു ന്ന അവസ്ഥയിലാക്കുന്ന ദിവ സമാണിത് അന്നേരം മറ്റു പിശാചുകൾ അവിടെ ഒരുമി ച്ചുകൂടി എന്തുപറ്റിയെന്ന് ചോ ദിക്കും? പിശാചു പറയും അ റു പതോ എഴുപതോ വർഷം ഞാൻ പിഴപ്പിച്ചവരാണീ ജനത കണ്ണിമവെട്ടുന്ന സമയത്തി നു ള്ളിൽ അവർക്ക് പൊറുത്തു കൊടുത്തിരിക്കുന്നു.[31]

[٣١] التمهيد لابن عبدالبر ١٢١/١

## രണ്ട് : മുൻഗാമികൾ അറഫയി ൽ നിന്നിരുന്നതെങ്ങിനെ

അതിഭയത്തോടുകൂടിയും അതോടൊപ്പം അല്ലാഹുവിന്റെ കാരുണ്യത്തിൽ പ്രത്യാശ യോടുകൂടിയുമായിരുന്നു മുൻ ഗാമികൾ അറഫയിൽ നിന്നി രുന്നത്.

അബ്ദുല്ലാഹിബ്നു മുബാറക് ﷺ പറയുകയുണ്ടാ യി: അറ ഫാ ദിവസം വൈകുന്നേരം ഞാൻ സുഫ് യാനുസ്സൗരി ﷺ യുടെ അടുത്ത് ചെല്ലുകയു ണ്ടായി അദ്ദേഹം ആ സന്ദർഭ ത്തിൽ രണ്ടു കാലുകളിൽ മു ട്ടുകുത്തി നിന്ന് രണ്ടു കണ്ണുകളും നിറഞ്ഞൊഴുകിയ നിലയിൽ പ്രാർത്ഥിക്കുകയാ യിരുന്നു. അങ്ങനെ അദ്ദേഹ മെന്നെ തിരിഞ്ഞുനോക്കി. ഞാ ൻ ചോദിച്ചു ഈ കൂടിയതിൽ ഏറ്റവും മോശ പ്പെട്ട അവസ്ഥ യിലുള്ളത് ആരാകുന്നു.? അ ദ്ദേഹം പറഞ്ഞു :അല്ലാഹു തനിക്ക് പൊറുത്തു തരികയില്ല എന്ന് വിചാരിക്കുന്നവൻ.

ആകയാൽ ഈ മഹത്താ യ ദിവസത്തിന്റെ ശ്രേഷ്ടത യും ഔന്നത്യവും അറിയൽ അനിവാര്യമാകുന്നു. കാരണം ഒരു വസ്തുവിന്റെ സ്ഥാനവും മഹിമയും അറിഞ്ഞു കഴി ഞ്ഞാൽ പിന്നെ അതിനർഹി ക്കുന്ന സ്ഥാനം നൽകേണ്ട താണ്. ഈ പുണ്യ ദിവസം പ്രയോജനമായിരിക്കാൻ സഹായകമാകുന്ന ചില കാര്യ ങ്ങൾ നാമിവിടെ കുറിക്കുന്നു.

1) ഈ ദിവസത്തിൽ അല്ലാഹു വിലേക്കടുപ്പിക്കുന്ന സൽക ർമ്മങ്ങളെകൊണ്ടും അന്നത്തെ മറ്റു ജോലികളെല്ലാം വേറൊരു ദിവസത്തേക്കു മാറ്റിക്കൊണ്ടും കഴിയുന്നത്ര ഇബാദത്തുക ളിൽ മുഴുകുക.

2)വ്രതമനുഷ്ഠിക്കുക. ദുൽഹജ്ജിലെ ആദ്യത്തെ പ ത്തു ദിവസങ്ങളിൽ അറഫാ ദിനമായ ദുൽഹജ്ജ് ഒമ്പതിനെ പ്രവാചകൻﷺ പ്രത്യേകം തെ ര ഞ്ഞെടുത്തിരിക്കുന്നു. ഈ ദിവസത്തെ വ്രതത്തെ സംബ ന്ധിച്ച് പ്രവാചകൻ ﷺ ചോദി ക്ക പ്പെട്ടു അപ്പോൾ തിരുമേനി അരുളി :

يُكَفِّرُ السَّنَةَ الْمَاضِيَةَ وَالْبَاقِيَةَ [32]

കഴിഞ്ഞതും വരാനിരിക്കുന്ന തുമായ ഓരോ വർഷത്തെ പാപങ്ങൾക്ക് ആ നോമ്പ് പരി ഹാരമായിരിക്കും.(മു 1977)

അതിനാൽ ഈ ദിവസ ത്തിൽ വ്രതമനുഷ്ഠിക്കുന്നത് പാഴാക്കാതിരിക്കുക. കാരണം അത് പാപങ്ങൾ പൊറു ക്കു ന്നതും പദവികൾ ഉയർത്തുന്ന തുമായ വളരെ ശക്തമായ സുന്നത്താകുന്നു.

എന്നാൽ ഹാജിമാർക്ക് ഈ ദിവസം നോമ്പെടു ക്കു ന്നത് സുന്നത്തില്ല. കാരണം നബി ﷺ അറഫയിലായിരി ക്കെ നോമ്പെടുത്തിട്ടില്ല. ഉമ്മു ഫദ്ൽ ؓ നിവേദനം

شَكَّ نَاسٌ مِنْ أَصْحَابِ رَسُولِ اللَّهِ ﷺ فِي صِيَامِ يَوْمِ عَرَفَةَ وَنَحْنُ بِهَا مَعَ رَسُولِ اللَّهِ ﷺ فَأَرْسَلْتُ إِلَيْهِ بِقَعْبٍ فِيهِ لَبَنٌ وَهُوَ بِعَرَفَةَ فَشَرِبَهُ [33]

അറഫാദിവസത്തിൽ നോ മ്പനുഷ്ഠിക്കുന്ന കാര്യത്തിൽ സ്വഹാബിമാർക്ക് സംശയം ജ നിക്കുകയുണ്ടായി. ഞങ്ങൾ റസൂലിനോടൊപ്പമായിരുന്നു. ഞാൻ നബി ﷺ യുടെ അടുക്ക ലേക്ക് അദ്ദേഹം അറഫയിലാ യിരിക്കെ ഒരു പാത്രം പാൽ കൊടുത്തയച്ചു. അദ്ദേഹം അ ത് കുടിച്ചു ( മു 1895 )

---

[32] رواه مسلم برقم ١٩٧٧

[33] رواه مسلم برقم ١٨٩٥

3) ഈ മഹത്തായ ദിനത്തിൽ സ്തുതികീർത്തനങ്ങളും പ്രകീ ർത്തനങ്ങളും പാപമോചനങ്ങ ളും അധികരിപ്പിക്കുക. ഇബ്നു ഉമർ ﵄ നിവേദനം

كُنَّا مَعَ رَسُولِ اللهِ ﷺ فِي غَدَاةِ عَرَفَةَ فَمِنَّا الْمُكَبِّرُ وَمِنَّا الْمُهَلِّلُ .... [٣٤]

ഞങ്ങൾ അറഫാദിവസം രാവിലെ നബി ﷺ യുടെ കൂ ടെയായിരുന്നു. അപ്പോൾ ഞ ങ്ങളിൽ തക്ബീർ ചൊല്ലു ന്ന വരും, 'ലാഇലാഹ ഇല്ലല്ലാഹ്' എന്ന് ചൊല്ലുന്ന വരുമുണ്ടാ യി രുന്നു... ( മു 1284 )

4) ഈ ദിവസത്തിന്റെ സുബ് ഹി നമസ്കാരം മുതൽ അയ്യാ മുത്തശ്രീഖിന്റെ അവസാനം വരെ തക്ബീർ ചൊല്ലുക.

5)തൗഹീദിന്റെ സാക്ഷ്യവചനം അധികരിപ്പിക്കുക.

നബി ﷺ പറഞ്ഞു :

"" خَيْرُ الدُّعَاءِ دُعَاءُ يَوْمِ عَرَفَةَ وَخَيْرُ مَا قُلْتُ أَنَا وَالنَّبِيُّونَ مِنْ قَبْلِي""

അറഫായിലെ പ്രാർത്ഥന യാണ് പ്രാർത്ഥനകളിൽ ഉത്ത മമായത്. ഞാനും എനിക്കുമു മ്പുള്ള പ്രവാചകന്മാരും പറ ഞ്ഞിട്ടുള്ള വാക്യങ്ങളിൽ ഏറ്റ വും ഉത്തമമായിട്ടുള്ളത് .

لَا إِلَهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ

അല്ലാഹുവല്ലാതെ മറ്റൊരാ രാധ്യനുമില്ല അവൻ ഏകൻ മാത്രം അവന്ന് ഒരു പങ്കു കാരുമില്ല. അവന്നാണ് രാജാ ധിപത്യം സ്തുതിയും അവന്നു തന്നെ അവൻ സർവ്വശക്തനു മത്രെ. എന്ന വാക്യമാണ്. ( തി 3585 )[35]

---

[٣٤] رواه مسلم برقم ٢٢٥٣

[٣٥] رواه الترمذي برقم ٣٥٨٥، وحسنه الألباني في السنن

6) അറഫാദിനത്തിലെ പ്രാർ ത്ഥനക്ക് പ്രത്യേകതയുണ്ട്. നബി ﷺ പറഞ്ഞു: അറഫാ യി ലെ പ്രാർത്ഥനയാണ് പ്രാർത്ഥ നകളിൽ ഉത്തമമായത്. ( തി 3585 )

ഇബ്നു അബ്ദിൽബർറ് ﷺ പറയുകയുണ്ടായി : ഈ ഹദീസിൽ പല പാഠങ്ങളുമു ണ്ട് മറ്റു ദിവസങ്ങളേക്കാൾ അറഫാദിനത്തിലെ പ്രാർത്ഥന ക്കുള്ള ശ്രേഷ്ടത, അറഫാദി നത്തിനുള്ള പ്രത്യേകത.

അഫാദിനത്തിന്റെ പ്രത്യേ കത ദിവസങ്ങളിൽ ചിലതിന് ചിലതിനേക്കാൾ ശ്രേഷ്ടതയു ണ്ടെന്നറിയിക്കുന്നു. പക്ഷെ പ്ര മാണങ്ങളിൽ നിന്നല്ലാതെ അ വ ഏതൊക്കെയാണെന്ന് അ റിയുകയില്ല. അങ്ങനെ പ്രമാ ണങ്ങളിൽ വന്നിട്ടുള്ളതിൽ പെ ട്ടതാണ് അറഫാദിനം.

ഹാജിമാരന്ന് ഖിബ്ലക്ക ഭിമുഖമായി അവരുടെ വീഴ്ച കളും പാളിച്ചകളും സമ്മതിച്ചു കൊണ്ട് ആത്മാർത്ഥമായ പ ശ്ചാതാപവുമായി ഇരു കൈ കളും ഉയർത്തി വിനയത്തോ ടും താഴ്മയോടും കൂടി പ്രാർ ത്ഥിക്കേണ്ടതാണ്. ഉൽകൃഷ്ടമായ ഈ ദിവസ ത്തിൽ മുസ്ലിംകൾ ഉത്തരം ലഭിക്കുമെന്ന പ്രതീക്ഷയോടും ഈ അനുഗ്രഹ ത്തിന്റെ അവസരം ഉപയോഗപ്പെടുത്തി ക്കൊണ്ടും പ്രാർത്ഥനയിൽ അതിയായ താൽപര്യം കാണി ക്കേണ്ടതാകുന്നു. തനിക്കും, തന്റെ മാതാപിതാക്കൾക്കും, കുടുംബത്തിനും, ഇസ്ലാമി ന്നും മുസ്ലിംകൾക്കുമെല്ലാം പ്രാർത്ഥിക്കുക. അന്ന് നോമ്പെ ടുത്തുകൊണ്ടാണ് പ്രാർത്ഥി ക്കുന്നതെങ്കിൽ പഞ്ചസാരക്കു ന്നിൽ തേൻമഴ വർഷിച്ചതു പോലെ ഉത്തരം ലഭിക്കാൻ കൂടുതൽ സാധ്യതയും!

അതോടൊപ്പം താങ്കളുടെ പ്രാർത്ഥനയിൽ മുസ്ലിം സഹോദരന്മാരെ ഉൾപ്പെടുത്താ ൻ മറന്നു പോകരുത്. പ്രത്യേ കിച്ച് ലോകത്തിന്റെ നാനാഭാഗ ങ്ങളിൽ

അല്ലാഹുവിന്റെ ശത്രു ക്കളുടെ നിഷ്ഠൂര മർദ്ദനത്തിന് ഇരയാകുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിൽ. അപ്രകാരം പ്രാർത്ഥനയിൽ അതിരുകവിയുകയോ ഉത്തരം ലഭിക്കുന്നത് പിന്തുന്നതായി കാണുകയോ ചെയ്യരുത്. ഉത്ത രം ലഭിക്കണമെന്ന നിർബന്ധ ത്തോടെ ചോദിക്കേണ്ടതാകു ന്നു. അതിനാൽ പ്രാർത്ഥന യുടെ നാളിൽ പ്രാർത്ഥനയെ മനസ്സിലാക്കിയവർക്ക് ശുഭ മസ്തു.

പാപമോചനവും നരകമോ ചനവും പ്രതീക്ഷിക്കാവുന്ന കാരണങ്ങളിൽ പ്രത്യേകം ശ്ര ദ്ധ ചെലുത്തേണ്ടതാകുന്നു. അ വയിൽപെട്ടതാണ് .

വൻപാപങ്ങൾ, അഹങ്കാ രം , കളവുപറയൽ, ഏഷണി , പരദൂഷണം തുടങ്ങിയവ പതി വാക്കുന്നതു പോലെ ഈ ദിവസത്തിൽ ലഭിക്കുന്ന പാപ മോചനം തടുക്കപ്പെടുന്ന കുറ്റ ങ്ങൾ വന്നുപോകുന്നത് സൂ ക്ഷിക്കുക. കാരണം വൻപാപ ങ്ങളിലും കുറ്റങ്ങളിലും മുഴുകി യിരിക്കുന്ന താങ്കൾ എങ്ങനെ നരകമോചനത്തെ മോഹി ക്കും? പാപങ്ങൾ കൊണ്ട് യു ദ്ധം ചെയ്യുന്ന താങ്കൾ എങ്ങ നെയാണ് ഈ മഹത്തായ പുണ്യദിവസത്തി ൽ പാപമോ ചനം പ്രതീക്ഷിക്കുക ?

അവസാനമായി, അറഫാ ദിനം ഒരു മഹത്തായ ദിവസ മാകുന്നു. പ്രാർത്ഥനകൾക്കു ത്തരം ലഭിക്കുന്ന പുണ്യദിന ങ്ങളിൽപ്പെട്ടതാണത്. പിഴവു കൾ മാപ്പാക്കപ്പെടുന്ന ദിവസം. അതിനാൽ ഈ ദിവസത്തിൽ നാം സൽകർമ്മൾ അധികരി പ്പിക്കുക. അല്ലാഹുവിന്റെ പാപ മോചനവും നരകമോചനവും ലഭിച്ചേക്കാം. ഇമാം ഇബ്നു റജബ് ﵀ പറയുകയുണ്ടായി നരകമോചനം പൊതുവെ എല്ലാ മുസ്ലിംകൾക്കുമുമ താണ്. 36

---

٣٦ لطائف المعارف لإبن رجب رحمه الله ص ٣١٥

# സ്ത്രീകളുടെ പങ്ക്

## സ്ത്രീകളും ദുൽഹജ്ജിലെ ആദ്യത്തെ പത്തും

സ്ത്രീകൾ ഈ പുണ്യദിന ങ്ങളെ സ്വീകരിക്കാൻ തയാറാ യിരിക്കുന്നത് വളരെ നന്നായി രിക്കുന്നതാണ്. അതിന്ന് സഹാ യകമാകുന്ന ചില കാര്യങ്ങൾ താഴെ കൊടുക്കുന്നു.

1) ഈ ദിവസങ്ങളിൽ അ ല്ലാഹു തന്റെ അടിമകൾക്ക് തയാറാക്കിയിട്ടുള്ള മഹത്തായ പ്രതിഫലങ്ങൾ മനസ്സിലാക്കു ന്നതിന്നായി അതിന്റെ ശ്രേഷ് ടതകളും സവിശേഷതകളും കുട്ടികൾക്ക് വിശദീകരിച്ചു കൊടുത്തുകൊണ്ട് അവരിൽ ആഗ്രഹം ജനിപ്പിച്ച് അവരെ അത് പ്രതീക്ഷിച്ചിരിക്കുന്ന വരും അതിന്റെ മഹത്വമുൾ കൊള്ളുന്നവരുമാക്കുക.

2) ദുൽഹജ്ജ് മാസത്തിലെ ആദ്യത്തെ പത്ത് ദിവസങ്ങൾ – പ്രത്യേകിച്ച് അറഫാദിനം – ഉപയോഗപ്പെടുത്തുക. സൃഷ് ടാവിന്റെയടുക്കൽ ഈ ദിവസ ങ്ങൾക്ക് മഹത്തായ പ്രാധാ ന്യമുള്ളതുകൊണ്ട് , നമുക്ക് കൂടാതെ കഴിയാത്തതും അ ത്യാവശ്യമല്ലാത്തതുമായ ജോ ലികൾ പിന്നീട് നിർവ്വഹിക്കു ന്നതിന്നായി മാറ്റിവെക്കുക.

3) അയൽവാസികൾക്കും സ്വ ന്തക്കാർക്കും പെരുന്നാളി നോടനുബന്ധിച്ച് നൽകുന്നതി ന്നായി ലഘുലേഘകളും ,കാ സെറ്റുകളും, ആശംസകളട ങ്ങുന്ന കവറുകളടങ്ങിയ സമ്മാനങ്ങൾ ഒരുക്കിവെ ക്കുക.

4) ഈ ദിവസങ്ങളിൽ വ്രത മനുഷ്ഠിക്കാൻ കഴിയാത്ത ആർത്തവകാരികൾ മുസ്ഹഫ് സ്പർശിക്കാതെ (മറയോടു കൂടി സ്പർശിക്കുന്നതിന് വിരോധമില്ല[37]) ഖുർആൻ പാരായണം ചെയ്യൽ, ദിക്റു കൾ,

---

[37] العلامة ابن باز رحمه الله، فتاوى إسلامية جمع المسند ١٤٥/٢

തസ്ബീഹുകൾ , പാപ മോചനംതേടൽ, പ്രാർത്ഥന, ധർമ്മം, നബി ﷺ യുടെമേൽ സ്വലാത്ത് അധികരിപ്പിക്കൽ, നോമ്പു തുറപ്പിക്കുക, തുടങ്ങി യ പുണ്യങ്ങളും മറ്റു നല്ല കാര്യങ്ങൾകൊണ്ടും പ്രയോജ നപ്പെടുത്തേണ്ടതാണ്.

## സ്ത്രീയും ബലികർമ്മവും

1) സ്ത്രീ തനിക്കും താനുദ്ദേ ശിക്കുന്നവർക്കും ബലി യറു ക്കൽ വളരെ നല്ലതും, അതിന്റെ നന്മയും പ്രതിഫല വും നഷ്ടപ്പെടാതെ സൂക്ഷി ക്കേണ്ടതുമാകുന്നു. അപ്രകാ രം കഴിയുമെങ്കിൽ ഭർത്താവി ന്റെയും മാതാപിതാക്കളുടേ യും പേരിൽ ബലിയറുക്കുന്ന തിൽ വീഴ്ച വരുത്താതി രിക്കു കയും ചെയ്യേണ്ടതാകുന്നു.
2) ബലിയറുക്കാൻ കരുതിയ വർ ദുൽഹജ്ജു മാസപ്പിറവി ക്ക്ശേഷം നഖം മുറിക്കുക യോ മുടി വെട്ടുകയോ ചെയ്യ രുത്. എന്നാൽ ഭാര്യക്കോ മക്കൾക്കോ വേണ്ടി ബലിയ റുക്കാൻ ഉദ്ദേശിച്ചാൽ എല്ലാ വർക്കും ഈ നിയമം ബാധക മാകുകയില്ലെങ്കിലും അറുക്കു ന്ന വ്യക്തി നിയമം പാലിക്കേ ണ്ടതാണ്.(ഭാര്യയോ, മക്കളോ നഖം മുറിക്കുന്നതിനോ മുടി വെട്ടുന്നതിനോ വിരോധമില്ലെ ന്ന് വിവക്ഷ. )
3) സ്ത്രീക്ക് സ്വന്തം കൈ കൊണ്ട് ബലി അറുക്കുന്നതി ന്ന് വിരോധമില്ല. മാത്രമല്ല കഴിയുമെങ്കിൽ സ്ത്രീകൾ സ്വ ന്തം കൈ കൊണ്ട് അറു ക്കുന്നത് വളരെ നല്ലതാണെന്ന് പോലും ചില പണ്ഡിതന്മാർ അഭിപ്രയപ്പെടുന്നു. സ്ത്രീക ൾക്ക് ബലിയും അല്ലാത്ത വയും അറുക്കൽ അനുവദനി യമല്ലെന്ന തെറ്റുധാരണക്ക് ഖു ർആനിലും ഹദീസിലും തെളി വില്ല.

# സ്ത്രീയും പെരുന്നാളും

പെരുന്നാൾ ദിവസത്തിൽ മുസ്ലിം സ്ത്രീകൾ താഴെവ രുന്നവ പ്രത്യേകം ശ്രദ്ധിക്കേ ണ്ടതാകുന്നു.
1) മുസ്ലിംകളുടെ കൂടെ പെരുന്നാൾ നമസ്കരിക്കുന്ന തിനും ഖുത്വബ കേൾക്കുന്ന തിനുമായി ഈദ്ഗാഹിലേക്ക് പുറപ്പെടുക. എന്നാൽ താഴെ വരുന്ന മര്യാദകൾ പാലിച്ചു കൊണ്ടായിരിക്കണം അവർ പുറപ്പെടുന്നത് .
**അ.** ഇസ്ലാമിക വസ്ത്രം ധരിക്കുക.
**ആ.** അന്യപുരുഷന്മാരുമായി കൂടിക്കലരാതിരിക്കുക.
**ഇ.** അണിഞ്ഞൊരുങ്ങുകയോ സുഗന്ധമുപയോഗിക്കുകയോ ചെയ്യരുത് .
**ഉ.** ഏഷണി പരദൂഷണം പോലുള്ള തെറ്റുകൾ വരാതിരി ക്കാൻ സൂക്ഷ്മത പുലർത്തു ക. പ്രത്യേകിച്ച് പെരുന്നാൾ ദിവസം സ്ത്രീകൾ ഒരുമിച്ചു കൂടുമ്പോൾ.
**ഋ.**നിർബന്ധ കർമ്മങ്ങൾ പോ ലും അതാതിന്റെ സമയങ്ങ ളിൽ നിർവ്വഹിക്കാതെ വിഭവ സമൃദ്ധമായ ഭക്ഷണപാനീ യങ്ങൾ പാകം ചെയ്യുന്നതിൽ ഏർപ്പെടാതിരിക്കുക.
**എ.** ഭക്ഷണം, പാനീയം, വസ്ത്രം തുടങ്ങിയവ ദൂർവ്യ യം ചെയ്യാതിരിക്കുക.
**ഏ.** പെരുന്നാൾ ദിവസങ്ങളിൽ കുട്ടികളെ ശ്രദ്ധിക്കാതിരിക്കു ക.

## ഉദ്ഹിയ്യത്ത്

ബലിപെരുന്നാളിനോടനുബ ന്ധിച്ച് അല്ലാഹുവിന്റെ സാമീ പ്യം ആഗ്രഹിച്ചുകൊണ്ട് ബലി ദിനവും അയ്യാമു ത്തശ്രീഖി ന്റെ (ദുൽഹജ്ജ് 11, 12, 13 എന്നീ) ദിവസങ്ങളിലുമായി ആട്, മാട്, ഒട്ടകം എന്നിവയെ അറുക്കുന്നതിനാണ് ഉദ്ഹിയ്യ ത്ത് എന്ന് പറയുന്നത്. അല്ലാ ഹുവിന്നുള്ള ആത്മാർത്ഥമായ അങ്ങേയറ്റത്തെ അനുസരണ മാണ് ഈ മഹത്തായ ആരാ ധനയിലൂടെ പ്രകടമാകുന്നത്.

ഉദ്ഹിയ്യത്ത് നിർവ്വഹിക്കു ന്നതിൽ ഏറ്റവും ഉത്തമമായ സമയം പെരുന്നാൾ ദിവസ ത്തിലെ ദുഹ ضُحَى (പൂർവ്വാ ഹ്നം) സമയത്തായതു കൊ ണ്ടാണ് ഇതിന് ഈ പേരു വരാൻ കാരണം.

വിശുദ്ധ ഖുർആനും പ്രവാ ചകചര്യയും ഇജ്മാഉമാണതി ന് ആധാരം. അല്ലാഹു പറയുന്നു: (فَصَلِّ لِرَبِّكَ وَانْحَرْ) (الكوثر : ٢)،

ആകയാൽ നീ നിന്റെ രക്ഷിതാവിനുവേണ്ടി നമസ് കരിക്കുകയും അറുക്കുക യുംചെയ്യുക.(കൗഥർ : 2 )

ആയത്തിൽ പറഞ്ഞ نحر ( നഹ്റ്) കൊണ്ട് ഉദ്ദേശിക്ക പ്പെ ടുന്നത് ബലിയറുക്കലാകു ന്നു വെന്നാണ് ഇമാം ഇബ്നുകഥീ ർﷺയും മറ്റു പ്രമുഖരുടേയും അഭിപ്രായം. ( ഇ ഥ : 4/597)

**അനസ് ﷺ നിവേദനം**

ضَحَّى النَّبِيُّ ﷺ بِكَبْشَيْنِ أَمْلَحَيْنِ أَقْرَنَيْنِ ذَبَحَهُمَا بِيَدِهِ وَسَمَّى وَكَبَّرَ وَوَضَعَ رِجْلَهُ عَلَى صِفَاحِهِمَا

കൊമ്പുള്ളതും തൂവെള്ള നിറമുള്ളതുമായ രണ്ടു കൂറ്റ നാടുകളെ (അല്ലാഹുവിന്റെ) നാമം ചൊല്ലു കയും തക്ബീർ മുഴക്കുകയുംചെയ്തു കൊണ്ട് ബലിമൃഗത്തിന്റെ പാർശ്വങ്ങളി കാൽ വച്ചു കാണ്ട് നബിﷺയു ട തിരുകൈകൾകൊണ്ട് ബലി യറുക്കുകയുണ്ടായി (ബു 5139 മു 3635 )

ഇമാം ഇബ്നുൽഖയ്യിം ﵀ പറയുകയുണ്ടായി: നബി ﷺ ഉദ്ഹിയ്യത്തറുക്കൽ ഉപേ ക്ഷിക്കാറേയില്ല. (സ മ : 2/318)

അപ്രകാരം ഇമാം ഇബ്നു ഖുദാമ ﵀ പറഞ്ഞു : ഉദ്ഹിയ ത്തറുക്കൽ മതാചാര ത്തിൽ പ്പെട്ടതാണെന്ന കാര്യത്തിൽ മുസ്ലിംകൾ ഏകോപിച്ചിരി ക്കുന്നു. ഇബ്നു ഹജർ﵀ പറ യുകയുണ്ടായി : മാത്രമല്ല ഉദ് ഹിയ്യത്ത് ഒരു മതചിഹ്നമാണെ ന്നതിൽ ഭിന്നാഭിപ്രായമില്ല.(ഫ ബ:10/3 )[38]

## ബലിയറുക്കുന്നതിന്റെ മതവിധി

ബലിയറുക്കുന്നതിന്റെ മത വിധിയിൽ പണ്ഡിതന്മാർ ഭി ന്നാഭിപ്രായത്തിലാണ്. അതി ൽ പ്രബലമായ രണ്ടഭിപ്രായ ങ്ങൾ ഇവയാകുന്നു. :

ഒന്ന് : ( سنة مؤكدة ) പ്രബലമായ സുന്നത്താകുന്നു. അതുപേ ക്ഷിക്കുന്നതുകൊണ്ട് കുറ്റക്കാ രനാകുകയില്ല. രണ്ട്:

---

[38] فتح الباري ٣/١٠

സാമ്പ ത്തികശേഷിയുള്ള നാട്ടിൽ താ മസിക്കുന്ന മുസ്ലിമിന്ന് ഉദ് ഹിയ്യത്തറുക്കൽ നിർബന്ധ മാ കുന്നു. അതുപേക്ഷിക്കുന്നതു മൂലം അവൻ കുറ്റക്കാരനാ കുന്നതുമാണ്. ഈ രണ്ടഭിപ്രാ യങ്ങളും അവയുടെ തെളിവു സഹിതം പരിശോധിക്കുന്ന വ ർക്ക് ഏതെങ്കിലുമൊന്നിന് മു ൻഗണന നൽകൽ അസാ ധ്യമാണ്. ഇത്തരം സന്ദർഭങ്ങ ളിൽ ഒരു മുസ്ലിമിന്ന് സാധി ക്കുമെങ്കിൽ അത് ഒരിക്കലും ഉപേക്ഷിക്കാതിരിക്കലാണ് കൂ ടുതൽ സൂക്ഷ്മത. കാരണം ബലിയ റുക്കുന്നതാണ് അഭി പ്രായ ഭിന്നതയിൽ നിന്നൊഴി വാകാൻ നല്ലത്.

## ബലിയിലടങ്ങിയ തത്വം

1)ആദർശപിതാവായ ഇബ്റാ ഹീം(عليه السلام)നെ പിന്തു ടർന്നു കൊ ണ്ടാണിത് നിർവ്വഹിക്കുന്നത്.

വാർധക്യകാലത്ത് നീണ്ട കാത്തിരിപ്പിന്ന്ശേഷം ലഭിച്ച കരളിന്റെ കഷ്ണത്തെ ബലി യറുക്കാനുള്ള അല്ലാഹുവിന്റെ കൽപ്പനക്ക് ഉത്തരം നൽകി കൊണ്ട് ഇബ്റാഹീം (عليه السلام) മക നെ നെറ്റിമേൽ ചരിച്ചു കിട ത്തു കയുംചെയ്ത സന്ദർ ഭത്തിൽ സ്വപ്നം സാക്ഷാൽ കരിച്ചിരിക്കുന്നുവെന്ന് അല്ലാ ഹു അദ്ദേഹത്തെ വിളിച്ചു പറഞ്ഞുകൊണ്ട് മഹത്തായ ഒ രു ബലി മൃഗത്തെ നൽകുക യാണുണ്ടായത്. സുദൃഢമായ വിശ്വാസത്തിന്റേയും ത്യാഗ ത്തിന്റേയും അർപ്പണത്തിന്റേ യും സന്ദേശമാണീ ബലി അ നുസ്മരിപ്പിക്കുന്നത്.

2) പെരുന്നാൾ ദിനങ്ങളിൽ ജ നങ്ങളിൽ വിശാല മനസ്കത കാണിക്കൽ .

ഒരു വിശ്വാസി ബലിയറു ക്കുന്ന സന്ദർഭത്തിൽ തനി ക്കും, കുടുംബത്തിനും കൂട്ടു കാർക്കും അയൽവാസികൾ ക്കും സ്വന്തക്കാർക്കും ഈ വിശാല

മനസ്കത എത്തുന്നു. അതോടൊപ്പം സാധുക്കൾ ക്കും അഗതികൾക്കുമിടയിൽ അത് ധർമ്മം ചെയ്യുകവഴി സ ന്തോഷത്തിന്റേയും ആഹ്ലാദ ത്തിന്റേയും ദിവസമായ പെരു ന്നാളിൽ പാവപ്പെട്ടവർ പണ ക്കാരുടെ വീട്ടു പടിക്കൽ യാ ചിക്കുന്ന സമ്പ്രദായം പരിഹരി ക്കപ്പെടുന്നു.

അല്ലാമാ സഅദീ ﷺ പറ യുന്നു ഉദ്ഹിയ്യത്ത് കൊണ്ട് ബലിയറുക്കൽ മാത്രമല്ല ല ക്ഷ്യം, അല്ലാഹു പരാശ്രയമു ക്തനും സ്തുത്യർഹനുമാ യ തു കൊണ്ട് അവയുടെ മാം സ ങ്ങളോ രക്തങ്ങളോ ഒന്നും തന്നെ അല്ലാഹുവിങ്കൽ എത്തു ന്നതേയില്ല. മറിച്ച് പ്രതി ഫലേ ച്ഛയും ആത്മാർത്ഥതയും സദുദ്ദേശ്യവുമാണ് അല്ലാഹു വിങ്കൽ എത്തുന്നത്. അതു കൊണ്ടാണ് അല്ലാഹു പറ ഞ്ഞത് :

﴿وَلَٰكِن يَنَالُهُ ٱلتَّقْوَىٰ مِنكُمْ﴾ ، الحج ٣٧

എന്നാൽ നിങ്ങളുടെ ധർ മ്മനിഷ്ഠയാണ് അവങ്കൽ എ ത്തുന്നത്. ( ഹജ്ജ്: 37)

ബലിയറുക്കുന്നതിൽ അ ല്ലാഹുവിന്റെ പ്രീതിയും ആ ത്മാർത്ഥതയും മാത്രമായിരി ക്കണം നമുക്ക് പ്രചോദനവും പ്രേരണയുമാകേണ്ടത്. മറിച്ച് ദുരഭിമാനമോ,ലോകമാന്യമോ, ഖ്യാതിയോ,നാട്ടാചാരമോ ആ യിരിക്കരുത്. ഇതു പോലെത്ത ന്നെയാണ് മറ്റു ആരാധനകളും ആത്മാർത്ഥമായ നിയ്യത്ത് ഇ ല്ലാ എങ്കിൽ പിന്നെ അത് കഴ മ്പില്ലാത്തതോട് പോലെയും ആത്മാവില്ലാത്ത ജഡത്തേപ്പോ ലെയുമാകുന്നു.[39] ( ത സ:3/322)

അതിനാൽ മുസ്ലിം ബ ലിയറുക്കുന്നത് അല്ലാഹുവിലേ ക്കുള്ള സാമീപ്യത്തിനാണെ ന്ന ബോധത്തോടെയായി രി ക്കുകയും ദുരഭിമാനത്തിൽ

[٣٩] تفسير الكريم الرحمن، للعلامة السعدي ٣/٣٢٢

നിന്നും ലോകമാന്യത്തിൽ നി ന്നും ബഹുമതി നടിക്കലിൽ നിന്നും വിദൂരമാവുകയും ചെ യ്യേണ്ടതുണ്ട്. .. അല്ലാഹു പറയുന്നു :

﴿قُلْ إِنَّ صَلاَتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ الْعَالَمِينَ۝لاَ شَرِيكَ لَهُ وَبِذَٰلِكَ أُمِرْتُ وَأَنَا أَوَّلُ الْمُسْلِمِينَ﴾ [الأنعام:١٦٣].

പറയുക: തീർച്ചയായും എന്റെ പ്രാർത്ഥനയും, എന്റെ ആരാധനാ കർമ്മങ്ങളും, എ ന്റെ ജീവിതവും, എന്റെ മര ണവും, ലോകരക്ഷിതാ വായ അല്ലാഹുവിനുള്ളതാകുന്നു. അവന്നു പങ്കുകാരേയില്ല. അ പ്രകാരമാണ് ഞാൻ കൽപി ക്കപ്പെട്ടിരിക്കുന്നത്. (അവന്ന്) കീഴ്പെടുന്നവരിൽ ഞാൻ ഒ ന്നാമനാണ്. ( അൻആം : 162, 163 )

അപ്രകാരം ബലിയറുക്കു ന്നത് കൊണ്ട് ആദരിക്കുക യും ബഹുമാനിക്കുകയും ചെ യ്യേണ്ട അല്ലാഹുവിന്റെ മത ചിഹ്നങ്ങളിൽ ഒരു ചിഹ്നത്തെ നിർവ്വഹിക്കുകയാണെന്ന് അറി ഞ്ഞിരിക്കേണ്ടതാകുന്നു. അല്ലാ ഹുപറയുന്നു:

﴿وَمَن يُعَظِّمْ شَعَائِرَ اللَّهِ فَإِنَّهَا مِن تَقْوَى الْقُلُوبِ﴾ [الحج:٣٢]،

വല്ലവനും അല്ലാഹുവിന്റെ മതചിഹ്നങ്ങളെ ആദരിക്കു ന്നപക്ഷം തീർച്ചയായും അത് ഹൃദയങ്ങളിലെ ധർമ്മനിഷ്ഠ യിൽ നിന്നുണ്ടാകു ന്നതത്രെ. (ഹജ്ജ് : 32 ) രണ്ടു കാര്യങ്ങൾ കൊണ്ട് ഉദു ഹിയ്യത്ത് മറ്റു ധർമ്മത്തേക്കാ ൾ ശ്രേഷ്ടമാണ്.

1) ബലി അല്ലാഹുവിനെ ആദരിക്കലും അല്ലാഹുവിന്റെ മതചിഹ്നങ്ങളെ പ്രകടമാ ക്കലുമാകുന്നു.

2) ബലി പ്രവാചകൻ മുഹമ്മദ് ﷺ യുടേയും അദ്ദേഹത്തിനു ശേഷമുള്ള മുസ്ലിംകളുടേ യും ചര്യയാണ്.

## ബലിയുടെ നിബന്ധനകൾ

താഴെവരുന്ന നിബന്ധന കൾ പൂർണ്ണമാകാതെ ഉദ്ഹി യ്യത്ത് ശരിയാവുകയില്ല. ഒട്ടകം , മാട് [40] , ചെമ്മരിയാട് , കോലാട് എന്നീ കന്നു കാലി കളെയാരിക്കണം.

1) നിശ്ചിത പ്രായം തികഞ്ഞ തായിരിക്കണം അവ ഇപ്രകാ രമാണ്.

ഒട്ടകം അഞ്ചുവയസ്സ് പൂർ ത്തിയായത്
മാട് : രണ്ടു വയസ്സ് പൂർത്തി യായത്.
കോലാട് : ഒരു വയസ്സ് പൂർ ത്തിയായത്.
ചെമ്മരിയാട് : ആറുമാസം പ്രാ യമായത് [41]

3) ബലിമൃഗം താഴെ പറയു ന്ന വൈകല്യങ്ങളിൽ നിന്നും മുക്തമായിരിക്കണം .

**അ.** കാഴ്ചശക്തിക്ക് വ്യക്ത മായ കുഴപ്പമുള്ളത് .
**ആ..** രോഗബാധ പ്രകടമായത്.
**ഇ.** വ്യക്തമായ മുടന്തുള്ളവ
**ഉ.**മജ്ജയും കൊഴുപ്പും അവ ശേഷിക്കാത്തത്ര മെലിഞ്ഞത്.

ഇത്തരം വൈകല്യ ങ്ങൾക്ക് സമാനമായ ഇതര ന്യൂനതക ളിൽ നിന്നും മുക്തമാകേണ്ട തുണ്ട്. അപ്പോൾ

---

[٤٠] മാട് എന്നത്കൊണ്ട് കാള , പശു , പോത്ത് , എരുമ പോലുള്ള ജീവികളേയാണു ദ്ധേശി ക്കുന്നത്.

[٤١] ആടുകളുടെ പ്രായത്തിൽ പണ്ഡിതന്മാർ ഭിന്നാഭിപ്രയക്കാരാകുന്നു. ആട് രണ്ടാമത്തെ വയസ്സിൽ പ്രവേശി ച്ചതായിരിക്കണം ചെമ്മിരിയാടിന് ഒരു വയസ്സ് പ്രായമായിരിക്കണമെന്നാണ് മറ്റൊരു വിഭാഗം പണ്ഡിതന്മാർ പറയുന്നത് അല്ലാഹു അഅ്ലം ( ശ മു 6/456 )

കാഴ്ചയില്ലാ ത്തതും കയ്യില്ലാത്തതും കാ ലില്ലാത്തതുമെല്ലാം ഉദുഹിയ്യത്തിന് പാടില്ലാത്ത താകുന്നു.

4) ബലിമൃഗം സ്വന്തം ഉടമ സ്ഥതയിലുള്ളതോ അല്ലെ ങ്കിൽ അറുക്കാൻ ഏൽപി ക്കപ്പെട്ടതോ ആയിരിക്കണം. അഥവാ ബലിമൃഗം മോഷ്ടി ച്ചതോ അപഹരിച്ചെടുത്തതോ ആയിരിക്കാൻ പാടില്ല. അതു പോലെ രണ്ടാളുടെ ഉടമസ്ഥ തയിലുള്ളതാണെങ്കിൽ രണ്ടു പേരുടേയും അനുമതി ഉണ്ടാ യിരിക്കേണ്ടതാകുന്നു.

5) മറ്റൊരാൾക്ക് അവകാ ശപ്പെട്ടതായിരിക്കരുത്. അഥവാ പണയംവെക്കപെട്ടതിനെ ഉദ് ഹിയ്യത്ത് അറുക്കാ വുന്നതല്ല. അപ്രകാരം അനന്തര സ്വത്ത് അത് വീതിക്കുന്നതിന്ന് മുമ്പും ഉദ്ഹിയ്യത്തിന് ഉപയോഗി ക്കാവുതല്ല.

6) ഉദ്ഹിയ്യത്തിന് നിശ്ച യിക്കപ്പെട്ട സമയത്താ യിരി ക്കുക. അഥവാ അതിന് മു മ്പോ ശേഷമോ അറുക്കുക യാണെങ്കിൽ ശരിയാവു കയില്ല.

## ബലിമൃഗത്തെ
## നിർണ്ണയിക്കു ക.

ബലിമൃഗം വാങ്ങുന്ന സ ന്ദർഭത്തിൽ ഇപ്രകാരം നിർ ണ്ണയിക്കേണ്ടതാകുന്നു.

1) ഈ മൃഗം ഇന്നതിനുള്ള താകുന്നു.

2) പെരുന്നാൾ ദിവസം ഉദ് ഹിയ്യത്തറുക്കുന്നു വെന്ന ഉദ്ദേശത്തോടെ അറു ക്കുക.

കൂടുതൽ ധർമ്മം ചെയ്യുക. ജാബിർ ﷺ വിൽ നിന്ന് ഉദ്ധരി ക്കപ്പെടുന്ന ഒരു ഹദീസിൽ നബി ﷺ നൂറ് ഒട്ടകങ്ങളെ ബലിയറുക്കുകയും അതിൽ നിന്ന് ഒരു

ചെറിയ കഷ്ണ മെടുത്ത് പാകം ചെയ്യുകയും ബാക്കി വിതരണം ചെയ്യുക യുമായിരുന്നു. [42]

ബലിമൃഗങ്ങളിൽ ഉത്തമമായ ത്

* ബലിയറുക്കാൻ ഏറ്റവും ഉത്തമമായ ഇനം ഒട്ടകമാണ് , പിന്നീട് മാട് ശേഷം ചെമ്മരി യാടും പിന്നെ കോലാടുമാ കുന്നു. അതിനടുത്തത് ഏഴു പേർ ചേർന്ന് ഒരൊട്ടകം അറു ക്കുന്നതും അതിന്ന് ശേഷം ഏ ഴുപേർ ചേർന്ന് മാടിനെയറു ക്കുന്നതുമാകുന്നു.

* മേൽ പറഞ്ഞവയിൽത ന്നെ എല്ലാ ഗുണങ്ങളും പൂർ ണമായ ബലിമൃഗങ്ങളാണ് ഏ റ്റവും ശ്രേഷ്ടമായത്. അപ്പോ ൾ രണ്ടു കാലുകളിലും കണ്ണു കൾക്കുചുറ്റും കറുപ്പ്നിറമുള്ളതും തടിച്ചു കൊഴുത്തതും കൊമ്പുള്ളതു മായ കൂറ്റൻ ആടാകുന്നു ഏറ്റ വും ശ്രേഷ്ടമായ ബലിമൃഗം. ഇതാണ് പ്രവാചകൻ ﷺ ഏറ്റ വും ഇഷ്ടപ്പെട്ടതും ബലിയറു ത്തതും[43] മെലിഞ്ഞ രണ്ടാടു കളേക്കാൾ നല്ലത് തടിച്ചു കൊ ഴുത്ത ഒരാടാകുന്നു.

قال الشافعي رحمه الله ) استكثار القيمة في الاضحية أفضل من استكثار العدد (

ഇമാം ശാഫീ رحمه الله പറയുകയു ണ്ടായി: ഉദ്ഹിയ്യത്ത് മൃഗത്തി ന്റെ എണ്ണം പെരുപ്പിക്കുന്നതി നേക്കാൾ വില പെരുപ്പിക്കു ന്നതാണ് ശ്രേഷ്ടമായത്. ( മജ്മൂഅ് 8/396 )

യഹ്യബ്നു സഊദ് رحمه الله പറയുകയുണ്ടായി: അബൂഉമാ മത്തുബ്നു സഹ്ല് رضي الله عنه ഇപ്ര കാരം പറയുന്നത് ഞാൻ കേ ൾക്കുകയുണ്ടായി :

"كنّا نسمِّن الأضحية في المدينة، وكان المسلمون يسمنون"

---

[42] رواه مسلم ١٢١٨.

[43] مسلم ١٩٦٧ وأبو دواد ٢٧٩٢

ഞങ്ങൾ മദീനയിൽവെച്ച് ബലിമൃഗത്തെ തടിപ്പിച്ചിരുന്നു. മുസ്‌ലിംകൾ അങ്ങനെ ത ടിപ്പിക്കുമായിരുന്നു. (ബു : 10/12 )

ഇബ്നു ഖുദാമ ﵁ പറയു കയുണ്ടായി : ബലിമൃഗത്തെ തടിപ്പിക്കലും അതിനെ ഏറ്റ വും നല്ലതാക്കലും സുന്നത്താ കുന്നു. അതിനാൽ ബലിമൃഗ ത്തെ നേരത്തെ വാങ്ങി നന്നാ യി ഭക്ഷണം കൊടുത്ത് ശരീ രം പുഷ്ടിപ്പെടുത്താൻ സാധി ക്കുമെങ്കിൽ അതാകും കൂടുത ൽ നന്നാവുക. കാരണം അ ല്ലാഹു പറയുന്നു :

(وَمَنْ يُعَظِّمْ شَعَائِرَ اللهِ فَإِنَّهَا مِنْ تَقْوَى الْقُلُوبِ) (الحج: ٣٢)

വല്ലവനും അല്ലാഹുവിന്റെ മതചിഹ്നങ്ങളെ ആദരിക്കുന്ന പക്ഷം തീർച്ചയായും അത് ഹൃദയങ്ങളിലെ ധർമ്മനിഷ്ഠ യിൽനിന്നുണ്ടാകുന്നതത്രെ. (ഹജ്ജ് :32)

ഇബ്നുഅബ്ബാസ് ﵁ പറ ഞ്ഞു : അതിനെ ആദരിക്കുക എന്നാൽ അതിനെ തടിപ്പിക്ക ലും നന്നാക്കലുമെല്ലാമാകു ന്നു. കാരണം അത് കൂടുതൽ ഉപകാരപ്പെടുന്നതും വളരെ യേറെ പ്രതിഫലം ലഭിക്കുന്ന തുമാകുന്നു.

## വെറുക്കപ്പെട്ടവ :

1) ചെവി, വാല് എന്നിവ മുറി ഞ്ഞത് അപ്രകാരം ചെവി കീ റിയതും .
2) ആസനം, അകിട് എന്നിവ പൂർണ്ണമായോ അല്ലെങ്കിൽ മു ലക്കണ്ണ്പോലെ അൽപമോ മു റിഞ്ഞവ .
3) കലി തുള്ളിയവ. (പുല്ല് മേ യാതിരിക്കുന്നത് . )
4) പല്ല് കൊഴിഞ്ഞത് .
5) കൊമ്പില്ലാത്തതും കൊമ്പു പൊട്ടിയതും.

ആകയാൽ ഒരു വിശ്വാസി ബലിമൃഗം വാങ്ങുമ്പോൾ എ ല്ലാവിധകുറവുകളിൽനിന്നും മുക്തമായതിനെ തെരഞ്ഞെടു ക്കേണ്ടതാകുന്നു. എന്തെന്നാ ൽ എത്രത്തോളം പരിപൂർണ്ണ മായതിനെ നാം തെരഞ്ഞെടു ക്കുന്നുവോ അത്രത്തോളം അ ത് അല്ലാഹുവിന്ന് കൂടുതൽ ഇ ഷ്ടമുള്ളതാകും. ബലിമൃഗം നിർണ്ണയിച്ചതിന്ശേഷം വല്ല ന്യൂനതയും പ്രകടമാകുകയാ ണെങ്കിൽ നിർബന്ധമായും മു ക്തമാകേണ്ട ന്യൂനതയാണെങ്കിൽ – അത് തന്റെ ഉപേക്ഷ കാരണത്താ ലാണെങ്കിൽ – അതിനെ മാറ്റൽ നിർബന്ധമാകുന്നു. എന്നാൽ തന്റെ ഉപേക്ഷകൊണ്ടല്ലെങ്കി ൽ അതിനെ ബലിയറുക്കാവു ന്നതുമാണ്.

# ബലിയറുക്കുന്ന വ്യക്തി അറിഞ്ഞിരിക്കേണ്ട മര്യാദകൾ

ഒരു മുസ്‌ലിം തന്റേതോ അല്ലെങ്കിൽ കുടുംബത്തിന്റേതോ അല്ലെങ്കിൽ മരണപ്പെട്ട തോ ജീവിച്ചിരിക്കുന്നവരുടേയോ പേരിലോ ഉദ്ഹിയ്യത്ത് അറുക്കാൻ ഉദ്ദേശിക്കുകയും ദുൽഹജ്ജ് മാസം വരികയും ചെയ്താൽ ബലിയറുക്കുന്നത് വരെ അയാളുടെ മുടിയോ ന ഖമോ തൊലിയോ കളയാൻ പാടില്ല . നബി ﷺ പറഞ്ഞു :

إِذَا رَأَيْتُمْ هِلَالَ ذِي الْحِجَّةِ وَأَرَادَ أَحَدُكُمْ أَنْ يُضَحِّيَ فَلْيُمْسِكْ عَنْ شَعْرِهِ وَأَظْفَارِهِ

നിങ്ങൾ ദുൽഹജ്ജ്മാസം കാണുകയും നിങ്ങളിലൊരാൾ ഉദ്ഹിയ്യത്ത് അറുക്കാൻ ഉദ്ദേ ശിക്കുകയും ചെയ്താൽ അവ ൻ തന്റെ മുടിയും നഖവും മുറിക്കാതിരിക്കട്ടെ. ( മു 3655 )

ചില നിയമങ്ങൾ

1) ദിൽഹിജ്ജ് മാസപ്പിറവി സ്ഥിരപ്പെടുകയോ അല്ലെങ്കിൽ ദുൽഖഅ്ദ മുപ്പത് പൂർത്തി യാകുകയോ ചെയ്യുന്നതോടെയാണ് മുടിമുറിക്കുന്നതും ന ഖം മുറിക്കുന്നതിനുമുള്ള നി രോധന സമയം തുടങ്ങുന്നത്.

2) മുടിയെടുക്കുന്നതും നഖം മുറിക്കുന്നതും ഹറാമാകുന്നു. കാരണം നിരോധനാജ്ഞ നി ഷിദ്ധത്തെ കുറിക്കുന്നതാകു ന്നു.

3) ഒരാൾ ദുൽഹിജ്ജമാസം പി റന്നപ്പോൾ ഉദ്ഹിയ്യത്ത് അറു ക്കാൻ കരുതിയിരുന്നില്ല. അ ങ്ങനെ അയാളുടെ മുടിയോ അല്ലെങ്കിൽ നഖമോ മുറിക്കു കയും ചെയ്തു. പിന്നീട് ഒ ന്നോരണ്ടോ ദിവസശേഷം അ യാൾക്ക് ഉദ്ഹിയ്യത്തറുക്കണ മെന്ന് തോന്നുകയാണെങ്കിൽ ആ സമയം മുതൽ അയാൾ മുടിയോ നഖമോ മുറിക്കരു

തെന്ന് മാത്രം. മുമ്പ് മുറിച്ചതിന് അയാൾക്ക് വിരോധ വുമില്ല .

4)ഉദ്ഹിയ്യത്ത് അറുക്കാൻ കരുതിയ ഒരാൾ അയാളുടെ മുടി മുറിക്കുകയോ നഖം വെ ട്ടുകയോ ചെയ്താലും അ യാൾ അയാളുടെ ബലി നിർ വ്വഹിക്കേ ണ്ടതാകുന്നു. എന്നാ ൽ നിരോധിക്കപ്പെട്ട പ്രവർത്തി ചെയ്തതിനാൽ അയാൾ കുറ്റ ക്കാരനാകുന്നതാകുന്നു.

അതായത് ദുൽഹിജ്ജ 8 നോ 9 നോ ഒരാൾക്ക് ഉദ്ഹി യത്തിനുള്ള കഴിവ് ലഭിച്ചു മു ൻ തീരുമാനമില്ലാത്തതിനാൽ മുടി , നഖം , എന്നിവ മുറിച്ചു എന്നാൽ ഇക്കാരണം കൊണ്ട് അയാൾ ഉദ്ഹിയ്യത്ത് നിർവ്വ ഹിക്കാതിരിക്കേണ്ടതില്ല എന്ന് സാരം.

5)പണ്ഡിതന്മാരുടെ ഏകോ പിച്ച അഭിപ്രായത്തിൽ നഖ മോ മുടിയോ വെട്ടിയവൻ അ ല്ലാഹുവിനോട് പാപമോചനം തേടേണ്ടതാകുന്നു. പ്രായശ്ചിത്തമൊന്നും അയാ ളുടെമേൽ നിർബന്ധമാകുന്നി ല്ല. അത് അയാൾ മറന്നുകൊ ണ്ടോ മനഃപ്പൂർവ്വമോ ചെയ്ത തായലുംശരി , സ്ത്രീക്കോ പു രുഷനോ ഈ ദിവസങ്ങളിൽ തല കഴുകുന്നത്കൊണ്ടോ മ റ്റോ മനഃപ്പൂർവമല്ലാതെ മുടി കൊഴിയുന്നത്കൊണ്ട് വിരോ ധമില്ല.

6)ഉദ്ഹിയ്യത്തറുത്തതിന്ശേഷം തലമുടി കളയൽ സുന്ന ത്തില്ല.

7)തലയിലെ മുറിവുകാരണം മുടിയെടുക്കുകയോ നഖം പൊട്ടിയത്കാരണം മുറിച്ചു മാ റ്റുകയോ ചെയ്യുന്നതിന് വി രോധമില്ല.

8)നഖം, മുടി, തൊലി എ ന്നിവ മുറിക്കുന്നതിനുള്ള വി ലക്ക് തനിക്കോ തന്റെ കുടും ബത്തിനോ അല്ലെങ്കിൽ ജീവി ച്ചിരിക്കുന്നവർക്കോ മരണപ്പെട്ട വർക്കോവേണ്ടി ബലിയറുക്കാ ൻഉദ്ദേശിച്ചയാളുടെ മേൽ മാ ത്രമാണ്. ആരുടെ പേരിലാ ണോ അറുക്കുന്നതെങ്കിൽ അ വർക്ക്

ഈ നിയമം ബാധകമ ല്ല.

9) പകരം അറുക്കാൻ ഏൽ പിക്കപ്പെടുന്നതോ നിർദേശി ക്കപ്പെടുന്നതോ ആയ വ്യക്തി ക്ക് ഈ നിയമം ബാധകമാ കുന്നില്ല. ഇവർ മുടി വെട്ടു ന്ന ത് കൊണ്ടോ നഖം മുറിക്കു ന്നത് കൊണ്ടോ വിരോധമില്ല. മറിച്ച് ബലിയറുക്കാൻ ഉദ്ദേ ശിച്ചയാളുടെമേൽ മാത്രമാണ് നിയമമാകുന്നത്.

10) ഉദ്ഹിയ്യത്ത് അറുക്കാ നുദ്ദേശിച്ച ഒരു വ്യക്തി ഹ ജ്ജോ ഉംറയോ ചെയ്യാനുദ്ദേ ശിച്ചാൽ ഇഹ്റാമിൽ പ്രവേ ശിക്കുന്ന സന്ദർഭത്തിൽ മുടി യോ നഖമോ മുറിക്കാൻ പാടില്ല. എന്നാൽ ഹജ്ജ് ഉംറ എന്നിവയിൽ നിന്ന് തഹല്ലുലാ കാൻവേണ്ടി മുടിയെടുക്കു ന്നത് നിർബന്ധമാകുന്നു. കാര ണം അപ്പോൾ അത് ആരാധ നയാകുന്നു. ഈ സന്ദർഭ ത്തിൽ അവർക്ക് വിലക്ക് ബാധകമാകുന്നില്ല. ജീവിച്ചിരി ക്കുന്നയാൾ തനിക്ക്വേണ്ടി ഉദ് ഹിയ്യത്ത് അറുക്കുന്നത് നിശ്ചി ത സമയത്ത് നിർവ്വഹി ക്കേണ്ട തും, മരണപ്പെട്ടയാളുടെ പേരി ലാണെങ്കിൽ അത് ഐച്ഛി കമായതിനാൽ അതിൽ ഇളവ് നൽകപ്പെട്ടതുമാകുന്നു.

നഖം, മുടി, തൊലി എന്നിവ മുറിക്കുന്നത് വിലക്കി യതിലുള്ള യുക്തി ഉദ്ഹിയ്യ ത്തറുക്കുന്ന വ്യക്തി അല്ലാഹു വിലേക്ക് അടുക്കുന്ന ചില കർ മ്മങ്ങളിൽ ഇഹ്റാമിൽ പ്രവേ ശിച്ചവരുമായി സാമ്യതയുള്ള തിനാൽ നഖംമുറിക്കുക, മുടി വെട്ടുക തുടങ്ങിയവയിൽ നി ന്നും വിട്ടുനിൽക്കുക എന്ന നിയമം ഇഹ്റാമിൽ പ്രവേശിച്ച വനെപ്പോലെത്തന്നെ ഉദ്ഹി യ്യത്തറുക്കുന്നവനും ബാധക മാകുന്നു. الله أعلم

പ്രത്യേകം ശ്രദ്ധിക്കുക :
അല്ലാഹു പറയുന്നു :

وَمَن يُعَظِّمْ حُرُمَـٰتِ ٱللَّهِ فَهُوَ خَيْرٌ لَّهُۥ عِندَ رَبِّهِۦ [الحج:٣٠]،

അല്ലാഹു പവിത്രത നൽ കിയ വസ്തുക്കളെ വല്ലവനും ബഹുമാനിക്കുന്നപക്ഷം അത് തന്റെ രക്ഷിതാവിന്റെയടുക്ക ൽ അവന്ന് ഗുണകരമായിരി ക്കും (ഹജ്ജ് : 30 )

അല്ലാഹുവിന്റെ വിധിവില ക്കുകളും അവൻ പവിത്രത നൽകിയതും ആദരിക്കുന്നതി ന് ഇഹത്തിലും പരത്തിലും മഹത്തായ പ്രതിഫലവും ധാ രാളം നന്മയുമുണ്ട്. അത് നിർ വ്വഹിക്കുന്നതിന് ആഗ്രഹമു ണ്ടാകലും അതുമൂലം അല്ലാ ഹുവിന്ന് പരിപൂർണ്ണമായ അനുസരണമനുഭവപ്പെടലും, അത് നിർവ്വഹിക്കുന്നത് ഒരു ഭാരമായി കാണുകയോ അല്ലെ ങ്കിൽ നിസ്സാരവൽക്കരിക്കുക യോചെയ്യാതിരിക്കുന്നതും, അ തിനെ ആദരിക്കുന്നതിൽപ്പെട്ട താകുന്നു. അപ്രകാരം കുടും ബക്കാർ പിതാമഹാന്മാ ർ തു ടങ്ങിയ മുൻഗാമികളുടെ വസി യ്യത്തുകൾ നിറവേറ്റുന്നതും അതിനെ ആദരിക്കുന്നതിൽ പ്പെട്ടതാകുന്നു. അപ്പോൾ ആർ ക്കുവേണ്ടിയാണോ ഉദ്ഹി യ്യത്തറുക്കുന്നതെങ്കിൽ അവ രുടെ കൂടെ മറ്റൊരാളേയും പ്ര തിഫലത്തിൽ പങ്കാളിയാക്കാ തിരിക്കുക. അപ്രകാരം ഉദ്ഹി യ്യത്തറുക്കുന്ന വ്യക്തിയുടെ പേര് ഓർക്കുന്നില്ലെങ്കിൽ എ ന്നോട് ഒസ്യത്ത് ചെയ്ത വ്യ ക്തിയുടെ പേരിലാണിതെന്ന് കരുതേണ്ടതാകുന്നു. അതിനാ ൽ ഉദ്ഹിയ്യത്ത് അറുക്കാൻ വ സിയ്യത്ത് ചെയ്തതാണെങ്കിൽ അത് പരിപൂർണ്ണ ഉത്തര വാദി ത്വത്തോടെയാണ് നിർവ്വഹി ക്കേണ്ടത്. അതിൽ യാതൊരു ക്രമക്കേടുകളുമില്ലാതെ അത് കൃത്യമായിത്തന്നെ ചെയ്യൽ നിർബന്ധമാകുന്നു. കാരണം അല്ലാഹു പറയുന്നു :

﴿فَمَن بَدَّلَهُ بَعْدَمَا سَمِعَهُ فَإِنَّمَا إِثْمُهُ عَلَى ٱلَّذِينَ يُبَدِّلُونَهُ إِنَّ ٱللَّهَ سَمِيعٌ عَلِيمٌ﴾

[البقرة:١٨١].

അത് (വസിയ്യത്ത്) കേട്ട തിനുശേഷം ആരെങ്കിലും അ ത് മാറ്റിമറിക്കുകയാണെങ്കിൽ അതിന്റെ കുറ്റം മാറ്റി മറിക്കു ന്നവർക്ക് മാത്രമാകുന്നു. തീർ ച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്ന വനുമാകുന്നു.(അൽ ബഖറഃ: 181)

ഏതു വിഷയത്തിലെ ഒ സ്യത്തിനും ഇത് ബാധകമാ ണെന്ന് മറക്കാതിരിക്കുക. സ മ്പത്തിനോടുള്ള അമിത പ്രേമം മൂലം മാതാപിതാക്കൾ ചെയ്ത ഔസ്യത്ത്വരെ നേരാംവണ്ണം നിർവ്വഹിക്കാത്തവർ അല്ലാ ഹുവിന്റെ താക്കീതിനെ ഭയപ്പെ ടണമെന്ന് വിനയപ്പൂർവ്വം ഉണ ർത്തുന്നു.

## ബലിയുടെ സമയം :

ദുൽഹജ്ജ് പത്ത് (ബലിദിനം) പെരുന്നാൾ നമസ്കാരം കഴി ഞ്ഞതുമുതൽ അയ്യാമുത്തശ് രീഖിന്റെ അവസാനത്തെ ദിവ സമായ ദുൽഹജ്ജ് 13ന് സൂ ര്യൻ അസ്തമിക്കുന്നത് വരേ യുള്ള സമയമാകുന്നു ഉദ്ഹി യ്യത്ത് അറുക്കേണ്ട സമയം. അപ്പോൾ പെരുന്നാൾ നമസ് കാരത്തിന്റെമുമ്പ് അറുത്താൽ മതിയാകുന്നതല്ല. നബിﷺയു ടെ പ്രവർത്തിയെ അനുഗ മിച്ചും അഭിപ്രായഭിന്നതയിൽ നിന്നൊഴിവാകുന്നതിന്നുമായി ദുൽഹജ്ജ് പത്തിന് തന്നെ അറുക്കുന്നതാകും ഏറ്റവും സൂക്ഷ്മതയെന്ന് ചില പണ്ഡി തന്മാർ അഭിപ്രായപ്പെടുന്നു. എ ന്നാൽ പ്രയാസമാകുകായാ ണെങ്കിൽ ദുൽഹജ്ജ് പതി നൊന്ന് പന്ത്രണ്ട് എന്നീ ദിവ സങ്ങളിലും കൂടി അറുക്കാമെ ന്നാണ് മഹാഭൂരിപ ക്ഷം

പണ്ഡിതന്മാരും അഭി പ്രായ പ്പെടുന്നത്. മാത്രവുമല്ല എല്ലാ വരും ഒരേ ദിവസം ബലിയറു ക്കുന്നതു മൂലം മാംസം സൂ ക്ഷിക്കാനാവശ്യമായ സൗകര്യ മില്ലാത്തത് കൊണ്ട് ദുരുപയോ ഗവും ഒരുവേള നശിപ്പിക്കു കയും ചെയ്യുന്നു. അതിനാൽ എല്ലാവരും ഒരേദിവസം എന്ന സമ്പ്രദായം മാറ്റി അനുവദി ക്കപ്പെട്ട മറ്റു ദിവസങ്ങളിൽ ബ ലിയറുക്കാൻ കുറച്ച് പേർ ത യ്യാറാവേണ്ടതാണ്.

## ബലിയുടെ സമയവുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ

1) ഇാവും പകലും ഉദ്ഹിയ്യ ത്തറുക്കാവുന്നതാണ്. എന്നാ ൽ രാത്രിയറുക്കുന്നതിനേക്കാ ൾ പകലറുക്കുന്നതാണ് ഏറ്റ വും ഉത്തമം. അപ്രകാരം എത്രയും പെട്ടെന്ന് അറുക്കു ന്നതാണ് താമസിച്ച് അറുക്കു ന്നതിനേക്കാൾ ഉത്തമം.

2) ബലി മൃഗം നഷ്ടപ്പെ ടുക യോ മോഷ്ടിക്കപ്പെടുകയോ ചെയ്താൽ അത് ഉടമസ്ഥന്റെ വീഴ്ച കൊണ്ടല്ലെങ്കിൽ പ്രായ ശ്ചിത്തം നൽകേണ്ടതില്ല. എ ന്നാൽ പിന്നീട് അതിനെ ലഭി ക്കുന്ന സന്ദർഭത്തിൽ അറു ക്കേണ്ട താകുന്നു. അറവിന്റെ സമയം അവസാനിച്ചാലും വിരോധമില്ല. ഇനി അയാളുടെ അശ്രദ്ധകാരണമാണ് അത് നഷ്ടപ്പെട്ടതെങ്കിൽ പകരം മറ്റൊരു മൃഗത്തെ അറുക്കേ ണ്ടതാകുന്നു.

3) പെരുന്നാൾ നമസ്കാരം പിന്തിപ്പിക്കപ്പെടുകയോ അല്ലെ ങ്കിൽ മുന്തിപ്പിക്കപ്പെ ടുകയോ ചെയ്യുന്നപക്ഷം അതിന്റെ സ മയത്തെയാണ് പരിഗണിക്കേ ണ്ടത്. ഇത് പട്ടണമെന്നോ ഗ്രാ മമെന്നോ നാട്ടിൽ താമസി ക്കുന്നവനെന്നോ യാത്രക്കാര നെന്നോ വ്യത്യാസമില്ല.

## ബലിയറുക്കുന്നതിന്റെ

## മര്യാദകൾ

1) അറുക്കാൻ ഉപയോഗിക്കുന്ന ആയുധം മൂർച്ചയാക്കുക.

2) ബലിമൃഗത്തെ ഖിബ്‌ലക്ക് അ ഭിമുഖമായി 44 ഇടതുഭാഗ ത്തിനുമേൽ ചെരിച്ചുകിടത്തി ഇടത്തേ കൈ കൊണ്ട് ബലി മൃഗത്തിന്റെ തലയിൽ പിടി ച്ചുകൊണ്ട് വലതുകൈ കൊ ണ്ട് അറുക്കുക അറവ് എളുപ്പ ത്തിലാകാൻ അത് സഹായ കമാകും.

3) ബലിമൃഗത്തിന്റെ കഴു ത്തിന്റെ വലതുഭാഗത്ത് കാൽ വെക്കുന്നത് അറവ് വേഗത്തി ൽ പൂർത്തിയാകുന്നതിന് സ ഹായിക്കുന്നതാണ്.

4) ബിസ്മില്ലാ എന്ന് ചൊല്ലുക. അല്ലാഹു പറയുന്നു.

(فَكُلُوا مِمَّا ذُكِرَ اسْمُ اللَّهِ عَلَيْهِ) (الأنعام: ١١٨).

അതിനാൽ അല്ലാഹുവിന്റെ നാമം ഉച്ചരി(ച്ച് അറു ) ക്കപ്പെ ട്ടതിൽനിന്നും നിങ്ങൾ തിന്നു കൊള്ളുക.(അൻആം:118) നബി ﷺ അരുളി : مَا أَنْهَرَ الدَّمَ وَذُكِرَ اسْمُ اللَّهِ عَلَيْهِ فَكُلُوا

അല്ലാഹുവിന്റെ പേര് പറഞ്ഞുകൊണ്ട് രക്തമൊഴു ക്കിയതിനെ നീ തിന്നുകൊ ള്ളുക. (മു 3538 )

ബിസ്മി ചൊല്ലുന്നതോടൊ പ്പം “ അല്ലാഹു അക്ബർ” എ ന്ന് തക്ബീർ ചൊല്ലലും സുന്ന ത്താകുന്നു. അപ്രകാരം ആർ ക്കു വേണ്ടിയാണോ അറുക്കു ന്നതെങ്കിൽ ആ വ്യക്തിയുടെ പേര് പറയേണ്ടതുമാണ്. കാര ണം നബി ﷺ ബലിയറുത്ത സ ന്ദർഭത്തിൽ ഇപ്രകാരം പ്രാർ ത്ഥിക്കുകയുണ്ടായി

---

٤٤ ബലി മൃഗത്തെ ഖിബ്‌ലക്ക് അഭിമുഖമായി കിടത്തൽ സുന്നത്താകുന്നു. എന്നാൽ ഖിബ് ലക്ക്ധ അഭിമുഖമല്ലാതെ അറുക്കുകയാണെ ങ്കിൽ വിരോധമില്ല. കാരണം നിർബന്ധമാ ണെന്നതിന് പ്രമാണമില്ല. ശൈഖ് അൽബാനി യുടെ മനാസികുൽ ഹജ്ജി വൽ ഉംറഃ 1/34 നോക്കുക.

بِاسْمِ اللهِ اللَّهُمَّ تَقبَّلْ مِنْ مُحَمَّدٍ وَآلِ مُحَمَّدٍ وَمِنْ أُمَّةِ مُحَمَّدٍ

അതിനാൽ ബലിയറുക്കുമ്പോ ൾ നാമും ബിസ്മില്ലാഹി അ ല്ലാഹു അക്ബർ എന്ന് ചൊ ല്ലിയശേഷം അല്ലാഹുവേ ഇത് ഇന്ന വ്യക്തിയുടെ ബലിയാ ണെന്നും എന്നിൽനിന്ന് ഇത് സ്വീകരിക്കേണമേ എന്നും പ്രാ ർത്ഥിക്കേണ്ടതാകുന്നു.

## ബലിമൃഗത്തിനോട് കരുണ കാണിക്കുക.

അറുക്കുന്ന ഉരുവിനോട് നല്ല സമീപനം സ്വീകരിക്കണ മെന്ന് ഇസ്ലാം കണിശമായി നിർദേശിക്കുന്നു. നബി ﷺ പ റയുകയുണ്ടായി :

إِنَّ اللهَ كَتَبَ الْإِحْسَانَ عَلَى كُلِّ شَيْءٍ فَإِذَا قَتَلْتُمْ فَأَحْسِنُوا الْقِتْلَةَ وَإِذَا ذَبَحْتُمْ فَأَحْسِنُوا الذَّبْحَ وَلْيُحِدَّ أَحَدُكُمْ شَفْرَتَهُ فَلْيُرِحْ ذَبِيحَتَهُ ٤٥

നിശ്ചയം അല്ലാഹു എല്ലാ കാര്യത്തിലും നന്മയെ നിശ്ച യിച്ചു. അതിനാൽ നിങ്ങൾ കു റ്റവാളിയെ വധിക്കുകയാണെ ങ്കിൽ ആ വധം നല്ല രൂപ ത്തിൽ ചെയ്യുക. നിങ്ങൾ ഉരു വിനെ അറുക്കുകയാണെങ്കിൽ ആ അറവ് നല്ല രീതിയിൽ ചെയ്യുക. നിങ്ങളിലൊരാൾ അ വന്റെ കത്തി മൂർച്ച കൂട്ടുക യും ഉരുവിന് ആശ്വാസം നൽ കുകയും ചെയ്യട്ടെ. ( മു 3615 )

## ബലിമൃഗത്തിനോട് കരുണ കാണിക്കുന്നതിന് ചില മാർഗ്ഗങ്ങൾ

1) ഉരുവിന്റെ സമീപത്ത്വെച്ച് ആയുധം മൂർച്ച കൂട്ടാതി

٤٥ رواه مسلم ٣٦١٥

രിക്കുക.
2) ഉരുവിനെ മറ്റുമൃഗങ്ങളിൽ നിന്നും മറച്ചുകൊണ്ടായിരിക്കുക.
3) ഉരുവിനെ വലിച്ചിഴച്ച് കൊ ണ്ട്പോകാതെ നല്ല രീതിയിൽ കൊണ്ട് പോകുക.
4) ജീവൻ വേർപിരിയുന്നതി നു മുമ്പ് മൃഗത്തിന് വേദനിക്കുന്ന പ്രവർത്തികൾ ചെ യ്യാതിരിക്കുക.

സാധാരണ അറുക്കുമ്പോഴും ഈ നാല് നിബന്ധനകൾ പാലിക്കേണ്ടതാണ്.

## *ചില നിർദേശങ്ങൾ*

1) അറുക്കുന്നതിന് മറ്റുള്ളവരെ ഏൽപ്പിക്കാതെ സ്വന്തം കൈകൊണ്ട് അറുക്കുന്നതാ ണ് ഏറ്റവും ഉത്തമം.
2) അറുക്കുന്നതിന് മറ്റുള്ളവരെ ഏൽപിക്കുന്നതിൽ വിരോധമില്ല. കാരണം റസൂൽ ﷺ ഹജ്ജത്തുൽ വദാഇൽ 100 ഒട്ടകങ്ങളിൽ 63 എണ്ണം സ്വന്തം കൈ കൊണ്ടും ബാക്കി 37 എണ്ണം അറുക്കു ന്നതിന്ന് അലി رضي الله عنه വിനെ ഏൽപിക്കുകയും ചെയ്തു.[46]
3) ഈദ്ഗാഹിൽ വെച്ചറുക്കു ന്നതാണ് ഏറ്റവും ഉത്തമം. കാരണം ഇബ്നു ഉമർ رضي الله عنه പറയുന്നു :

كَانَ رَسُولُ اللَّهِ ﷺ يَذْبَحُ أَوَيَنْحَرُ بِالْمُصَلَّى ٤٧

നബി ﷺ ഒട്ടകത്തേയും മറ്റു മൃഗങ്ങളേയും അറുത്തി രുന്നത് ഈദ്ഗാഹിൽ വെച്ചാ യിരുന്നു. ( ബു 5126 ന 1571 )

4) ബലിമൃഗം ഒട്ടകമാണെങ്കിൽ അതിന്റെ ഇടതു കൈകെട്ടിയ നിലയിൽ നിറുത്തികൊണ്ട് കഴുത്തിൽ

---

٤٦ رواه أحمد برقم ١٤٠٢٢ وسبل السلام ١٧٧/٤

٤٧ رواه البخاري برقم ٥١٢٦ والنسائي برقم ١٥٧١

കുത്തിക്കൊണ്ടും മറ്റു മൃഗങ്ങളെ ഇടതു ഭാഗ ത്തിനു മേൽചെരിച്ചു കിട ത്തി ഇടത്തേ കൈകൊണ്ട് ബലി മൃഗത്തിന്റെ തലയി ൽപിടിക്കുകയും വലതു കൈ കൊണ്ട് അറുക്കുകയും ചെ യ്യുന്നതാണ് അറവ് എളുപ്പ ത്തിലാകാൻ സഹായകമാ കുക.

5) അറുക്കുമ്പോൾ ബിസ്മിചൊല്ലാൻ മറന്നു പോകരുത്. ബിസ്മി ചൊല്ലി യശേഷം അറുക്കാൻ താമസ മുണ്ടായാൽ വീണ്ടും ചൊല്ലേ ണ്ടതാകുന്നു.

6) ഉദ്ഹിയ്യത്തിന്റെ മാംസമോ കൊഴുപ്പോ തോലോ ഒന്നും തന്നെ വിൽക്കാൻ പാടില്ല. കാരണം ഇത് അല്ലാഹു വിന്നുവേണ്ടി അറുക്കപ്പെട്ട താകുന്നു.

7) ഉദ്ഹിയ്യത്തിൽനിന്നും അറ വുപണിക്കുള്ള കൂലിയായി നൽകാൻ പാടില്ല . എന്നാൽ അറവുകാരൻ ദരിദ്രനായത് കൊണ്ട് മറ്റുള്ളവർക്ക് നൽ കുന്നത് പോലെ നൽകു ന്നതിനോ ദാനമായി നൽ കുന്നതിനോ വിരോധമില്ല. ഇതിന് പുറമെ അറവു കൂലി വേറെ നൽകേണ്ടതുമാകു ന്നു.

## വിതരണം ചെയ്യേണ്ട രീതി

ബലിമാംസം മൂന്ന് രീതിയി ലൂടെ ചിലവഴിക്കാം

1) സ്വന്തം തിന്നുക
2) മറ്റുള്ളവർക്ക് സമ്മാനി ക്കുക.
3) ദാനം ചെയ്യുക.

മുൻഗാമികളിൽ ചിലർ ബലി മാംസം ഇങ്ങിനെ മൂന്ന് ഭാഗങ്ങളായി ഭാഗിക്കുമായിരു ന്നു. എന്നാൽ സൗകര്യ പ്രകാ രം ചെയ്യാവുന്നതാണ്. ഇങ്ങി നെ മൂന്നായി ഭാഗിക്കു കയോ വിതരണത്തിനും ഉടമകളെടു

ക്കുന്നതിനും പരിധിയോ നിശ്ച യിച്ചിട്ടില്ല. എന്നാൽ ഉരുവിന്റെ പ്രധാനപ്പെട്ട ഭാഗങ്ങൾ സ്വന്ത മായി എടുക്കുകയും തനിക്ക് ആവശ്യമില്ലാത്തത് മാത്രം ദാ നം ചെയ്യുകയും ചെയ്യുന്ന പ്ര വണത പലരിലും കണ്ടുവരുന്നു. ഇതിന് പ്രമാണങ്ങളുടെ പിൻബലമില്ല. അല്ലാഹു പറയു ന്നു :

" ആ ബലി ഒട്ടകങ്ങൾ അ വയുടെ പാർശ്വങ്ങളിൽ വീ ണാൽ അവയിൽനിന്ന് നിങ്ങ ൾ ഭക്ഷിക്കുകയും (യാചി ക്കാതെ) സംതൃപ്തിയടയുന്ന വനും ആവശ്യപ്പെട്ടു വരുന്ന വനും നിങ്ങൾ ഭക്ഷിക്കാൻ കൊടുക്കുകയും ചെയ്യുക.( ഹ ജ്ജ് : 36 )

അപ്പോൾ പാവങ്ങൾക്ക് ദാനംചെയ്യുകയും അതിൽ നിന്ന് ഉടമകൾക്ക് ഭക്ഷിക്കുക യും ചെയ്യാവുന്നതാണ്. നബി ﷺ പറഞ്ഞു: നിങ്ങൾ തിന്നു കയും മറ്റുള്ളവർക്ക് തിന്നാൻ കൊടുക്കുകയും സൂക്ഷിക്കു കയും ചെയ്യുക. (ബു 5143 )

ജാബിർ رضي الله عنه പറയുന്നു :ഞങ്ങൾ ഉദ്ഹിയ്യത്തിന്റെ മാം സം മദീന വരേയുള്ള യാത്ര യ്ക്ക് ഭക്ഷണമായി കൊണ്ട് പോകാറുണ്ടായിരുന്നു. ( ബു :2758 )

## പ്രത്യേക ശ്രദ്ധയ്ക്ക്

- വീട്ടിൽ ജോലി ചെയ്യുന്ന ഡ്രൈവർ , പണിക്കാരൻ തുട ങ്ങിയവർ അറുക്കുന്നത് ശ്ര ദ്ധിക്കുക കാരണം അവരിൽ വിശ്വാസികളും അവിശ്വാസി കളും ഉണ്ടാവാം, ചില പ്പോൾ അഗ്നിയാരാധകനോ സിക്കുകാരനോ ബുദ്ധമത ക്കാരനോ ഹിന്ദുമതക്കാരനോ ആയേക്കാം ഇവർ അറുത്ത ത് മുസ്ലിംകൾക്ക് തിന്നാൻ പാടില്ല.
- നമ്മുടെ ആവശ്യംകഴിച്ച് മിച്ചമുള്ള ബലി മൃഗത്തിന്റെ തോല്, രോമം പോലുള്ളത്

സാമൂഹ്യക്ഷേമനിധിയിലേക്ക് സംഭാവനചെയ്യുന്നത് കൂടുത ൽ ഉപകാരപ്പെടും.

- അന്ത്യദിനത്തിൽ സാക്ഷി നിൽക്കുമെന്ന വിശ്വാസത്തി ൽ അജ്ഞാന കാലത്ത് ബലി യറുത്തതിന് ശേഷം അതി ന്റെ രക്തമെടുത്ത് ചുമരിൽ പതിക്കുന്ന സമ്പ്രദായത്തിന് മതത്തിൽ യാതൊരു രേഖ യുമില്ല.

- ഒരു വിഭാഗം ജനങ്ങൾ പ്രായമാകുന്ന സന്ദർഭത്തിൽ മരണശേഷം തന്റെ സമ്പ ത്തിൽ നിന്ന് ഒരോഹരി ഉദ് ഹിയ്യത്തറുക്കാൻ വസിയ്യത്ത് ചെയ്യുന്നതായി കാണാം. യ ഥാർത്ഥത്തിൽ മതപ്രബോ ധനം, സാമൂഹ്യ ക്ഷേമപ്രവ ർത്തനങ്ങൾ, അല്ലാഹു വിന്റെ മാർഗ്ഗത്തിൽ സായുധ സമര ത്തിനാവശ്യമായ ചിലവുക ൾ തുടങ്ങി ഉദ്ഹിയ്യത്തിനേ ക്കാൾ സമൂഹത്തിന് ആവശ്യ മായ പല നന്മകളും അവർ മറന്നുപോകുന്നു.

- ശൈഖുൽ ഇസ്‌ലാം മുഹ മ്മദുബ്നു അബ്ദിൽ വഹാ ബ് ﵀ യോട് മരണപ്പെട്ട വ്യ ക്തിയുടെമേൽ ധർമ്മം ചെയ്യു ന്നതാണോ ഉത്തമം, അതോ അദ്ദേഹത്തിന് ഉദ്ഹിയ്യത്തറു ക്കുന്നതാണോ ഉത്തമമായത് എന്ന ചോദ്യത്തിന് അദ്ദേഹം നൽകിയ മറുപടി : ഉദ്ഹിയ്യ ത്തിനേക്കാൾ ധർമ്മമാണ് ഞാൻ നന്നായികാണുന്നത് എന്നായിരുന്നു.. [48]

- ശേഷിയില്ലാത്ത കാരണ ത്താൽ ഉദ്ഹിയ്യത്തറുക്കാ ത്തവർക്ക് നബി ﷺ ബലി യറുത്ത സന്ദർഭത്തിൽ പറ ഞ്ഞു

" اللهم هذا عني وعمن لم يضح من أمتي"٤٩

٤٨ الدرر السنية ٣/ ٤١٠

٤٩ أبو داود ٢٨١٠ الترمذي ١٥٧٤ وصححه الألباني فيهما

അല്ലാഹുവേ ഈ ബലി എ ന്റേയും എന്റെ സമുദായത്തി ൽനിന്ന് ബലിയറുക്കാത്തവ ർക്കുമാകുന്നു.എന്ന പ്രാർത്ഥ നയുടെ പ്രതിഫലം ലഭിക്കു ന്നതാകുന്നു.( ദ 2810 )

**പ്രധാന അറിയിപ്പ്**

ബലിദിനങ്ങളിൽ അമിത മായി ഭക്ഷണം കഴിക്കുന്നത് ഇന്ന് സർവ്വസാധാരണയായി കണ്ടുവരുന്നു. ഇത് ശരീരത്തി നു ഉപദ്രവം ചെയ്യുന്നതാകു ന്നു. അമിതമായി മാംസം കഴി ക്കുന്നത്മൂലം ദഹനത്തിന് ബു ദ്ധിമുട്ടുണ്ടാക്കുന്നു. പ്രത്യേകി ച്ച് ചെമ്മരിയാടിന്റെ മാംസം കൂടുതൽ കൊഴുപ്പുള്ളതാകു ന്നു.

മാംസ്യം (Protein)ഉണ്ടാകു ന്നതിന്റെ മുഖ്യ കേന്ദ്രം മാം സത്തിൽ നിന്നാണെന്നും അ പ്രകാരം അടിസ്ഥാനപരമായ എല്ലാ അമിനാ അംളങ്ങളും ( aminoacid) അടങ്ങുന്നത് പോ ലെ ചില ലോഹങ്ങളും, വിറ്റാ മിൻ ആയു മടങ്ങിയിരിക്കുന്ന തിനാൽ നല്ല പോഷകാഹാരം കൂടിയാണ് മാംസമെന്ന് നമു ക്കെല്ലാവർക്കും അറിയാവുന്ന താണ്. നാം മാംസം മിതമായി കഴിക്കുകയാണെങ്കിൽ ഈ ഉ പകാരങ്ങളെല്ലാം നമുക്ക് ശേ ഖരിക്കാൻ കഴിയുന്നതാണ്. എ ന്നാൽ സാധാരണയിൽ നിന്ന് ഇത് അമിതമാകുകയാണെങ്കി ൽ രക്തത്തിലെ കൊഴുപ്പ് വർ ദ്ധിക്കുക വഴി കോളസ്ട്രോളി ന്റെ അളവ് വർദ്ധിക്കാൻ കാര ണമാകുകയും ശരീരത്തിൽ അമോണിയം ക്ലോറൈഡ് അ ടിഞ്ഞു കൂടുന്നതോടൊപ്പം ര ക്തത്തിലെ യൂറിക്കാസിഡ് വ ർദ്ധിക്കുകയും ചെയ്യുന്നു. പ്ര ത്യേകിച്ച് സന്ധിവാദമുള്ളവർ ക്കും കിഡ്നി രോഗമുള്ളവ ർ ക്കും ഇത് കൂടാൻ സാധ്യത യുണ്ട്. അപ്രകാരം രക്തനാള ങ്ങളിൽ മാംസ്യങ്ങളിലെ ഒരു വലിയ പകുതി

വലിച്ചെടുക്ക പ്പെടുന്നതിനാലുള്ള അലർജി ഉണ്ടാകുന്നതിനാൽ ശരീര ത്തിൽ മാംസ്യം ഉടച്ച് ദഹിപ്പി ക്കുകയും ശരീരം തടിപ്പിക്ക ുന്നതിനാവശ്യമായ യൂനിറ്റുക ളാക്കി മാറ്റാനുള്ള ശക്തി കുറ ഞ്ഞവർ കൂടുതൽ മാംസം ക ഴിക്കാവതല്ല.

മാംസം പെട്ടെന്ന് കേടു വരുന്ന ഭക്ഷണങ്ങിൽപ്പെടു ന്നതിനാൽ അത് വളരെ സൂ ക്ഷിച്ചുകൊണ്ടായിരിക്കണം ഉ പയോഗിക്കേണ്ടത്. കാരണം അത് അണുക്കൾ പെരുകുന്ന തിന് കൂടുതൽ സാഹചര്യമു ണ്ടാകുന്നു. പ്രത്യേകിച്ച് ഹാജി മാർ അറവിനായി തയാറാക്കി യിട്ടുള്ള അറവു ശാലക ളിലല്ലാതെ അറുക്കരുത്. അപ്ര കാരം ഭക്ഷണം പാകം ചെയ്യു ന്ന വ്യക്തികൾ വളരെയധികം ശുചിത്വം പാലിക്കുകയും മാം സം വേവുന്നതിനുള്ള സമയം പരിഗണിക്കുകയും ചെയ്യേണ്ട താകുന്നു.

## പെരുന്നാൾ ദിവസങ്ങൾ

സന്തോഷത്തിന്റേയും ആനന്ദത്തിന്റേയും ദിവസമാണ് പെരുന്നാൾ സുദിനം. എന്നാൽ വിശ്വാസികളുടെ സന്തോ ഷവും ആനന്ദവുമെല്ലാം തങ്ങളുടെ രക്ഷിതാവിനെ അനു സരിക്കുന്നത് പൂർത്തിയാക്കുന്നതിൽ അവർക്ക് വിജയം കൈവരിക്കുകയും കർമ്മങ്ങളുടെ പ്രതിഫലം സ്വായത്ത മാക്കുകയും ചെയ്യുമ്പോൾ അ വരോട് വാഗ്ദാനം ചെയ്യപ്പെട്ട രക്ഷിതാവിന്റെ ഔദാര്യവും പാപമോചനവും ലഭിക്കുന്നു വെന്നതിനാൽ അവരുടെ യ ജമാനുമായി ബന്ധപ്പെട്ടുകിട ക്കുന്നു.

അല്ലാഹു പറഞ്ഞു: قل بفضل الله و رحمته فبذلك فليفرحوا هو خير مما يجمعون) [يونس: ٥٨

പറയുക: അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടും കാരു ണ്യം കൊണ്ടുമാണത്. അതു കൊണ്ട് അവർ സന്തോഷി ച്ചുകൊള്ളട്ടെ. അതാണ് അവർ സമ്പാദിച്ചു കൊണ്ടിരിക്കു ന്നതിനേക്കാൾ ഉത്തമമായിട്ടു ള്ളത്. (യൂനുസ്:58)

## ഈദാശംസ

പെരുന്നാൾ ആശംസകൾ നേരുന്നത്കൊണ്ട് മനസ്സിലെ കറകളും വിദ്വേഷങ്ങളും നീ ക്കി വിശ്വാസികളിൽ ഇണക്ക വും പരസ്പര സാഹോദര്യ വും സ്നേഹവും കാരുണ്യ വും ബന്ധവും ഊട്ടിയുറപ്പിക്കുന്നതും, മാത്രമല്ല അത് മനസ്സുകളിലെ പക നീക്കു കയും തെറ്റുധാരണകൾ മാറ്റു കയും ചെയ്യുന്നു. പെരുന്നാൾ ആശംസകൾ നേരുന്നത് ഒരു നല്ല

വാക്കാകുന്നു. അതിന്റെ ഫലം മഹത്തരവും അതിന്റെ സ്വാധീനം അമൂല്യവുമാകു ന്നു. എത്രത്തോളമെന്നാൽ ചി ല മഹാന്മാർ ഇതിനെക്കുറിച്ച് പറഞ്ഞത്: അത് ഒഴിവാക്കുന്ന ത് കൊണ്ട് ചില പ്പോഴെങ്കി ലും ബന്ധങ്ങൾ മുറിയുക യും പല കുഴപ്പങ്ങളും ഉണ്ടാ കുന്നതിനാൽ പെരുന്നാ ളാശംസകൾ നിർബന്ധമാണെ ന്ന് പറയുന്നതിൽ തെറ്റൊ ന്നു മില്ല. അതു മാത്രമല്ല മുസ്ലിം കൾ പരസ്പരം സ്നേഹവും സൗഹാർദ്ദവും ഉള്ളവരായിരി ക്കാൻ കൽപിക്കപ്പെട്ടവരുമാ ണ്. ഇമാം അബൂഹുറൈറ ﷺ പറയുന്നു: നബി ﷺ പറയുക യുണ്ടായി : സദ്വചനം ധർമ്മ മാകുന്നു. ( ബു 2827 മു 1009)

## ഈദാശംസയുടെ മതവിധി

പെരുന്നാൾ ദിവസത്തിൽ ഈദാശംസകൾ പരസ്പരം കൈമാറുന്നത് അനുവദനിയ മാണ്.

قال شيخ الإسلام ابن تيمية رحمه الله : "فالتهنئة يوم العيد بقول بعضهم إذا لقيه بعد صلاة العيد: تقبل الله منا ومنك، وأعاده الله علينا، ونحو ذلك، فهذا قد روي عن طائفة من الصحابة أنهم كانوا يفعلونه، ورخص فيه الأئمة كأحمد وغيره، فمن فعله فله قدوة ومن تركه فله قدوة".٥٠

ശൈഖുൽ ഇസ്ലാം ഇബ് നു തൈമിയ ﵀ പറയുകയു ണ്ടായി: പെരുന്നാൾ ദിവസം പെരുന്നാൾ നമസ്കാര ശേഷം പരസ്പരം കണ്ടു മുട്ടുമ്പോൾ تقبل الله

٥٠ فتاوى ابن تيمية ٢٤/ ٢٥٣

منا ومنك، وأعاده الله علينا (അല്ലാഹു നമ്മളിൽ നിന്നും നിങ്ങളിൽ നിന്നും കർമ്മങ്ങൾ സ്വീകരിക്കട്ടെ,.......) ഇതു പോ ലുള്ളവ പറയുന്നതാണ് ഈദാ ശംസ. ഇത് ചില സഹാബീ വര്യൻമാരിൽനിന്നും ഉ ദ്ധ രിക്കപ്പെട്ടതാകുന്നു. അവർ ഇ പ്രകാരം ആശംസകൾ അർപ്പി ക്കുമായിരുന്നു. ഇമാം അഹ്മദ് ﷺയെപോലുള്ള ചില ഇമാമു കൾ ഇത് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ അത് ചെയ്യുന്നതിന് മാതൃക യുണ്ട്. അത് ഒഴിവാ ക്കുക യാണെങ്കിൽ അതിനും മാതൃക യുണ്ട്. ( ഫ ത : 24/253 )

قال العلامة ابن عثيمين رحمه الله : التهنئة بالعيد جائزة، وليس هناك صيغة معينة بل ما اعتاده الناس فهو جائز، ما لم يكن إثماً".

അല്ലാമ ഇബ്നു ഉഥൈ മീൻﷺ പറയുകയുണ്ടായി: പെ രുന്നാളാശംസകൾ നേരുന്നത് അനുവദനീയമാണ്. അതിന് പ്രത്യേകം വാക്കുകളില്ലെങ്കി ലും കുറ്റമല്ലാത്ത ജനങ്ങൾ പ തിവാക്കിവരുന്നവ അനുവദ നീയമാകുന്നു.

## പാലിക്കേണ്ട നിയമങ്ങൾ

1) നമസ്കാരം പൂർണമായും നഷ്ടപ്പെടുകയാണെങ്കിൽ ളുഹ്റിനുമുമ്പായി തക്ബീ റുകളോടു കൂടി രണ്ട് റക അത്ത് നമസ്കരിക്കേണ്ട താകുന്നു.

പെരുന്നാൾ നമസ്കാരം നഷ് ടപ്പെട്ടാൽ രണ്ട് റകഅത്ത് നമ സ്കരിക്കേണ്ടതാകുന്നു. എന്ന ഒരദ്ധ്യായം തന്നെ കൊടു ത്തുകൊണ്ട് ഇമാം ബുഖാരി ﷺ ഈ വിഷയം വിവരിക്കു ന്നുണ്ട്.

2) നമസ്കാരത്തിൽ പങ്കെടു ത്തവന് ഖുത്ബ കേൾക്കാൻ ഇരിക്കുകയോ അല്ലെങ്കിൽ സ്ഥലം

വിടുകയോ ചെയ്യാ വുന്നതാണ്.എന്നാൽ നമസ് കാരശേഷം ഖുതുബ ശ്രവി ച്ചതിന്ശേഷം പോകുന്നതാ ണ് ഉത്തമം.

3) മുസ്ലിംകളുടെ പ്രാർത്ഥ നയിൽ പങ്കാളികളാകുന്നതി നായി പെരുന്നാൾ നമസ് കാരത്തിൽ പങ്കെടുക്കാൻ കുട്ടികളെ പ്രേരിപ്പിക്കുക. ഇ മാം ബുഖാരി ﷺ അദ്ദേ ഹ ത്തിന്റെ സ്വഹീഹിൽ باب خروج الصبيان إلى المصلى കുട്ടികൾ പെരുന്നാൾ നമ സ്കാരത്തിന് പുറപ്പെടൽ എ ന്നതിനെകുറിച്ച് വിവരി ക്കു ന്ന ഒരധ്യായം നൽകി കൊ ണ്ട് തുടർന്ന് ഇബ്നു അബ്ബാ സ്ﷺവിന്റെ ഹദീസ് കൊടു ക്കുന്നത്ശ്രദ്ധിക്കുക. അദ്ധേ ഹം പറഞ്ഞു: ഞാൻ നബി ﷺയുടെ കൂടെ ചെറിയ പെരു ന്നാളിനോ ബലി പെരുന്നാ ളിനോ പുറപ്പെടുകയുണ്ടാ യി അങ്ങനെ അദ്ദേഹം പെരു ന്നാൾ നമസ്കരിക്കുകയും ഒരു പ്രസംഗം നടത്തുകയും ചെയ്തു. ശേഷം സ്ത്രീകളെ സമീപിച്ച് അവർക്ക് പ്രത്യേ കം ഉപദേശം നൽകുകയും ഉൽബോധനം നൽകുകയും ധർമ്മം ചെയ്യാൻ ഉപദേശി ക്കുകയും ചെയ്തു. ( ബു 975 )

4) പെരുന്നാൾനമസ്കാരത്തിൽ തക്ബീറുകൾക്കിടയിൽ പ്രത്യേകം പ്രാർത്ഥന കൾ ചൊല്ലിയതായി ഹദീസുകളി ൽ വന്നിട്ടില്ല. എന്നാൽ അ ബ്ദുല്ലാഹിബ്നുമസ് ഊദ് ﷺ തക്ബീറുകൾക്കിടയിൽ അ ല്ലാഹുവിനെ സ്തുതിക്കുക യും പുകഴ്ത്തുകയും നബി ﷺയുടെ മേൽ സ്വലാത്ത് ചൊല്ലുകയും ചെയ്തിരുന്നു വെന്ന് ഉദ്ധരിക്കപ്പെട്ടിരിക്കു ന്നു. ( ത മി 349 ഇ ഗ 642 )

## പെരുന്നാൾ ദിവസത്തിലെ ആരാധനകൾ

അല്ലാഹു പറയുന്നു :

وَلِكُلِّ أُمَّةٍ جَعَلْنَا مَنْسَكاً لِيَذْكُرُوا اسْمَ اللَّهِ (الحج:٣٤)

ഓരോ സമുദായത്തിനും നാം ഓരോ ആരാധനാ കർമ്മം നിശ്ചയിച്ചിട്ടുണ്ട്. അല്ലാഹുവി ന്റെ നാമം ഉച്ചരിക്കുന്നതി ന്ന് വേണ്ടി . (ഹജ്ജ്: 34)

منسكا (ആരാധനാ കർമ്മം) എന്നതിന്റെ വിവക്ഷ

ഇബ്നു അബ്ബാസ് ﷺ വിശദീകരിക്കു ന്നത് പെരുന്നാൾ എന്നാകു ന്നു.[51] ഇതടിസ്ഥാനത്തിൽ പെ രുന്നാൾ സന്തോഷത്തിന്റേ യും ആരാധനയുടേയും അല്ലാ ഹുവിലേക്കടുക്കുന്നതുമായ ദി വസമാകുന്നു.

താഴെ വരുന്ന കാര്യങ്ങളിൽ ഇവ പ്രകടമാകുന്നതുമാണ്.

1) പെരുന്നാൾ നമസ്കാരം

അല്ലാഹു പറയുന്നു :

فَصَلِّ لِرَبِّكَ وَانْحَرْ. (الكوثر:٢)

ആകയാൽ നീ നിന്റെ രക്ഷി താവിനുവേണ്ടി നമസ്കരിക്കു കയും ബലിയർപ്പിക്കുകയും ചെയ്യുക. ( കൗഥർ : 2)

2) തക്ബീർ ചൊല്ലുക അല്ലാ ഹു പറഞ്ഞു :

وَلِتُكَبِّرُوا اللَّهَ عَلَى مَا هَدَاكُمْ. (البقرة:١٨٥)

---

[٥١] تفسير ابن كثير ٣/ ٣٦٦

നിങ്ങൾക്ക് നേർവഴി കാ ണിച്ചുതന്നതിന്റെ പേരിൽ അ ല്ലാഹുവിന്റെ മഹത്വം നിങ്ങൾ പ്രകീർത്തിക്കുവാനും വേണ്ടി യത്രെ(ഇങ്ങിനെകൽപിച്ചിട്ടുള്ളത്.) (അൽബഖറഃ 185)

3) തിന്നുകയും കുടിക്കുകയും അല്ലാഹുവിനെ സ്മരിക്കുക യും ചെയ്യുക. നബിﷺ പറ ഞ്ഞു:

أيام التشريق أيام أكل وشرب وذكر الله.[٥٢]

അയ്യാമുത്തശ്രീഖിന്റെ ( ദുൽഹജ്ജ് 11, 12, 13 എന്നീ ദിവസങ്ങൾ) ആഹാരപാനാദി കൾക്കും ദൈവസ്മരണക്കു മുള്ള ദിവസങ്ങളാണ്. ( അ 10930 മു 1141 )

4) അല്ലാഹുവിന്റെ അനുഗ്രഹ ങ്ങൾക്ക് നന്ദിയായി കൊണ്ട് ബലിയറുക്കുക.

5) അലംകൃതമാവുകയും ആ ഹ്ലാദിക്കുകയും സന്തോഷം പ്രകടിപ്പിക്കുകയും ചെയ്യുക.

6) കുടുംബബന്ധം പുലർത്ത ൽ

فَهَلْ عَسَيْتُمْ إِن تَوَلَّيْتُمْ أَن تُفْسِدُوا فِي الْأَرْضِ وَتُقَطِّعُوا أَرْحَامَكُمْ (٢٢) سورة محمد

എന്നാൽ നിങ്ങൾ കൈകാ ര്യകർത്വം ഏറ്റെടുക്കുകയാ ണെങ്കിൽ ഭൂമിയിൽ നിങ്ങൾ കുഴപ്പമുണ്ടാക്കുകയും നിങ്ങ ളുടെ കുടുംബബന്ധങ്ങൾ വെ ട്ടിമുറിക്കുകയും ചെയ്തേക്കു മോ? ( മുഹമ്മദ് : 22 ) ഇതെ ല്ലാം തന്നെ അന്ന് ഇബാദ ത്താകുന്നു.

*അവസാനമായി*

ആയിശ ﵂ നിവേദനം അവർ പറയുന്നു : നബി ﷺ

[٥٢] رواه أحمد ١٠٩٣٠ مسلم برقم ١١٤١

എന്റെ അടുത്തേക്ക് കടന്നു വന്നു. അപ്പോൾ രണ്ടു പെൺ കുട്ടികൾ ബുആസ് യുദ്ധ ഗീതം ആലപിച്ചു കൊണ്ടിരി ക്കുകയായിരുന്നു. അങ്ങിനെ അദ്ദേഹം വിരിപ്പിൽ കിട ക്കുകയും മുഖം തിരിക്കു കയുമുണ്ടായി. പിന്നീട് അബൂ ബക്കർ ﷺ കടന്നുവരികയും അല്ലാഹുവിന്റെ റസൂലിന്റെ യടുക്കലാണോ പിശാചിന്റെ കുഴലൂത്ത് ? എന്ന് എന്നെ ആ ക്ഷേപിക്കുകയുണ്ടായി. ഉടനെ റസൂൽ ﷺ വന്നുകൊണ്ട് അവരെ വിട്ടേക്കുക എന്ന് പറയുകയുണ്ടായി പിന്നീട് അദ്ധേഹം (അബൂബക്കർ ﷺ) അശ്രദ്ധനായപ്പോൾ ഞാനവ രോടാംഗ്യം കാണിക്കുകയും അവർ പുറത്ത് വരികയും ചെ യ്തു...(ബു 897 മു 1482)[53]

ഹാഫിളുബ്നു ഹജർ ﷺ പറയുന്നു: പെരുന്നാൾ ദിവ സം മനസ്സന്തോഷവും ശാരീരി കോന്മേഷവും നൽകുന്ന അ നുവദനീയമായ വിനോദങ്ങ ളിലേർപ്പെടുന്നതിന് കുടുംബ ങ്ങൾക്ക് സൗകര്യവും വിശാ ലതയും നൽകണമെന്നും മേ ൽദിവസം ആരാധനയിൽ മാ ത്രം മുഴുകുന്നതിന് അവരെ നിർബന്ധിക്കരുതെന്നും മേൽ ഹദീസിൽനിന്നും സുതരം ഗ്ര ഹിക്കാം. അപ്രകാരം പെരു ന്നാളിന്ന് സന്തോഷം പ്രകടി പ്പിക്കൽ മതചിഹ്നങ്ങളിൽപ്പെട്ട താണെന്നും മനസ്സിലാക്കാം. ( ഫ ബ 2/514 )

ആകയാൽ അല്ലാഹുവി ന്റെ ഔദാര്യം ഓർത്തു നോ ക്കൂ മുസ്ലിംകൾ പെരുന്നാളി ൽ സന്തോഷിക്കുകയും അല്ലാ ഹു അതിന് പ്രതിഫലം നൽകു കയും ചെയ്യുന്നു. കാരണം അ ത് മതത്തിന്റെ ചിഹ്നങ്ങളിൽ പ്പെട്ടതാകുന്നു. എന്നാൽ ഈ സന്തോഷപ്രകടനം മതത്തിന്റെ അതിർ

---

٥٣ صحيح البخاري برقم ٨٩٧ صحيح مسلم برقم ١٤٨٢

വരമ്പുകളിൽ നിന്നു കൊണ്ടായിരിക്കണം. വിലക്ക പ്പെട്ടതും സംഗീതവുമായി പെ രുന്നാൾ ആസ്വദിക്കുന്നത് മ തം അനുവദിക്കുന്നില്ലെന്ന് മാ ത്രമല്ല അത് പിശാചിന്റെ പ്രേ രണയും കൂടിയാകുന്നു.

പെരുന്നാൾ പ്രമാണിച്ച് തീ യറ്ററുകളിലും ബാറുകളിലും കേറിയിറങ്ങുന്ന സാമൂഹിക സ്ഥിതിയാണിന്ന് നമുക്കിടയി ലുള്ളത്. സമുദായങ്ങളുടെ ഇ ഴകിച്ചേരലിൽ സംസ്കാരങ്ങ ൾ സമ്മിശ്രമാകുന്നു. പൈതൃ കങ്ങളും പാരമ്പര്യങ്ങളും വി സ്മരിക്കപ്പെടുന്നു. മത ചടങ്ങു കളിലേക്ക് അന്യ സംസ്കാര ങ്ങൾ ചേക്കേറിക്കൂടാ . ഇസ് ലാമിക വിരുദ്ധസംസ്കാരങ്ങ ളുടെ കടന്നുകയറ്റത്തിൽ നാം ജാഗരൂകരാകുക.

## ഏതാണ് ഏറ്റവും ശ്രേഷ്ടമായത്. ചെറിയപെരുന്നാളോ ബലിപെരുന്നാളോ ?

ശൈഖുൽ ഇസ്ലാം رحمه الله പ റയുന്നു : രണ്ടു കാരണങ്ങൾ കൊണ്ട് ചെറിയ പെരുന്നാളി നേക്കാൾ ബലിപെരുന്നാളാണ് ഏറ്റവും ശ്രേഷ്ടമായത്.

1) ചെറിയപെരുന്നാളിലെ ആ രാധനയായ ഫിത്വ്റ് സകാ ത്തിനേക്കാൾ ശ്രേഷ്ടമാണ് ബലിപെരുന്നാളിലെ ആരാധ നയായ ബലിയറുക്കുന്നത്.

2) അനാവശ്യമായ വാക്കും പ്ര വർത്തിയും മൂലം നോമ്പുകാ രന്വന്നുപോയ പിഴവുകളിൽ നിന്ന് അവനെ ശുദ്ധീകരിക്കാ നും പാവങ്ങൾക്ക് ആഹാര ത്തിനുമായാണ് ഫിത്വ്റ് സകാ ത്ത് നിർബന്ധമാക്കിയിരിക്കെ അത് നോമ്പുമായി ബന്ധപ്പെ ട്ടുകിടക്കുന്നു. അത് നമസ്കാ രത്തിന് മുമ്പ് കൊടുക്കലാണ് നബിചര്യ. ബലിയറുക്കുന്നതാ കട്ടെ പെരുന്നാൾ ദിവസം ചെ യ്യേണ്ട ഒരു പ്രത്യേക ആരാധ

നയാകുന്നു. അത് കൊണ്ട്ത ന്നെ അല്ലാഹു പറഞ്ഞത് പോ ലെ .(فَصَلِّ لِرَبِّكَ وَانْحَرْ) ആകയാൽ നീ നിന്റെ രക്ഷിതാവിനുവേണ്ടി നമസ്ക രിക്കുകയും അറുക്കുകയും ചെയ്യുക. (കൗഥർ:2) ഇത് നമ സ്കാര ശേഷം അറുക്കുന്നു. പല നാടുകളിലായി ജനങ്ങ ൾ പെരുന്നാൾ നമസ്കാരങ്ങ ൾ നിർവ്വഹിക്കുന്നത് ഹാജിമാ ർ ജംറത്തുൽ അഖബയിൽ എ റിയുന്ന സ്ഥാനത്തും പല നാ ടുകളിലായി ജനങ്ങൾ ഉദ്ഹി യ്യത്തറുക്കുന്നത് ഹാജിമാർ ബ ലികർമ്മം നിർവ്വഹിക്കുന്ന സ്ഥാനത്തുമാകുന്നു. ( ഫ ത 24/222 )

## പെരുന്നാൾ നമസ്കാരം

പെരുന്നാൾ നമസ്കരി ക്കുന്നതിന് താൽപര്യം കാ ണിക്കുകയും മുസ്‌ലിംകളുടെ കൂടെ അതിൽ പങ്കെടുക്കേണ്ട തുമാകുന്നു. പിശാച് വ്യതിച ലിപ്പിക്കുന്നതിൽ അകപ്പെട്ട് ഈ കർമ്മത്തിൽ പങ്കെടുക്കു ന്നതിനേക്കാൾ ഉറക്കത്തിന് താൽപര്യം കൊടുക്കാതിരിക്കു ക. ശൈഖുൽ ഇസ്‌ലാം ഇബ് നുതൈമിയ ﷺ യെ പോലെ പല പണ്ഡിതന്മാരും പെരു ന്നാൾ നമസ്കാരം നിർബന്ധ മാണെന്ന അഭിപ്രായക്കാരാകു ന്നു. .(فَصَلِّ لِرَبِّكَ وَانْحَرْ) ആകയാൽ നീ നിന്റെ രക്ഷി താവിനുവേണ്ടി നമസ്കരിക്കു കയും അറുക്കുകയും ചെയ്യു ക. (കൗഥർ: 2) എന്ന ആയത്താണ് അതിനവർക്ക് പ്ര മാണം. മതപരമായ കാരണ മുള്ളവർക്ക് മാത്രമേ പെരു ന്നാൾ നമസ്കാരം നിർബന്ധ മല്ലാതാകുകയൊള്ളൂ. സ്ത്രീക ൾപോലും മുസ്‌ലിംകളുടെ കൂ ടെ പെരുന്നാൾ നമസ്കാര ത്തിൽ പങ്കെടുക്കേണ്ടതാകു ന്നു. ആർത്തവകാരികൾ നമ

സ്കാരത്തിൽ നിന്നും മാറി നി ൽക്കണമെന്നൊഴിച്ചാൽ കന്യ കകളും ആർത്തവകാരികൾ പോലും ഈ ദുഗാഹിൽ പ ങ്കെടുക്കേണ്ടതാകുന്നു.

## പെരുന്നാൾ ദിനത്തിൽ പാലിക്കേണ്ട മര്യാദകൾ

ബലിദിനം ഒരു മഹത്തായ ദിനമാണ്. കാരണം അത് മഹ ത്തായ ഹജ്ജിന്റെ ദിവസമാ കുന്നു. ഇബ്നു ഉമർ ﷺ നിവേ ദനം നബി ﷺ പറഞ്ഞു :

"يوم الحج الأكبر يوم النحر"

മഹത്തായ ഹജ്ജിന്റെ ദി വസം ബലിദിനമാണ് ( ബു 2941) വർഷത്തിലെ ദിവസങ്ങ ളിൽ ഏറ്റവും ശ്രേഷ്ടമായ ദി വസമാണത്. നബിﷺ പറ ഞ്ഞു :

إن أعظم الأيام عند الله تعالى يوم النحر ثم يوم القر".[٥٤]

അല്ലാഹുവിന്റെയടുക്കൽ ഏറ്റ വും മഹത്തായദിവസങ്ങൾ ബ ലിദിനവും പിന്നീട് ( ബലിദി നത്തിന് ശേഷം മിനായിൽ) താമസിക്കുന്ന ദിവസവുമാകു ന്നു. (സ്വ ദ 1765 )

മര്യാദകൾ

1) ഈദ്ഗാഹിലേക്ക് പുറപ്പെ ടുക.

ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

* നമസ്കാരത്തിന് പുറ പ്പെടുന്നതിന് മുമ്പ് കുളിക്കു കയും സുഗന്ധം പൂശുകയും ഏറ്റവും ഭംഗിയുള്ളതും പുതി യതുമായ വസ്ത്രം ധരിക്കുക യും ചെയ്യുക. ഇത് ജനങ്ങളും പ്രദേശവും മാറുന്നതനുസരിച്ച് വ്യത്യസപ്പെടാം. ഇബ്നു ഉമർ ﷺ രണ്ടു

---

[٥٤] أبوداود ١٧٤/٥ بإسناد جيد، قاله الألباني رحمه الله في تخريج المشكاة ٨١٠/٢

പെരുന്നാളുകളിൽ ഏറ്റവും നല്ല വസ്ത്രം ധരിക്കു മായിരുന്നു. (ബ 3/281 )

അപ്രകാരം നഖം മുറി ക്കുകയും മീശവെട്ടുകയും ചെയ്യേണ്ടതാകുന്നു. എന്നാൽ താടിവടിക്കൽ പെരുന്നാളിനും അല്ലാത്തപ്പോഴും ഹറാമാകു ന്നു. ഇബ്നുഉമർ ﵁ നിവേദ നം റസൂൽ ﷺ പറഞ്ഞു :

خَالِفُوا الْمُشْرِكِينَ أَحْفُوا الشَّوَارِبَ وَأَوْفُوا اللِّحَى مسلم ٣٨٢

ബഹുദൈവ വിശ്വാസി കൾക്ക് നിങ്ങൾ എതിരായിരി ക്കണം മീശ പറ്റെവെട്ടുകയും താടി നീട്ടുകയും ചെയ്യുക. (മു 382 ) ഇതുപോലെ താടി നീട്ടു ന്നതിന്റെ വിഷയത്തിൽ ഇരുപ ത്തഞ്ചോളം ഹദീസുകൾ സ് ഥിരപ്പെട്ടിരിക്കുന്നു. മാത്രമല്ല മുൻകാലത്ത് കഴിഞ്ഞുപോ യ മുഴുവൻ പ്രവാചകന്മാരുടെ യും ചര്യയും കൂടിയാണിത്. അഥവാ ലോകത്തുള്ള ജന ങ്ങളെ സന്മാർഗ്ഗത്തിലേക്ക് ന യിക്കാൻ നിയുക്തരായ ഒരൊ റ്റ പ്രവാചകനും താടി വടിച്ചി ട്ടില്ല. തിരുമേനി ﷺ യുടെ ര ണ്ടുലക്ഷത്തോളം വരുന്ന സ ഹാബാക്കളിൽ ഒരാൾപോലും താടി വടിച്ചതായി രേഖപ്പെ ടുത്തപ്പെട്ടിട്ടില്ല. കൂടാതെ ലോ ക പ്രസിദ്ധിയാർജിച്ച നാല് ഇ മാമുകളും ഭുവന പ്രശസ്ത രായ പണ്ഡിതന്മാരും താടി വ ടിക്കൽ ഹറാമാണെന്ന അഭി പ്രായക്കാരാകുന്നു. എന്നിരിക്കെ ഈ പുണ്യ ദിവ സത്തിലും അല്ലാത്തപ്പോഴും താടിവടിക്കുന്നത് നിർബന്ധ മായും വർജ്ജിക്കേണ്ടതാകു ന്നു.

* നമസ്കാരത്തിന്മുമ്പ് ഒ ന്നും കഴിക്കാതിരിക്കുകയും പിന്നീട് ബലിയറുക്കുന്നുവെ ങ്കിൽ ബലിമാംസം തിന്നുന്ന തും അഭികാമ്യമാണ്. ഇത് ബ ലിപെരുന്നാളിന്ന് മാത്രമുള്ള നിയമമാകുന്നു. എന്നാൽ ചെ ന്നതിനുമുമ്പായി മൂന്ന് , അഞ്ച് എന്നിങ്ങനെ ഒറ്റയായി

ഈത്ത പ്പഴം കഴിക്കുക. ഇല്ലെങ്കിൽ മ റ്റുവല്ലതും കഴിക്കുക. അബ്ദു ല്ലാഹിബ്നു ബുറൈദ ﷺ അ വരുടെ പിതാവിൽനിന്നും നി വേദനം അദ്ദേഹം പറഞ്ഞു :

كَانَ النَّبِيُّ ﷺ لَا يَخْرُجُ يَوْمَ الْفِطْرِ حَتَّى يَطْعَمَ وَلَا يَطْعَمُ يَوْمَ الْأَضْحَى حَتَّى يُصَلِّيَ [٥٥]

നബി ﷺ വല്ലതുംകഴി ക്കാതെ ചെറിയപെരുന്നാളിന് പുറപ്പെടു മായിരുന്നില്ല. അപ്ര കാരം ബലിപെരുന്നാളിന് നമ സ്കരിക്കാതെ ഒന്നുംകഴിക്ക ലും പതിവില്ല,(സ്വ തി 542)

* ഇമാമിനോടടുത്തിരിക്കുന്നതിന്നും നമസ്കാരം പ്രതീക്ഷിച്ചി രിക്കുന്നതിന്നുമായി ഈദ് ഗാ ഹിലേക്ക് നേരത്തെ പോകുക. അല്ലാഹു പറയുന്നു :

(فَاسْتَبِقُوا الْخَيْرَاتِ) (المائدة: ٤٨)

അതിനാൽ നല്ലകാര്യങ്ങളിലേ ക്ക് നിങ്ങൾ മൽസരിച്ചു മുന്നേ റുക. ( മാഇദ : 48) പെരുന്നാ ളിലെ കർമ്മങ്ങൾ നല്ല കാര്യ ങ്ങളിൽ മഹത്തായതാണല്ലോ .

* പ്രയാസമില്ലെങ്കിൽ ഈദ്ഗാ ഹിലേക്ക് കാൽനടയായി പോ കുക അലി ﷺ നിവേദനം അ ദ്ദേഹം പറഞ്ഞു : പെരുന്നാൾ നമസ്കാരത്തിന് കാൽനടയാ യി പോകുന്നതാണ് സുന്ന ത്ത്[56] (തി 530 ) പെരുന്നാൾ ന മസ്കാരത്തിന് കാൽനടയായി പോകുന്നതാണ് ഏറ്റവും നല്ല തും വിനയത്തിന് ഏറ്റവും അ ടുപ്പമുള്ളതും. എന്നാൽ വാഹ

٥٥ رواه الترمذي ٤٩٧ وصححه الألباني

٥٦ رواه الترمذي برقم ٥٣٠، وحسنه الأباني في السنن

നത്തിൽ പോകുകയാണെങ്കിൽ അതിന് വിരോധമില്ലതാനും .

* നമസ്കാരത്തിന്പോകുമ്പോൾ വഴിയിൽ തക്ബീറുകൾ ഉച്ച ത്തിൽ ചൊല്ലികൊണ്ട്പോകു ക. എന്നാൽ സ്ത്രീകൾ പതു ക്കേയാണ് ചൊല്ലേണ്ടത്. നമ സ്കാരത്തിനായി ഇമാം വ ന്നുകഴിഞ്ഞാൽ തക്ബീർ നി റുത്തേണ്ടതുമാകുന്നു.

* പെരുന്നാൾ നമസ്കാരത്തിന് പോകുന്നത് ഒരു വഴിയിലൂടെ യും തിരിച്ചുപോകുന്നത് മറ്റൊ രു വഴിയിലൂടെയുമായിരിക്ക ൽ സുന്നത്താകുന്നു. പെരു ന്നാൾ ദിവസമായാൽ നബി ﷺ വഴി മാറിപോകുമായിരുന്നു വെന്ന് ജാബിർ ﷺ വിൽനി ന്നും ഇമാം ബുഖാരി റിപ്പോർട്ട് ചെയ്യുന്ന ഹദീസിൽ വന്നിരി ക്കുന്നു. ( ബു 986) ഇബ്നുൽ ഖയ്യിം ﷺ റിപ്പോർട്ട് ചെയ്യു ന്നു: പ്രവാചകൻ ﷺ പെരുന്നാ ൾ നമസ്കാരത്തിന് കാൽനട യായാണ് പോയിരുന്നത്. അ പ്രകാരം പെരുന്നാൾ ദിവസ മായാൽ നബി ﷺ വഴിമാറി പോകുമായിരുന്നു. ഒരു വഴിയി ലൂടെ പോകുകയും മറ്റൊരു വ ഴിയിലൂടെ തിരിച്ചുവരികയും ചെയ്യുമായിരുന്നു. വഴയിലുള്ള വരോട് സലാം പറയാനായി രുന്നു ഇങ്ങനെ ചെയ്തിരുന്നത് പറയപ്പെടുന്നു. ഇരുവഴിയിലു ള്ളവർക്കും റസൂൽ ﷺ യുടെ ബറക്കത്ത് ലഭിക്കന്നതിനായി രുന്നുവെന്ന് പറയപ്പെടുന്നു. മ റ്റൊരഭിപ്രായത്തിൽ അവിടെ യുള്ളവരുടെ ആവശ്യങ്ങൾ നി റവേറ്റുന്നതിനായിരുന്നു. വേ റൊന്ന് ഇസ്ലാമിന്റെ ചിഹ്ന ങ്ങൾ പ്രകടമാക്കുന്നതിനായി രുന്നു. വേറൊന്ന് ഇസ്ലാമി ന്റെ പ്രതാപം കപടവിശ്വാസി കളെ കാണിക്കുന്നതിനായിരു ന്നു. മറ്റൊരുഭിപ്രായം കൂടുത ൽ പ്രദേശങ്ങൾ സാക്ഷ്യം

വ ഹിക്കുന്നതിന് വേണ്ടിയായിരു ന്നു പ്രവാചകൻ ﷺ വഴിമാറി പ്പോയിരുന്നുവെന്ന് പറയപ്പെ ടുന്നു. കാരണം പള്ളിയിലേ ക്കോ ഈദ് ഗാഹിലേക്കോ പോകുന്നവർ അവർ തിരിച്ചു വരുന്നത് വരെ ഓരോ ചുവടു കൾക്കും പദവികൾ ഉയർത്ത പ്പെടുമ്പോൾ മറ്റോരോ ചുവടു കൾക്കും പാപങ്ങൾ മായ്ക്ക പ്പെടുന്നു. മറ്റൊരഭിപ്രായം മേ ൽ പറഞ്ഞതും അല്ലാത്തതുമാ യ എല്ലാ കാര്യങ്ങൾക്കും വേ ണ്ടിയാണ് പ്രവാചകൻ ﷺ വ ഴിമാറിപോയിരുന്നത്. ( സാ മ 1/449 )

## നാമുദ്ദേശിക്കുന്ന പെരുന്നാൾ

മനസ്സ് നന്നാവുകയും ഉദ്ദേ ശ്യം ആത്മാർത്ഥമാവുകയും എല്ലാ ജോലിത്തിരക്കുകളിൽ നിന്നും ചിന്ത ഒഴിവാകുകയും ചെയ്യുന്നവർക്ക് പെരുന്നാൾ സുദിനം ആനന്ദത്തിന്റേയും സന്തോഷത്തിന്റേയും ദിനങ്ങ ളാണ്.

പെരുന്നാൾ ദിവസം വിട്ടു വീഴ്ചയുടേയും നന്മകളുടേ യും ദിവസം തിന്മചെയ്യുന്നവ രോട് നന്മയിൽ വർത്തിക്കുന്ന ദിവസം. ഉപഹാരങ്ങൾ കൈ മാറുകയും വിജയികളെ സമ്മാ നങ്ങൾകൊണ്ട് ആദരിക്കുക യും ചെയ്യുന്ന ദിവസം . ഈ വിജയത്തിന് ഒരു പ്രത്യേക സ്വാദും ആസ്വാദനവുമുണ്ട് . കാരണം അത് സൽകർമ്മങ്ങ ളിലുള്ള വിജയമാണ്.

നമസ്കരിക്കുകയും നോ മ്പെടുക്കുകയും മാതാപിതാ ക്കൾക്ക് പുണ്യം ചെയ്യുകയും ബാധ്യതകളും കടപ്പാടുകളും നിറവേറ്റുകയും , യഥാർത്ഥ രീ തിയിൽ തസ്ബീഹുകളും തക് ബീറുകളും അല്ലാഹുവിനെ ധാരാളം ഓർക്കുകയും ചെ യ്തവർക്കാണ് പെരുന്നാൾ ശുഭകരമാകുന്നത്.

മോഹങ്ങൾ ആസ്വദി ക്കുകയും ജനങ്ങളിൽ പേരും പ്രശസ്തിയും നേടുകയും മാ താപിതാക്കളെ ഉപദ്രവിക്കുക യും മറ്റുള്ളവരുടെ നന്മയിൽ അസൂയപ്പെടുകയും അവരുടെ ശരീരത്തിലും ധനത്തിലും അ ഭിമാനത്തിലും ദ്രോഹിക്കുക യും ചെയ്യുന്നവർക്ക് പെരു ന്നാൾ ശുഭകരമാകുന്നില്ല.

ഹൃദയങ്ങളിൽ വിശ്വാസ വും മനസ്സുകൾ അല്ലാഹുവി നെ അനുസരിക്കുന്നതിൽ ശാ ന്തിയടഞ്ഞതുമായിരിക്കെ പെ രുന്നാൾ സമാഗതമാകാനാണ് നാം ആഗ്രഹിക്കുന്നത്. സാധു ക്കളുടെ മുറിവുകളും വേദന കളും സുഖപ്പെടുത്തുന്നതിനും പെരുന്നാൾ സുദിനത്തിൽ സ ന്തോഷിക്കുകയും ആനന്ദിക്കു കയും ചെയ്യുന്നതിന്നായി സ മ്പന്നൻ സഹായസ്തങ്ങൾ നീ ട്ടികൊണ്ടിരിക്കെ അതു സമാ ഗതമാകട്ടെ. ഹൃദയങ്ങൾ പര സ്പരം ഇണക്കപ്പെട്ട നിലയി ലും മുസ്ലിംകൾ ഒരു ശരീ രത്തെപ്പോലെയാവുകയും അ തിലെ ഏതെങ്കിലുമൊരു അവ യവത്തിന് അസുഖം ബാധി ച്ചാൽ എല്ലാ അവയവങ്ങളും ഉ റക്കമൊഴിക്കുന്നത്പോലെ സ് നേഹത്തിലും സാഹോദര്യത്തി ലുമായിരിക്കെ അത് സമാഗത മാകട്ടെ എന്നും നമുക്ക് പ്രത്യാ ശിക്കാം.

മുസ്ലിം സമൂഹത്തിന് ബാധിച്ച മുറിവുകൾ ഉണങ്ങി യ നിലയിലും അവരുടെ പ്ര ത്യാശകൾ യാഥാർത്ഥ്യമാവു കയും വേദനകൾ നീങ്ങുക യും ശത്രുക്കൾ കയ്യൊഴിക്ക പ്പെട്ടവരും അതിന്റെ തല ഉ യർന്നു നിൽക്കുകയും ശബ്ദം എല്ലായിടത്തും കേൾക്കപ്പെടു കയും ചിന്തകൾ പിന്തുടരപ്പെ ടുകയും ചെയ്യുന്ന നിലയിൽ പെരുന്നാളുകളെ സ്വാഗതം ചെയ്യാനാണ് നാം കൊതിക്കു ന്നത്.

## പ്രബോധന ചിന്തകൾ പെരു ന്നാൾ സുദിനത്തിൽ :

1) പെരുന്നാൾ ദിവസം സന്ദ ർശിക്കാൻ വരുന്നവർക്ക് നൽ കാൻ മധുരപലഹാരങ്ങൾ വാ ങ്ങുമ്പോൾ കൂടെ ഉപകാരപ്ര ദമായ വല്ല പ്രസംഗങ്ങളുടെ ക്യാസറ്റുകളോ ലഘുലേഖക ളോ വാങ്ങുക.

2) കുടുംബങ്ങൾക്കും മറ്റും പെരുന്നാൾ ഉപഹാരം നൽകു ന്നതോടൊപ്പം പുസ്തകങ്ങളും കാസെറ്റുകളും സമ്മാനിക്കുക. കാരണം അതു സ്വീകരിക്കാൻ കൂടുതൽ സാധ്യതയുണ്ട്.

3) പെരുന്നാൾ ആശംസകളും മൊഴിമുത്തുകളും അടങ്ങിയ കാർഡുകളും മൊബൈൽ സ ന്ദേശങ്ങളും ഉപയോഗപ്പെടു ത്തുക.

## പെരുന്നാൾ ദിനത്തിലെ അബദ്ധങ്ങൾ :

1) സാധുക്കളേയും ദരിദ്രരേ യും പരിഗണിക്കാതിരിക്കൽ. പണക്കാരുടെ മക്കളിലധികം പേരും അലിവും കരുണയും പരസ്പര സഹായവുമില്ലാതെ പാവങ്ങളുടേയും അവരുടെ മക്കളുടേയുമിടയിൽ ആഹ്ലാ ദവും സന്തോഷവും പ്രകടിപ്പി ക്കുകയും വിലപിടിച്ച പുതിയ വസ്ത്രങ്ങൾ അണിയുകയും വിഭവസമൃദ്ധമായ ഭക്ഷണങ്ങ ൾ കഴിക്കുകയും ചെയ്യുന്നു. നബി ﷺ പറയുകയുണ്ടായി :

"لا يؤمن أحدكم حتى يُحب لأخيه ما يحب لنفسه."

താനിഷ്ടപ്പെടുന്നത് തന്റെ സഹോദരനും ഇഷ്ടപ്പെടുന്ന ത്വരെ നിങ്ങളിലൊരാളും വി ശ്വാസിയാകുകയില്ല, ( ബു 12 )

2) ആഹാരപാനാദികളിലും വ സ്ത്രധാരണയിലും ധൂർത്തി ലേക്കെത്തും വിധം അതിരുക വിയൽ.

3)പെരുന്നാൾ നമസ്കാരം നി ർവ്വഹിക്കുന്നതിൽ അലസത കാണിക്കൽ

4)പെരുന്നാൾ ദിവസത്തിലും അല്ലാത്തപ്പോഴും കുട്ടികൾ പ ടക്കം പൊട്ടിക്കുന്നു. ഇത് ചില പ്പോഴെങ്കിലും നമസ്കരിക്കു ന്നവർക്കും കാൽനടക്കാർക്കും പ്രയാസകരമായേക്കാം. മാത്ര മല്ല എത്ര അപകടങ്ങളും ക ഷ്ടപ്പാടുകളുമാണ് ഇതിനാലു ണ്ടായിരിക്കുന്നത് !!

5)ഈദ്ഗാഹിലും, വഴിയിലും, ഉല്ലാസകേന്ദ്രത്തിലും അല്ലാ ത്തിടത്തുമെല്ലാം സ്ത്രീ പുരു ഷന്മാർ കൂടിക്കലരുകയും സ് ത്രീകൾ സുഗന്ധമുപയോഗി ച്ചും സൗന്ദര്യ പ്രകടനവുമായി അണിഞ്ഞൊരുങ്ങിപ്പോകുന്ന തും.

# അയ്യാമുത്തശ്രീഖ്

അയ്യാമുത്തശ്രീഖ്കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് ദുൽഹ ജ്ജ് 11, 12, 13 എന്നീ ദിവസങ്ങ ളാണ്. ഈ ദിവസങ്ങളിൽ ജ നങ്ങൾ ഉദ്ഹിയ്യത്തിന്റെയും ബലിയുടെയും മാംസം കഷ് ണങ്ങളാക്കി വെയിലത്തു വെ ച്ച് ഉണക്കിയിരുന്നതിനാലാണ് അയ്യാമുത്തശ്രീഖ് എന്ന് ഈ ദിവസങ്ങൾക്ക് പറയാനുള്ള കാരണം .

## ശ്രേഷ്ടതകൾ

അല്ലാഹു തന്റെ അടിമക ളോട് സ്മരിക്കാൻ കൽപിച്ച മ ഹത്തായ ദിവസങ്ങളാണത്. അല്ലാഹു പറയുന്നു :

(وَاذْكُرُوا اللَّهَ فِي أَيَّامٍ مَعْدُودَاتٍ)(البقرة: ٢٠٣)

എണ്ണപ്പെട്ട ദിവസങ്ങളിൽ നിങ്ങൾ അല്ലാഹുവെ സ്മരി ക്കുക. ( അൽബഖറ : 203 )

ഇമാം ബുഖാരി ﵀ പറ ഞ്ഞു ഇബ്നു അബ്ബാസ് ﵄ നിവേദനം : ''നിശ്ചിത ദിവസ ങ്ങളിൽ അവന്റെ നാമം ഉച്ചരി ക്കേണ്ടതിനും'' എന്ന സൂറ ത്തുൽ ഹജ്ജിലെ 28 – ാം വച നംകൊണ്ട് ഉദ്ദേശം ദുൽ ഹ ജ്ജിലെ ആദ്യത്തെ പത്തുദിവ സങ്ങളും, എണ്ണപ്പെട്ട ദിവസ ങ്ങൾ എന്നത്കൊണ്ട് ഉദ്ദേ ശിക്കപ്പെടുന്നത് അയ്യാമുത്ത ശ്രീഖുമാകുന്നു. ( ബു : കി താബുൽ ഈദൈനി അധ്യാ യം 11 )

## ഈ ദിവസങ്ങളിലെ കർമ്മങ്ങ ൾ

അയ്യാമുത്തശ്രീഖിലെ ദി വസങ്ങളിൽ ഏറ്റവും ശ്രേഷ് ടമായ ദിവസം മിനായിൽ താ മസിക്കുന്ന ദിവസമെന്ന് ന ബി ﷺ പറഞ്ഞ ഒന്നാമത്തെ ദി

വസമാണ്. അന്ന് മിന വിട്ട് പോകാവതല്ല. നബി ﷺ പറയു കയുണ്ടായി : അല്ലാഹുവിന്റെ യടുക്കൽ ഏറ്റവും മഹത്തായ ദിവസങ്ങൾ ( ബലിദിനവും പി ന്നീട് അതിനുശേഷമുള്ള) മി നായിൽ താമസിക്കുന്ന ദിവസ വുമാകുന്നു. ( ദ 1502 )

ഈ ദിവസങ്ങളിൽ ചെയ്യേ ണ്ട ചില സൽകർമ്മങ്ങളുണ്ട് . അവയിൽ ചിലത് താഴെ കൊ ടുക്കുന്നു.

1) ഈ ദിനങ്ങൾ തിന്നുകയും കുടിക്കുകയും ബന്ധുക്കളേ യും കുടുംബങ്ങളേയും സന്ദ ർശിച്ചുകൊണ്ടും ഒരുമിച്ചുക്കൂ ട്ടിയും ആഹാര പാനാദികളിൽ (പ്രത്യേകിച്ച് മാംസം) വിശാ ലത കാണിച്ചും സന്തോഷവും ആഹ്ലാദവും പ്രകടിപ്പിക്കേണ്ട ദിവസങ്ങളാകുന്നു. കാരണം നബി ﷺ ഈ ദിവസത്തെ വി ശേഷിപ്പിച്ചത് ആഹാരപാനാദി കൾക്കുള്ള ദിവസങ്ങളാണെ ന്നാണ്. എന്നാൽ അല്ലാഹുവി ന്റെ അനുഗ്രഹങ്ങൾ മറന്നു കൊണ്ടുള്ള ധൂർത്ത്വരുന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാകു ന്നു.

2) അയ്യാമുത്തശ്‌രീഖ് അല്ലാ ഹുവിനെ സ്മരിക്കുകയും അ വന് നന്ദി പ്രകടിപ്പിക്കേണ്ടതു മായ ദിവസങ്ങളാണ്. ഇത് എ പ്പോഴും ആവശ്യമാണെങ്കിലും ഈ അനുഗ്രഹീത ദിനങ്ങളിൽ അത് പ്രത്യേകം ചെയ്യേണ്ടതാ കുന്നു. നബി ﷺ പറഞ്ഞു: അ യ്യാ മുത്തശ്‌രീഖിന്റെ ദിവസ ങ്ങൾ ആഹാരപാനാദികൾ ക്കും ദൈവസ്മരണക്കുമുള്ള ദിവസങ്ങളാണ്. ( അ 10930 മു 1141 )

ഈ ദിവസങ്ങൾ ഉത്തമ മായ പുണ്യദിനങ്ങളുടെ അവ സാനമായതിനാൽ ഹാജിമാർ ഈ ദിവസങ്ങളിൽ അവരുടെ ഹജ്ജ് പൂർത്തിയാക്കുമ്പോൾ മറ്റുള്ളവർ ദുൽഹജ്ജിലെ പ ത്തുദിവസങ്ങളിൽ സൽകർ മ്മങ്ങൾക്ക് വിരാമം കുറിച്ചു കൊണ്ട് ഉദ്ഹിയ്യത്തറുത്ത് വി

രാമമിടുന്നു. അപ്പോൾ ഹാജി മാരും അല്ലാത്തവരും ഈ പുണ്യദിനങ്ങൾക്ക് വിരാമം കു റിക്കേണ്ടത് അല്ലാഹുവിനെ സ് മരിച്ചു കൊണ്ടാകുന്നു. ഇത് ചില ആരാധനാകർമ്മങ്ങളിൽ നിന്ന് വിരമിക്കുമ്പോൾ നിർ വ്വഹിക്കേണ്ടതായി അല്ലാഹു നിർദ്ദേശിച്ച ചര്യകളിൽപ്പെട്ട താണ്. നമസ്കാര ശേഷമുള്ള ദിക്റുകളെകുറിച്ച് ഖുർആൻ പറയുന്നത് നോക്കൂ,

(فَإِذَا قَضَيْتُمُ الصَّلاَةَ فَاذْكُرُوا اللهَّ قِيَاماً وَقُعُوداً وَعَلَى جُنُوبِكُمْ) (النساء: ١٠٣)

അങ്ങനെ നമസ്കാരം നിർ വ്വഹിച്ചുകഴിഞ്ഞാൽ നിങ്ങൾ നിന്നുകൊണ്ടും ഇരുന്നുകൊ ണ്ടും കിടന്നുകൊണ്ടും അല്ലാ ഹുവെ ഓർമ്മിക്കുക. ( നിസാ അ് : 103 )

ജുമുഅഃ നമസ്കാരത്തെക്കു റിച്ച് പറഞ്ഞപ്പോൾ :

(فَإِذَا قَضَيْتُمْ مَنَاسِكَكُمْ فَاذْكُرُوا اللهَّ

(فَإِذَا قُضِيَتِ الصَّلاَةُ فَانْتَشِرُوا فِي الأَرْضِ وَابْتَغُوا مِنْ فَضْلِ اللهَّ وَاذْكُرُوا اللهَّ كَثِيراً لَعَلَّكُمْ تُفْلِحُونَ) (الجمعة:١٠)

അങ്ങനെ നമസ്കാരം നിർ വ്വഹിക്കപ്പെട്ടു കഴിഞ്ഞാൽ നി ങ്ങൾ ഭൂമിയിൽ വ്യപിച്ചു കൊ ള്ളുകയും അല്ലാഹുവിന്റെ അ നുഗ്രഹത്തിൽനിന്ന് തേടിക്കൊ ള്ളുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ ധാരാളമായി ഓ ർക്കുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം. ( ജു മുഅഃ: 10) ഹജ്ജിനുശേഷം ഇ പ്രകാരം കൽപിക്കുന്നു.

كَذِكْرِكُمْ آبَاءَكُمْ أَوْ أَشَدَّ ذِكْراً) (البقرة: ٢٠٠)

അങ്ങനെ നിങ്ങൾ ഹജ്ജ് കർമ്മങ്ങൾ നിർവ്വഹിച്ചു കഴി ഞ്ഞാൽ നിങ്ങളുടെ പിതാക്ക ളെ നിങ്ങൾ പ്രകീർത്തിച്ചിരു ന്നതുപോലെയോ അതിനേക്കാ ൾ ശക്തമായ നിലയിലോ അ ല്ലാഹുവെ നിങ്ങൾ പ്രകീർ ത്തിക്കുക. ( അൽബഖറഃ : 200)

ഈ ദിവസങ്ങളിൽ നമ്മ ൾ നിർവ്വഹിക്കേണ്ട പല കാ ര്യങ്ങളുണ്ട് അവയിൽ ചിലത്

1) തക്ബീർ ചൊല്ലൽ

ഇബ്നു ഉമർ ﷺ ഈ ദി വസങ്ങളിൽ മിനായിൽ വെ ച്ചും നമസ്കാരങ്ങൾക്ക് ശേ ഷവും വിരിപ്പിലും ടെന്റിലും ഇരിപ്പിലും നടപ്പിലുമെല്ലാം ത ക്ബീർ ചൊല്ലിയിരുന്നു. അപ്ര കാരം മൈമൂന ﷺ ബലി ദിവ സത്തിൽ തക്ബീർ ചൊല്ലി യിരുന്നു. അതുപോലെ അയ്യാ മുത്തശ്രീഖിൽ അബാനിബ്നു നി ഉസ്മാൻ ﷺ യുടേയും ഉമ റുബ്നു അബ്ദിൽ അസീസ് ﷺ യുടേയും പുറകിൽ പള്ളി കളിൽ പുരുഷന്മാരുടെകൂടെ സ്ത്രീകൾ തക്ബീർ ചൊല്ലി യിരുന്നു. ( ബു 4/35 ) [57]

ഇങ്ങനെ അങ്ങാടിയിലും വീട്ടിലും പള്ളിയിലുമെല്ലാം ത ക്ബീർധ്വനി മുഴക്കേണ്ടതാകു ന്നു. അതുപോലെ വഴിയോര ങ്ങളിൽ അല്ലാഹുവിന്റെ മഹ ത്വവും പ്രതാപവും വാഴ്ത്തു ന്നതിന്നും അവന്റെ ചിഹ്നങ്ങ ളെ പ്രകടിപ്പിക്കുന്നതിന്നുമായി ധാരാളം തക്ബീറുകൾ മുഴ ക്കുക.

2) ബലിയറുക്കമ്പോൾ അല്ലാ ഹുവിന്റെ നാമം ഉച്ചരിക്കുക യും തക്ബീർ മുഴക്കുകയും ചെയ്യുക.

3) ആഹാരപാനാദികളിൽ അ ല്ലാഹുവിനെക്കുറിച്ച് ഓർക്കു ക. തുടക്കത്തിൽ ബിസ്മി ചൊല്ലുകയും

---

[٥٧] انظر البخاري ٤/ ٣٥

ഒടുക്കം അല്ലാ ഹുവിനെ സ്തുതിക്കുകയും ചെയ്യുക.

നബി ﷺ പറഞ്ഞു :

إِنَّ اللهَ لَيَرْضَى عَنْ الْعَبْدِ أَنْ يَأْكُلَ الْأَكْلَةَ فَيَحْمَدَهُ عَلَيْهَا أَوْ يَشْرَبَ الشَّرْبَةَ فَيَحْمَدَهُ عَلَيْهَا

ഒരു ദാസൻ ഭക്ഷണം ക ഴിച്ചു അല്ലാഹുവിനെ സ്തുതി ക്കുകയോ പാനീയം കുടിച്ചു അല്ലാഹുവിനെ സ്തുതിക്കുക യോ ചെയ്താൽ അവനെ അ ല്ലാഹു തൃപ്തിപ്പെടുന്നതാണ്. ( മു 4915 )

**അയ്യാമുത്തശ്രീഖു നാളുകളി ൽ അറിഞ്ഞിരിക്കേണ്ടത് .**

1) അയ്യാമുത്തശ്രീഖിന്റെ അ വസാനദിവസമായ ദുൾഹജ്ജ് 13 വരെ ബലി അറുക്കാവുന്ന താണ്.
2) ഈ ദിവസങ്ങളിൽ വ്രതമ നുഷ്ഠിക്കാൻ പാടില്ല കാരണം ബലിദിനത്തെപ്പോലെ ഈ ദിവ സങ്ങളും മുസ്ലിംകളുടെ പെ രുന്നാൾ ദിവസങ്ങളാകുന്നു.

**അബദ്ധങ്ങൾ**

1) ആഹാരപാനാദികൾ ദുർ വ്യയം ചെയ്യൽ .
2) രാത്രികളിൽ ദീർഘനേരം ഉറക്കമൊഴിക്കൽ
3) അല്ലാഹുവിനെ സ്മരിക്കു ന്നതിൽനിന്നും തെറ്റിക്കുന്ന രീതിയിൽ ഉല്ലാസയാത്ര പു റപ്പെടൽ
4) സംഗീതം സിനിമ തുടങ്ങി യ ദൃശ്യശ്രാവ്യ മാധ്യമങ്ങ ളിൽ മുഴുകുക.

**അവസാനമായി : –**

ഈ പുണ്യദിനങ്ങൾ ആ

ഹാരപാനാദികളിൽ മാത്രം ശ്ര ദ്ധപതിപ്പിക്കാതെ നാം അല്ലാ ഹുവിനെ സ്മരിക്കുന്നതിലും അവനെ വാഴ്ത്തുന്നതിലും ഉ പയോഗപ്പെടുത്തേണ്ടതാകുന്നു. ഒരു മുസ്ലിം തന്റെ രക്ഷിതാ വിന്റെ ബാധ്യതകൾ ശ്രദ്ധിക്കു കയും എല്ലാ സമയത്തും അ വനെ ഓർക്കുന്നത് അധികരി പ്പിക്കുകയും ചെയ്യുകയാണെ ങ്കിൽ എത്ര നന്നായിരുന്നു. ഇ ത് ഭക്ഷണം കഴിക്കുമ്പോഴും കുടിക്കുമ്പോഴും ഉല്ലസിക്കു മ്പോഴുമൊന്നും മറന്നു പോകാ രുത്.

ചുരുക്കത്തിൽ അയ്യാമു ത്തശ്രീഖിന്റെ ദിവസങ്ങൾ ആഹാരപാനാദികൾ കൊണ്ട് വിശ്വാസികളുടെ ശരീരങ്ങൾ ക്ക് ആശ്വാസവും, ദൈവസ്മ രണയും കൃതജ്ഞതയും മു ഖേന അവരുടെ ഹൃദയത്തി ന്റെ സന്തോഷവും സമഞ്ജ സമായി സമ്മേളിക്കുന്ന ദിന ങ്ങളാകുന്നു. ഇങ്ങനെ അനു ഗ്രഹങ്ങൾ പൂർത്തിയാവുക യും ചെയ്യുന്നു. നാം അനുഭ വിക്കുന്ന ഓരോ അനുഗ്രഹ ങ്ങൾക്കും നന്ദിചെയ്യുമ്പോൾ അത് മറ്റൊരു അനുഗ്രഹമാകു ന്നു. അപ്പോൾ അതിനും നാം നന്ദികാണിക്കേണ്ടതുണ്ട്. ഇങ്ങ നെ അനുഗ്രഹങ്ങൾക്കുള്ള ന ന്ദി കാണിക്കൽ ഒരിക്കലും അ വസാനിക്കുന്നില്ല.

## ദുൽഹജ്ജ് പത്തിന് ശേഷം എന്ത് ?

സാക്ഷ്യം വഹിക്കപ്പെടുന്ന ദിവസങ്ങളായ ദുൽഹജ്ജ് മാ സത്തിലെ ആദ്യത്തെ പത്തു ദിവസങ്ങളും അയ്യാമുത്ത ശ് രീഖ് എന്ന് പറയപ്പെടുന്ന ശേ ഷം വരുന്ന മൂന്ന് ദിവസങ്ങ ളിലും മുസ്ലിംകൾ കഴിഞ്ഞു പോയി. അവരിൽ ഇന്ന് ഹാജ റുള്ളവർ ആ ദിവസങ്ങളെ

അ ല്ലാഹുവിന് കീഴ്പെടുന്നതിലും സൽകർമ്മങ്ങളിലും പുണ്യ ത്തിലും കുടുംബ ബന്ധം പു ലർത്തുന്നതിലും അല്ലാഹുവി നെ സ്മരിക്കുന്നതിലും തസ് ബീഹും തഹ്ലീലും തക്ബീ റുകളും നബിയുടെ മേൽ സ്വലാത്ത് അധികരിപ്പിക്കുന്ന തിലും പെരുന്നാൾ നമസ് കാരം നിർവ്വഹിക്കുന്നതിലും ധന്യമാക്കി. ബലിയറുത്ത് അ ല്ലാഹുവിലേക്ക് കൂടുതൽ അ ടുത്തു. അങ്ങനെ അവരുടെ മുഖങ്ങൾ പ്രകാശപൂരിതവും ജീവിതം സന്തോഷഭരിതവു മാവുകയും. അവർ സ്നേഹ ത്തോടെ ബന്ധപ്പെടുകയും സ ന്ദർശനങ്ങൾ നടത്തുകയും ചെയ്തു. എന്നാൽ പുരാതന മായ അല്ലാഹുവിന്റെ ഭവന ത്തെ ഉദ്ദേശിച്ചുകൊണ്ട് പുറ പ്പെട്ടവരാകട്ടെ അവർ ഒരു മഹ ത്തായതും ഇസ്ലാമിലെ ഏ റ്റവും അടിസ്ഥാനമായ കർമ്മ ങ്ങളിലൊന്നുമായ പരിശുദ്ധ കഅ്ബാ മന്ദിരത്തിൽ ഹജ്ജ് കർമ്മം നിർഹിക്കുന്നതിനാണ് യാത്ര ചെയ്തിട്ടുള്ളത്. അവർ ഹജ്ജ്കർമ്മങ്ങൾ നിർവ്വഹി ക്കുകയും ക്ലേശങ്ങൾ സഹി ക്കുകയും ചെയ്തു. കഷ്ടപ്പാ ടുകളും ക്ഷീണവും സഹിച്ചു. പവിത്രമായ അല്ലാഹുവിന്റെ ചിഹ്നങ്ങളായ പ്രദേശത്തിലൂ ടെ വരികയുംപോകുകയും ചെയ്യുന്നതിലുള്ള ബുദ്ധിമുട്ടു കൾ ക്ഷമിക്കുകയും ചെയ്തു.

ഈ പുണ്യദിനങ്ങൾ കഴി ഞ്ഞുപോയി. യാത്രക്കാർ അവ രുടെ സ്വദേശങ്ങളിലേക്കും ഭ വനങ്ങളിലേക്കും തിരിച്ചു. അ പ്പോൾ ഈ ദിനങ്ങൾ പ്രയോ ജനപ്പെടുത്തുകയും അതിന്റെ ശ്രേഷ്ടതകൾ , അതിലെ പു ണ്യകർമ്മങ്ങൾ, അനുഗ്രഹീത മായ വചനങ്ങൾ എന്നിവ ഉപ യോഗപ്പെടുത്തിയവർക്ക് മംഗ ളം. ഏതൊരുവൻ ഇത്തരം പ്ര ത്യേകവും ശ്രേഷ്ടവും പവി ത്രവുമായ ദിനങ്ങളുടെ പ്രാധാ ന്യവും മഹത്വവും മനസ്സിലാ ക്കുകയും അത് ഉപയോഗപ്പെ

ടുത്തുന്നതിനുള്ള ഭാഗ്യം ലഭി ക്കുകയും ചെയ്തുവെങ്കിൽ അവന്റെ ഹൃദയം അതുമായി ബന്ധപ്പെടുകയും, ചിന്ത അ തിൽ കേന്ദ്രീകരിക്കുകയും ചെ യ്യും. അത് അവന്റെ പെരുമാ റ്റത്തിലും സ്വഭാവത്തിലും ജീ വിതത്തിലുമെല്ലാം സ്വാധീനി ക്കുകയും ചെയ്യുന്നതാണ്. എ ങ്കിൽ ഈ ദിനരാത്രങ്ങൾ ആ ഗതമായിട്ട് അത് സ്വാധീനി ക്കുകയോ ഉപകരിക്കുകയോ ചെയ്യാതെ മറ്റുദിവസങ്ങളെ പ്പോലെ അവ കടന്നുപോയ വരുടെ കാര്യം കഷ്ടംതന്നെ.

മാത്രമല്ല ഈ ദിവസങ്ങളി ൽ പാപങ്ങളും വീഴ്ചകളും പെരുകുന്ന ചിലരുണ്ട്. കാര ണം അവ ഒഴിവു ദിവസങ്ങ ളായതിനാൽ അതിന്റെ രാത്രി യിൽ അല്ലാഹുവിന്നിഷ്ടമില്ലാ ത്ത കർമ്മങ്ങൾക്ക് ഉറക്കമൊ ഴിക്കുകയും പകലിൽ അല്ലാ ഹു നിർബന്ധമാക്കിയ കാര്യ ങ്ങൾ നിർവ്വഹിക്കാതെ ഉറ ങ്ങുകയുംചെയ്യുന്നു. മറ്റുചിലർ മറ്റുരാജ്യങ്ങളിലേക്ക് യാത്ര പോകാറുമുണ്ട് !!!

ഈ പുണ്യദിനങ്ങൾ ന ഷ്ടപ്പെടുത്തുന്ന സഹോദരാ, ഇത് നിനക്ക് മറ്റൊരിക്കൽ തി രിച്ചുകിട്ടുമോ ? അതോ മരണം നിന്നെ പിടികൂടുകയും നിന്റെ കർമ്മങ്ങൾ അവസാനിക്കുക യും നീ വിചാരണ നേരിടുക യും ചെയ്യുമോ ?

കഴിഞ്ഞ പെരുന്നാളുകളിൽ നമ്മുടെകൂടെ നമസ്കരി ക്കുക യും, പുണ്യദിനങ്ങളിൽ നമ്മു ടെകൂടെ പങ്കെടുക്കുകയും ചെ യ്തവരെക്കുറിച്ച് ഒന്ന് ഓർ ത്തു നോക്കൂ, നമ്മുടെ പിതാ ക്കളും പ്രപിതാക്കളും കു ടുംബങ്ങളും സ്നേഹിതന്മാരും സഹപാഠികളും പണ്ഡിതന്മാ രും ഭരണാധികാരികളുമെല്ലാം എവിടെയാണിന്ന്? എങ്ങോട്ടാ ണവർ യാത്രയായത്.? അപ്പോ ൾ അടുത്ത വർഷം നാം ഭൂമു ഖത്തായിരിക്കുമോ അതോ ഭൂ മിക്കടിയിലോ എന്ന് അിറ

ഞ്ഞിരുന്നെങ്കിൽ !!

ഈ അനുഗ്രഹീത ദിവസ ങ്ങളും ഉൽകൃഷ്ട കർമ്മങ്ങ ളും അവസാനിച്ചുവെങ്കിലും നോമ്പ് , രാത്രി നമസ്കാരം, അല്ലാഹുവിനെ സ്മരിക്കൽ, ഉംറ നിർവ്വഹിക്കൽ, ധർമ്മം ചെയ്യൽ പോലുള്ള പുണ്യകർ മ്മങ്ങളിൽനിന്ന് ഒരു വിശ്വാസി ഒഴിവാകുന്നില്ല.

അതിനാൽ സഹോദരാ – അല്ലാഹു നിങ്ങളെ അനുഗ്രഹി ക്കട്ടെ. – ഇഹത്തിലും പരത്തി ലും കൂടുതൽ നന്മകൾ ലഭി ക്കുന്നതിന്നായി കഴിവിന്റെയ ത്ര അല്ലാഹുവിലേക്കടുക്കുന്ന കർമ്മങ്ങൾ നിർവ്വഹിക്കുന്നതി ൽ നിരതനായി അവനിലേക്ക് അടുക്കാൻ കൂടുതൽ താൽപ ര്യം കാണിക്കുക. കാരണം അ ല്ലാഹുവിനെ ആരാധിക്കുന്ന തിനുള്ള പുണ്യദിനങ്ങൾ അ വസാനിക്കുന്നതോടെ ഒരു യ ഥാർത്ഥ വിശ്വാസി തന്റെ ര ക്ഷിതാവിന് ആരാധന ചെയ്യു ന്നതിൽനിന്ന് വേർപ്പെടുന്നില്ല. മറിച്ച് അവന്റെ ജീവിതകാലം മുഴുവനും അല്ലാഹുവുമായു ള്ള ബന്ധം പുലർത്തേണ്ടവ നാകുന്നു.

മാന്യസഹോദരാ, മരണ ത്തോടെയല്ലാതെ അല്ലാഹു സ ൽകർമ്മങ്ങൾക്ക് അന്ത്യം ഏർ പ്പെടുത്തിയിട്ടില്ല. അല്ലാഹു പ റയുന്നു :

(وَاعْبُدْ رَبَّكَ حَتَّى يَأْتِيَكَ الْيَقِينُ) (الحجر : ٩٩)

ഉറപ്പായ കാര്യം (മരണം) നിനക്ക് വന്നെത്തുന്നത്വരെ നീ നിന്റെ രക്ഷിതാവിനെ ആ രാധിക്കുകയും ചെയ്യുക. (ഹി ജ്റ്:99) മറ്റൊരായത്തിൽ അല്ലാഹുപറയുന്നു:

( وَأَوْصَانِي بِالصَّلاةِ وَالزَّكَاةِ مَا دُمْتُ حَيًّا) (مريم : ٣١)

ഞാൻ ജീവിച്ചിരിക്കുന്ന കാലമത്രയും നമസ്കരിക്കു വാനും സക്കാത്ത് നൽകുവാ നും അവൻ എന്നോട് അനു ശാസിക്കുകയും ചെയ്തിരി ക്കുന്നു.

(മർയം: 31)

അതിനാൽ ആരുടേയെങ്കി ലും സഹയാത്രികർ കടന്നുക ളയുകയും നിർഭാഗ്യവാനുവു കയും ചെയ്തുവെങ്കിൽ അവ നെതിരിൽ വാതിലുകൾ പൂട്ടി യിടുന്നില്ല. മറ്റു വഴികൾ അവ നിൽനിന്നും അടക്കപ്പെടുന്നി ല്ല. ആകയാൽ തൗബയുടെ വാതിൽ തുറന്നുകിടക്കുകയും നിന്റെ റബ്ബിന്റെ ഔദാര്യം സ ദാ വന്നും പോയും കൊണ്ടി രിക്കുകയും ചെയ്യുന്നു.

നന്മയിൽ വീഴ്ചവരുത്തി യവർ ആരാധിക്കുന്നത് കാരു ണ്യവാനായ രക്ഷിതാവിനേ യാണെന്ന് അറിഞ്ഞു കൊള്ള ട്ടെ. അവന്റെ കാരുണ്യമാകട്ടെ സർവ്വ വസ്തുക്കളേയും ഉൾ കൊള്ളുന്നതാകുന്നു. അവൻ വളരേയധികം മാപ്പാക്കുന്നവ നും, വിശാലമായ കാരുണ്യ ത്തിനുടമയും, കൂടുതൽ ഔ ദാര്യവാനുമാകുന്നു.

സച്ചരിതരായ മുൻഗാമിക ൾ സൽകർമ്മങ്ങൾ പൂർണ്ണമാ ക്കുന്നതിലും മെച്ചപ്പെടുത്തുന്ന തിലും പരിശ്രമിക്കുകയും പി ന്നീട് അത് സ്വീകരിക്കപ്പെടുന്ന തിന്നായി ശ്രദ്ധിക്കുകയും ചെ യ്യുമായിരുന്നു. അത് സ്വീകരി ക്കാതിരിക്കുന്നത് ഭയപ്പെടുക യും ചെയ്യുമായിരുന്നു.

അല്ലാഹു പറയുന്നു : (يُؤْتُونَ مَا آتَوْا وَقُلُوبُهُمْ وَجِلَةٌ) (المؤمنون: ٦٠)

അവരുടെ മനസ്സിൽ ഭയ മുള്ളതോടുകൂടി അവർ ദാനം ചെയ്യുന്നവരാണ്. (മുഅ്മിനൂൻ: 60)

സൽകർമ്മങ്ങൾ തുടർന്നു ചെയ്യുക എന്നത് കർമ്മങ്ങൾ സ്വീകരിച്ചുവെന്നതിന്റെ ലക്ഷ ണമാണ്. കർമ്മങ്ങൾക്ക്ശേഷം തിന്മകളിൽ മുഴുകുന്നത് അവ സ്വീകരിച്ചിട്ടില്ലാ എന്നതിന്റേ യും ലക്ഷണമാകുന്നു.

ഇങ്ങനെ വിശ്വാസികൾ അല്ലാഹുവിന്റെ തൃപ്തിയും ദാ നവും നേടുന്നതിന്നായി ഒരു നന്മയിൽ നിന്ന് മറ്റൊരു ന ന്മയിലേക്കും ഒരു പുണ്യകാല ത്തു നിന്നും മറ്റൊരു പുണ്യ കാലത്തിലേക്കും കുതിച്ചുകൊ ണ്ടിരിക്കും. എന്നാൽ ഇതിനേ ക്കാളെല്ലാം ഏറെ അൽഭുത കരമായിട്ടുള്ളത് അല്ലാഹു ഇത ല്ലാതെ വേറേയും വിഷമമോ പ്രയാസമോ ഇല്ലാത്ത പലതര ത്തിലുള്ള മഹത്തായ മാർഗ്ഗ ങ്ങളും വഴികളും ഒരുക്കിവെ ച്ചിരിക്കുന്നുവെന്നതാണ്. അതി ന് തന്റെ കുടുംബത്തിൽനിന്ന് മറയുകയോ പ്രദേശത്തെവിട്ടു പിരിയുകയോ സമ്പത്ത് മുട ക്കുകയോ ചെയ്യേണ്ടതില്ല. മ റിച്ച് അത് എളുപ്പവും വളരെ അടുത്തതുമാകുന്നു. അഥവാ അല്ലാഹുവിനെ സ്മരിക്കുക യും, അവനെ വാഴ്ത്തുകയും പുകഴ്ത്തുകയും അവന്റെ ഏ കത്വമടങ്ങുന്ന വചനം ഉരുവി ടുകയും ചെയ്യലാണത്. നബി ﷺ യുടെ വചനം ശ്രവിക്കൂ.

مَنْ قَالَ سُبْحَانَ اللَّهِ وَبِحَمْدِهِ فِي يَوْمٍ مِائَةَ مَرَّةٍ حُطَّتْ خَطَايَاهُ وَلَوْ كَانَتْ مِثْلَ زَبَدِ الْبَحْرِ

ആരെങ്കിലും സുബ്ഹാന ല്ലാഹി വബിഹംദിഹി എന്ന് ഒ രു ദിവസം നൂറ് പ്രാവശ്യം ചൊല്ലിയാൽ കടലിലെ നുരക ളത്ര പാപങ്ങളുണ്ടെങ്കിലും അ ത് മായ്ക്കപ്പെടും. ( ബു 5926 മു 4857 )

അബൂഹുറൈറﷺ നിവേദ നം അദ്ദേഹം പറഞ്ഞു : ഞാ നൊരു മരം നട്ടുകൊണ്ടിരി ക്കെ നബി ﷺ എന്റെയടുക്ക ലൂടെ കടന്നുപോയി. തിരുമേ നി ചോദിച്ചു അബൂഹുറൈറ നിങ്ങൾ എന്താണ് നടുന്നത് ? ഒരു മരം നടുകയാണെന്ന് ഞാ ൻ മറുപടി പറഞ്ഞു. തിരുമേനി ഇതിനേക്കാൾ നല്ലൊരു മര ത്തെക്കുറിച്ച് ഞാൻ

അറിയിച്ചു തരട്ടെ. അബൂഹുറൈറ :അതെ, തിരുമേനിﷺ "സുബ്ഹാനല്ലാ ഹി വൽഹംദുലില്ലാഹി വ ലാഇലാഹ ഇല്ലല്ലാഹു വല്ലാഹു അക്ബർ" എന്ന് ഒരോ പ്രാവ ശ്യം ചൊല്ലുന്നതിനും സ്വർഗ ത്തിൽ നിനക്ക് ഒരു വൃക്ഷം നടുന്നതാകുന്നു. ( ജ : 3807 )[58]

## അതിശ്രേഷ്ഠ ദിനങ്ങൾ

ഇഹലോകത്തിലെ ദിവസ ങ്ങളിൽവെച്ച് ഏറ്റവും ശ്രേഷ്ട മാണിത്. നാമെന്താണതിന് ഒരു ക്കിയിട്ടുള്ളത് ?

മാന്യ സഹോദരാ,

താങ്കൾ ഈ ഗ്രന്ഥം വായി ക്കുന്നതോടെ ഈ പുണ്യദിന ങ്ങളുടെ മഹത്വങ്ങൾ അറിഞ്ഞ് പ്രവർത്തിക്കാൻ നിങ്ങൾക്ക് ക ഴിയുന്നതാണ്.

വളരെ കുറച്ചു ദിവസ ങ്ങൾ മാത്രമാണിത്. പക്ഷെ അ തിലെ പ്രതിഫലങ്ങൾ മഹത്ത രവുമാണ്. ഈ സുവർണ്ണാവ സരം പാഴാക്കാതെ ഉപയോഗ പ്പെടുത്തുക.



[58] رواه ابن ماجه برقم ٣٨٠٧، وصححه الألباني في السنن

## ആരാധനയിലെ ആനന്ദം

താബിഉകളിലൊരാളായ വഹബ്ബ്നുമുനബ്ബിഹ് ﷺ പറയുകയുണ്ടായി : ആരാധനയല്ലാത്ത മറ്റെല്ലാത്തിനും ഒരേയൊരു ആനന്ദം മാത്രമേയൊള്ളൂ. ആ രാധനക്ക് മൂന്ന് ആനന്ദങ്ങളും.

- ആരാധനയിലായിരിക്കു മ്പോൾ
- അതിനെക്കുറിച്ച് അയവിറ ക്കുമ്പോൾ
- അതിന്റെ പ്രതിഫലം നൽ കപ്പെടുമ്പോൾ

മാന്യ വായനക്കാ രാ.. ആരാധനയുടെ സ്വാധീനം ഇത്രയും മഹത്തരമാണെങ്കിൽ പിന്നെന്തുകൊ ണ്ടാണ് കൂടുതൽ ആസ്വാദനത്തിന്നായി നാം മു ന്നോട്ടു വരാതിരിക്കുന്നത് ?

## പുണ്യ ദിനങ്ങൾ വരവായി..

സജ്ജനങ്ങൾക്ക് സൽക ർമങ്ങൾ വർദ്ധിപ്പിക്കുന്നതിന്നായി വർഷത്തിൽ ആവർ ത്തിച്ച് വരുന്ന ദിവസങ്ങൾ നി ശ്ചയിച്ചിരിക്കുന്നുവെന്നത് അ ല്ലാഹുവിന്റെ ഔദാര്യത്തിൽ പ്പെട്ടതാകുന്നു. ഈ പുണ്യ ദി നങ്ങളിൽ തങ്ങളുടെ ഉടമ സ്ഥനും രക്ഷിതാവുമായ അ ല്ലാഹുവിലേക്കടുപ്പിക്കുന്നതായ കർമ്മങ്ങളിൽ അവർ മൽ സരിക്കുന്നു. ഇത്തരം പുണ്യ ങ്ങളിൽപെട്ടതാണ്

ഇഹലോക ത്തെ ദിവസങ്ങളിൽ ഏറ്റവും ഉത്തമമായ ദുൽഹജ്ജ് മാസ ത്തിലെ ആദ്യത്തെ പത്തു ദി വസങ്ങൾ.

ഇത്രയും മഹത്വമേറിയതാ യിട്ടും ഈ ദിവസളിൽ ജനൾ അശ്രദ്ധരാകുന്നതായി കാണു ന്നു. അത് പൊതുവെ ഇഹ ലോകത്തിൽവെച്ചുതന്നെ ഏറ്റ വും ശ്രേഷ്ടമായ ദിവസങ്ങ ളാണ്. അതിലെ നിമിഷങ്ങളും, മണിക്കൂറുകളും ദിനങ്ങളുമെ ല്ലാം അല്ലാഹുവിലേക്ക് ഏറ്റ വും പ്രിയപ്പെട്ടതാകുന്നു. അതി ലെ കർമ്മൾ മറ്റു ദിവസളിലെ കർമ്മങ്ങളേക്കാൾ അല്ലാഹുവി ന് ഏറ്റവും പ്രിയപ്പെട്ടതും.

ആകയാൽ എത്രയും പെ ട്ടെന്ന് ഈ പുണ്യദിനൾ നിങ്ങ ൾക്ക് ഫലപ്രദമാകാൻ മുന്നോ ട്ടുവരിക. താങ്കൾക്ക് കാര്യങ്ങ ൾ എളുപ്പമാകുന്നതിന്നായി ഞ ങ്ങൾ ഈ ഗ്രന്ഥം (പുണ്യദിന ങ്ങൾ) തയ്യാറാക്കിയിരിക്കുന്നു. ഈ പുണ്യദിനങ്ങളുമായി ബ ന്ധപ്പെട്ട ഒന്നും ഞങ്ങൾ ഒഴി വാക്കിയിട്ടില്ല. താങ്കൾ ഇത് വാ യ്ക്കുകയും ജീവിതത്തിൽ പ കർത്താൻ ശ്രമിക്കുകയും ചെ യ്യുക. അല്ലാഹു നമുക്കേവർ ക്കും എല്ലാവിധ നന്മകളും നേ ടുവാൻ തൗഫീക്ക് നൽകട്ടെ. ആമീൻ.

## സമാപ്തം

ഹേ മുസ്ലിം, ഈ പുണ്യ ദിനങ്ങളിൽ നിർവ്വഹിക്കേണ്ട ചില സൽകർമ്മങ്ങളാണിവ. ഈ ദിവ സങ്ങളുടേയും അതിലെ സൽ കർമ്മങ്ങളുടേയും ശ്രേഷ്ടത മറ്റു ദിവസങ്ങളിൽ അല്ലാഹുവിന്റെ മാ ർഗ്ഗത്തിൽ ജിഹാദ് ചെയ്യുന്നതി നേക്കാൾ – എന്നാൽ ഹദീസിൽ വന്ന പ്രകാരം ഒരാൾ സ്വശരീര വും സമ്പത്തുമായി പുറപ്പെടുക യും അവയിൽ നിന്ന് ഒന്നും അ ദ്ദേഹം തിരിച്ചു കൊണ്ടുവരാതെ രക്തസാക്ഷിയായാലൊഴികെ – ഉ യർന്നതായിട്ടും അധികമാളുകളും ഇത് വിലയിരുത്തുകയോ ഗൗനി ക്കുകയോ ചെയ്യുന്നില്ല എന്നത് ഖേദകരമാണ്.

അതിനാൽ ഓരോ മുസ് ലിം സഹോദരീ സഹോദരന്മാരും ഇ തിനെ സ്വീകരിക്കുന്നതിനു വേ ണ്ടി പശ്ചാതാപത്തോടെ തയാ റാകേണ്ടതും അല്ലാഹു ഈ ദിന ങ്ങളെ ആദരിച്ച തുപോലെ ആദ രിക്കേണ്ടതുമാകുന്നു. അപ്ര കാ രം അല്ലാഹുവിനെ വഴിപ്പെടുന്ന തായ കർമ്മങ്ങളിലും, നന്മകളിൽ കിടമൽസരം നടത്തിയും ഇവ യെ സ്വീകരിക്കേണ്ടതാകുന്നു. ഈ ദിനരാത്രികളിൽ പുണ്യങ്ങൾ ചെയ്തു കൊണ്ട് ഈ വർഷ ത്തോട് നാം വിട പറയുന്നത് എ ത്ര നന്നായിരിക്കും. കഴിഞ്ഞു പോയ തെറ്റുകുറ്റങ്ങളെ അത് മായ്ചുകളഞ്ഞേക്കാം.

ഈ ലഘുകൃതി വായിക്കു ന്ന ബഹുമാന്യനായ സഹോദരാ, ഇതിനു വേണ്ടി പ്രയത്നിച്ച വർക്ക് വേണ്ടി പ്രാർത്ഥിക്കാൻ മ റന്നു പോകരുതെന്ന് അഭ്യർത്ഥി ക്കുന്നു. വീഴ്ചകളോ അബദ്ധ ങ്ങളോ ശ്രദ്ധയിൽപ്പെടുന്നു വെ ിൽ സഹോദരബുദ്ധ്യാ ശ്രദ്ധ ിൽപ്പെടുത്തുന്ന വർക്ക് പ്രാർ ത്ഥനയും നന്ദിയുമുണ്ടാകും.

നിങ്ങളുടെ വിലപ്പെട്ട ചിന്ത കളും അഭിപ്രായങ്ങളും ഉപദേശ ങ്ങളും പ്രതീക്ഷിക്കുന്നു.

നമ്മുടെ ഹൃദയങ്ങളും പ്രവ ർത്തനങ്ങളും നന്നാക്കുന്നതി ന്നും, നമ്മെ അവന്റെ നല്ല അടി

യാറുകളിലുൾപ്പെടുത്തുന്നതിനും നമുക്ക് അല്ലാഹുവിനോട് തേടാം. അവൻ എല്ലാം കേൾക്കുന്നവനും പ്രാർത്ഥനക്കുത്തരം നൽകുന്നവ നുമാകുന്നു.

وصلى الله على نبينا محمد وآله وصحبه وسلم

# വിഷയ വിവരം


| ന: | വിഷയം | പേജ് |
|---|---|---|
| 1 | മുഖവുര | 2 |
| 2 | സന്ദർഭങ്ങൾ ഉപയോഗപ്പെടുത്തുക | 6 |
| 3 | ദുൽഹജ്ജിലെ പത്തു ദിവസങ്ങൾ | 8 |
| 4 | എന്തിന് അലസത കാണിക്കണം ? | 16 |
| 5 | ഏറ്റവും ശ്രേഷ്ടമായതേത് ? | 19 |
| 6 | ദുൽഹജ്ജ് പത്തിലെ കൃത്യങ്ങൾ | 21 |
| 7 | തക്ബീറുകൾ രണ്ടു വിധം | 24 |
| 8 | ഹജ്ജും ഉംറയും നിർവ്വഹിക്കുക. | 27 |
| 9 | നമസ്കാരങ്ങൾ സൂക്ഷ്മതയോടെ നിർവ്വഹിക്കുക. | 32 |
| 10 | ഖുർആൻ ധാരാളം പാരായണം ചെയ്യുക. | 36 |
| 11 | അറഫാ ദിനം | 39 |
| 12 | മുൻഗാമികൾ അറഫയിൽ നിന്നിരുന്നതെങ്ങിനെ | 45 |
| 13 | സ്ത്രീകളുടെ പങ്ക് | 50 |
| 14 | സ്ത്രീയും ബലികർമ്മവും | 52 |
| 15 | സ്ത്രീയും പെരുന്നാളും | 53 |
| 16 | ഉദ്ഹിയ്യത്ത് | 54 |
| 17 | ബലിയുടെ നിബന്ധനകൾ | 59 |
| 18 | വെറുക്കപ്പെട്ടവ | 63 |

| | | |
|---|---|---|
| 19 | ബലിയറുക്കുന്ന വ്യക്തി അറിഞ്ഞിരിക്കേണ്ട മര്യാദകൾ | 64 |
| 20 | ബലിയുടെ സമയം | 68 |
| 21 | ബലിമൃഗത്തിനോട് കരുണ കാണിക്കുക. | 71 |
| 22 | വിതരണം ചെയ്യേണ്ട രീതി | 73 |
| 23 | പെരുന്നാൾ ദിവസങ്ങൾ | 78 |
| 24 | ഈദാശംസ | 78 |
| 25 | പാലിക്കേണ്ട നിയമങ്ങൾ | 80 |
| 26 | പെരുന്നാൾ ദിവസത്തിലെ ആരാധനകൾ | 82 |
| 27 | പെരുന്നാൾ നമസ്കാരം | 86 |
| 28 | പെരുന്നാൾ ദിനത്തിൽ പാലിക്കേണ്ട മര്യാദകൾ | 87 |
| 29 | പെരുന്നാൾ ദിനത്തിലെ അബദ്ധങ്ങൾ | 93 |
| 30 | അയ്യാമുത്തശ്‌രീഖ് | 95 |
| 31 | ദുൽഹജ്ജ് പത്തിന് ശേഷം എന്ത് ? | 100 |
| 32 | അതിശ്രേഷ്ഠ ദിനങ്ങൾ | 106 |
| 33 | ആരാധനയിലെ ആനന്ദം | 107 |
| 34 | പുണ്യ ദിനങ്ങൾ വരവായി. | 107 |
| 35 | സമാപ്തം | 109 |
| 36 | വിഷയ വിവരം | 111 |